# പൗരസ്ത്യ ഓർത്തഡോക്സ്
# സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

# വിശുദ്ധ കുർബാന
# ഒരു പഠനം

## (ഉപപാഠപുസ്തകം)

## ക്ലാസ്സ് XI

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-686 004
ossaebodhanam.org

**VISHUDHA QURBANA - ORU PADANAM**
An OSSAE Publication
Non-detailed Text Book for Standard XI
Seventh Edition: January 2023
Copies: 5,000
Printed at Catholicate Press, Kottayam.
Price: ₹ 40.00

# ആമുഖം

സൺഡേസ്കൂൾ പതിനൊന്നാം ക്ലാസ്സിലെ വേദപഠന കോഴ്സിനുവേണ്ടി തയ്യാറാക്കിയ ഉപപാഠപുസ്തകമാണ് 'വി. കുർബാന ഒരു പഠനം' എന്ന ഈ ഗ്രന്ഥം. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനം സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ നാലാം ക്ലാസ് മുതൽ ആരംഭിക്കുന്നു. വിശുദ്ധ കുർബാനയുടെ രൂപീകരണം മുതൽ ഇന്നുവരെയുള്ള അതിന്റെ വികാസത്തെ സംബന്ധിച്ച് സമഗ്രമായ ഒരു വിവരണം ഈ പാഠപുസ്തകം നൽകുന്നു. സംക്ഷിപ്തമെങ്കിലും സമഗ്രമായ ഈ ഗ്രന്ഥത്തിന്റെ രചയിതാവ് ഒ.എസ്.എസ്.എ.ഇ.യുടെ മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. റെജി മാത്യൂസ് അച്ചനാണ്.

വിശുദ്ധ കുർബാന ഒരു രഹസ്യമാണ്. അത് നമ്മിലേക്ക് ദൈവിക ജീവൻ പകരുന്നു. 'കൂദാശകളുടെ കൂദാശ' എന്ന് അറിയപ്പെടുന്ന വിശുദ്ധ കുർബാന മറ്റു കൂദാശകളെ പൂർത്തീകരിക്കുന്നു. രക്ഷണ്യ പ്രവർത്തനത്തിന്റെ മഹനീയത ഇതിൽ ഉൾക്കൊള്ളുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ആനന്ദകരമായ കൂട്ടായ്മ ഇതിലൂടെ നമുക്കു ലഭ്യമാകുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ എന്ന ആത്മീയ പോഷണത്താൽ പുഷ്ടിപ്പെടുകയും അതുവഴി പരിശുദ്ധ ത്രിത്വത്തോടും കാതോലികവും ഏകവും അപ്പോസ്തോലികവും വിശുദ്ധവുമായ സഭയോടും ഉൾചേരുകയും ചെയ്യാൻ വിശുദ്ധ കുർബാന വഴി ഇടയാകുന്നു. ഈ ദിവ്യരഹസ്യത്തെ മനസ്സിലാക്കിയ സഭാപിതാക്കന്മാർ തലമുറകളിലേക്ക് പങ്കുവച്ചു.

സൺഡേസ്കൂൾ കരിക്കുലത്തിൽ ഈ പാഠപുസ്തകം ഉൾക്കൊള്ളിച്ചിരിക്കുന്നത് അക്കാദമികമായ താൽപര്യങ്ങളോടെയാണ്. എന്നാൽ അതിലുപരിയായി കുട്ടികളുടെ ആത്മീയ വളർച്ചയാണ് ലക്ഷ്യമാക്കുന്നത്. വിശുദ്ധ കുർബാനയുടെ ആത്മീയ അർത്ഥത്തെ മനസ്സിലാക്കി അതിൽ അർത്ഥവത്തായി സംബന്ധിക്കുക എന്നതാണ് ഈ പാഠപുസ്തകത്തിന്റെ ഉദ്ദേശ്യം. ദൈവികമായ ജ്ഞാനം അർത്ഥവത്തായ പങ്കാളിത്തത്തിലൂടെ നേടി ദൈവരാജ്യ പ്രവേശനം സാധ്യമാക്കാൻ ഈ പഠനം കുട്ടികളെ സഹായിക്കും എന്നു പ്രത്യാശിക്കുന്നു.

വിശുദ്ധ കുർബാനയിലുള്ള അർത്ഥവത്തായ പങ്കാളിത്തവും കൂട്ടായ്മയും ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഉത്തമ അംഗങ്ങളാകാൻ നമ്മെ സഹായിക്കുന്നു. വരുവാനുള്ള ലോകത്തിൽ നാം പ്രാപിക്കുവാൻ ഇരിക്കുന്ന ദൈവരാജ്യത്തിന്റെ ഐക്യവും വിശുദ്ധിയും അനുഭവിക്കുവാൻ ഈ ചരിത്രലോകത്തിലും ഈ കൂദാശയിലെ സജീവ പങ്കാളിത്തം നമ്മെ സഹായിക്കുന്നു. വിശുദ്ധ കുർബാനയിൽ തെളിമയോടും വിശുദ്ധിയോടും പങ്കെടുക്കുവാൻ ഈ പുസ്തകം നമ്മെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ, OSSAE

# ഉള്ളടക്കം

വി. കുർബ്ബാനയുടെ യഹൂദ പശ്ചാത്തലം ........................................ 5

വി. കുർബ്ബാനയുടെ സ്ഥാപനം ........................................ 12

വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ ........................................ 19

വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ: (തുടർച്ച) ........................................ 23

വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ: തുടർച്ച ........................................ 28

വി. കുർബ്ബാന ചരിത്രത്തിലൂടെ ........................................ 36

വി. കുർബ്ബാന തക്സായും വി. കുർബ്ബാനക്രമവും ........................................ 41

വി. കുർബ്ബാനയിൽ വേദപുസ്തകത്തിന്റെ സ്ഥാനം ........................................ 48

വി. കുർബ്ബാനയും എക്യുമിനിസവും ........................................ 52

വി. കുർബ്ബാനയുടെ വേദശാസ്ത്രം ........................................ 59

### അദ്ധ്യായം ഒന്ന്

# വി. കുർബ്ബാനയുടെ യഹൂദ പശ്ചാത്തലം

ക്രിസ്തീയ മതത്തിന്റെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളുമെല്ലാം യഹൂദമതത്തിന്റെ പശ്ചാത്തലത്തിലാണ് രൂപം പ്രാപിച്ചത്. ശ്രദ്ധയോടുകൂടി പഴയനിയമവും പുതിയനിയമവും വായിച്ചാൽ ഇതു വ്യക്തമായി മനസ്സിലാക്കാം. ദൈവം തിരഞ്ഞെടുത്ത ഒരു ജനത എങ്ങനെയാണ് തന്നിലുള്ള വിശ്വാസം നിലനിർത്തിയതെന്നും ദൈവത്തെ അവർ എപ്രകാരം ആരാധിച്ചിരുന്നുവെന്നും പരിശോധിച്ചെങ്കിൽ മാത്രമേ ക്രിസ്തുവിലൂടെ രക്ഷയുടെ അനുഭവത്തിലേക്കു വന്ന 'പുതിയ യിസ്രായേലി'ന്റെ വിശ്വാസവും ആരാധനയും വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കൂ. മശിഹായുടെ വരവിന്റെ അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളുവാൻ പഴയനിയമത്തിൽ മശിഹായെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ ഗ്രഹിക്കണമെന്നു പറയുന്നതുപോലെയുള്ള ഒരു യാഥാർത്ഥ്യമാണിത്. യിസ്രായേൽക്കാരുടെ ആരാധനാസമ്പ്രദായത്തിന്റെ വളർച്ചയിൽ മൂന്നു ഘട്ടങ്ങൾ ഉണ്ടായിരുന്നു.

**1. ആരാധനയുടെ പ്രാരംഭകാലം**

മനുഷ്യസൃഷ്ടിയുടെ പ്രാരംഭകാലം മുതൽതന്നെ സ്രഷ്ടാവായ ദൈവത്തിന് സ്തോത്രമർപ്പിക്കുകയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുന്ന രീതിയുണ്ടായിരുന്നു. കാഴ്ചകളുടെ അളവിനെയും ഗുണനിലവാരത്തെക്കാളുപരി, കാഴ്ചയർപ്പിക്കുന്നയാളിന്റെ ധാർമ്മികതയും മനോഭാവവും സുപ്രധാനമാണ് എന്നുള്ളത് ഹാബേലിന്റെ കാഴ്ചസമർപ്പണത്തിൽ തന്നെ വ്യക്തമാകുന്നു (ഉൽപ്പ. 4:1-7). തന്നെ വഴിനടത്തുന്ന ദൈവം അനുഗ്രഹിക്കുന്നുവെങ്കിൽ ദീർഘകാലമായി താൻ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം ദാനമായി നൽകിയ മകനെപ്പോലും ദൈവത്തിന് യാഗമായി സമർപ്പിക്കുവാൻ തയ്യാറാകുന്ന വിശ്വാസികളുടെ പിതാവായ അബ്രഹാമിനെയും നാം കാണുന്നു (ഉൽപ്പ. 22:9-14).

ദൈവദർശനങ്ങളും ദൈവാനുഭവങ്ങളുമുണ്ടാകുന്ന സ്ഥലങ്ങളിൽവച്ചുതന്നെ യഹോവയെ ആരാധിക്കുവാൻ യിസ്രായേൽക്കാർ എന്നും ശ്രദ്ധിച്ചിരുന്നു (ഉൽപ്പ. 28:18; യോശുവാ. 4:8-10). അവരുടെ

ആരാധനാജീവിതത്തിൽ മൂന്നു പ്രധാന പെരുന്നാളുകളാണ് ഉണ്ടായിരുന്നത്. ഇവ പെസഹാ പെരുന്നാൾ (Passover) (പുറ. 12:21–27; ലേവ്യ 23:4–8), കൂടാരപെരുന്നാൾ (Feast of Booths) (ലേവ്യ 23:40–43), പെന്തിക്കോസ്തി പെരുന്നാൾ (Feast of Pentecost) (ലേവ്യ 23:15–21) എന്നിവയായിരുന്നു. ഇവ കൂടാതെ പുരിം (Purim) (എസ്ഥേർ 9:25–30), പ്രതിഷ്ഠാപെരുന്നാൾ (Feast of Dedication) (യോഹ. 10:22; 1 മക്കാബിയർ 4:53–56), വിറകുപെരുന്നാൾ (Feast of Wood Offering) (നെഹ. 10:34), കാഹളനാദോത്സവം (Feast of Trumpets) (ലേവ്യ 23:23–25) എന്നീ ചെറിയ പെരുന്നാളുകളും ഉണ്ടായിരുന്നു. ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയുടെ ലക്ഷണമായി ആൺമക്കൾ പരിച്ഛേദനയേൽക്കുന്ന പതിവ് ഉണ്ടായി (ഉൽപ്പ. 17:10–27).

യിസ്രായേൽക്കാരുടെ മരുഭൂയാത്രയുടെ കാലത്താണ് അവരുടെ ആരാധന കുറെക്കൂടി ചിട്ടയായി ക്രോഡീകരിക്കപ്പെട്ടത്. ദൈവം മോശ മുഖാന്തിരം അവർക്ക് പത്തുകൽപ്പനകൾ നൽകി (പുറ. 20:1–17). അവരുടെയിടയിൽ ദിനംതോറുമുള്ള വഴിപാടുകളും (സംഖ്യ. 28:1–8) ശാബതിന്റെ ആചരണവും (സംഖ്യ. 28:9–10) സുപ്രധാനങ്ങളായ മൂന്ന് പെരുന്നാളുകളും ഇക്കാലത്ത് രൂപപ്പെട്ടു. യഹോവയെ ആരാധിക്കുവാൻ ഒരു സമാഗമനകൂടാരം ഉണ്ടാക്കിയ മോശ അതിൽ യാഗപീഠവും, കാഴ്ചയപ്പത്തിന്റെ മേശയും, നിലവിളക്കും, മേൽത്തരമായ തുണികൾകൊണ്ടു നെയ്ത തിരുനിവാസവും തയ്യാറാക്കി (പുറ. 25–27). ആരാധനയ്ക്കു നേതൃത്വം നൽകുവാൻ അഹരോനെപ്പോലെയുള്ള പുരോഹിതന്മാരെയും (സംഖ്യ 17:1–11) അവരെ സഹായിക്കുവാൻ ലേവ്യരെയും തിരഞ്ഞെടുത്തു.

ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിമാറി കൂടാരമടിച്ച യിസ്രായേൽക്കാർ ദൈവം തങ്ങൾക്ക് കാലാകാലങ്ങളിൽ നൽകിയ കൃപകളുടെ സ്മാരകമായി ഖദിരമരംകൊണ്ട് (Acacia wood) ഒരു സാക്ഷ്യപെട്ടകം ഉണ്ടാക്കുകയും (പുറ. 25:10–22) അതു തങ്ങൾ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം കൊണ്ടുപോകുകയും ചെയ്തു. ഒരുതരത്തിൽ പറഞ്ഞാൽ മാറിമാറി കൂടാരമടിച്ചു ജീവിച്ച (nomadic life) യിസ്രായേൽക്കാരുടെ ഒരു പോർട്ടബിൾ ത്രോണോസായി (Portable Throne) ഇതിനെ കരുതാം. ഇതിന്റെ മുകളിലെ സ്വർണ്ണതട്ടിന്റെ പേര് "കൃപാസനം" (mercy seat) എന്നായിരുന്നു. ഇരുവശങ്ങളിലായി ചിറകുവിടർത്തി നിൽക്കുന്ന കെരൂബുകളെ സ്ഥാപിച്ചു. അവയുടെ നടുവിലാണ് കുഞ്ഞാടിന്റെ രക്തമൊഴിച്ചു യിസ്രായേൽക്കാർ ദൈവമുമ്പാകെ യാഗമർപ്പിച്ചത്. നിയമപെട്ടകത്തിനുള്ളിൽ മന്നാ

ഇട്ടുവച്ച പൊൻപാത്രം, അഹരോന്റെ തളിർത്തവടി, പത്തുകൽപ്പന കൾ ആലേഖനം ചെയ്ത കൽപലകകൾ എന്നിവ ഉണ്ടായിരുന്നു (എബ്രാ. 9:1-5). ഇക്കാലത്തെ യിസ്രായേൽക്കാരുടെ ജീവിതത്തിൽ പതിനഞ്ചോളം യാഗങ്ങൾ നിലവിലിരുന്നു (ലേവ്യ 1-5; സംഖ്യ 15; ആവ. 16). ഇവയിൽ ഹോമയാഗം (ലേവ്യ 1), സമാധാനയാഗം (ലേവ്യ 3:1-11), പാപയാഗം (ലേവ്യ 4:1-5), ഭോജനയാഗം (ലേവ്യ 6:7-11), പാനീയയാഗം (സംഖ്യ 15:1-10) എന്നിവ ആഘോഷപൂർവ്വം ആചരിച്ചിരുന്നു.

## 2. യറുശലേം ദേവാലയത്തിലെ ആരാധന

സ്ഥലം മാറിമാറിയുള്ള തങ്ങളുടെ ജീവിതമവസാനിച്ച് യിസ്രാ യേൽക്കാർ കനാൻ ദേശത്തു താമസമുറപ്പിച്ചപ്പോൾ അവരുടെ ആരാധനാജീവിതത്തിലും മാറ്റങ്ങൾ സംഭവിച്ചു. യിസ്രായേൽ ഒരു രാജ്യമായി വളർന്നുകഴിയുകയും ദാവീദിനെയും ശലോമോനെയും പോലുള്ള ദൈവസാന്നിധ്യബോധമുണ്ടായിരുന്ന പ്രഗത്ഭ രാജാക്ക ന്മാർ അവരെ ഭരിക്കുകയും ചെയ്തപ്പോൾ അവർക്ക് ഒരു ദൈവാ ലയം തന്നെ ഉണ്ടായി. ദൈവാലയം പണിയുവാൻ ആഗ്രഹിച്ചത് ദാവീദാണെങ്കിലും അതിനുള്ള നിയോഗം അദ്ദേഹത്തിന്റെ മകനായ ശലോമോനാണ് ലഭിച്ചത്. ലോകത്തിലെ വിശിഷ്ടവസ്തുക്കൾ കൊണ്ട് നിർമ്മിച്ച യറുശലേം ദേവാലയത്തിന്റെ പ്രതിഷ്ഠയുടെ സമയം ശലോമോൻ നടത്തുന്ന പ്രാർത്ഥനയിലൂടെ ദൈവാലയ ത്തിന്റെ സ്ഥാപനോദ്ദേശങ്ങൾ വ്യക്തമാക്കുന്നു (1 രാജാ. 8:12-53). അന്നു വന്നുകൂടിയ ജനത്തിന് വലിയൊരു സദ്യയും നൽകി; ഇരു പത്തീരായിരം കാളകളെയും, ഒരു ലക്ഷത്തിഇരുപതിനായിരം ആടു കളെയും ആണ് പ്രതിഷ്ഠാപെരുന്നാളിൽ യാഗം കഴിച്ചത് (2ദിന. 7:4-6).

യറുശലേം ദേവാലയത്തിൽ ദിനംതോറുമുള്ള ധൂപാർപ്പണവും, യാഗങ്ങളും ആണ്ടിലൊരിക്കലുള്ള പാപപരിഹാരയാഗവും വിധി പ്രകാരം നടന്നുവന്നു. ദിനംതോറുമുള്ള യാഗങ്ങൾക്കും, ധൂപാർപ്പ ണങ്ങൾക്കും പുരോഹിതന്മാരും ലേവ്യരും നേതൃത്വം നൽകി; എന്നാൽ പാപപരിഹാരയാഗം മഹാപുരോഹിതന്റെ മാത്രം അവ കാശമായിരുന്നു (ലേവ്യ 16:12-13). ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് മേശയിൽ രണ്ടു നിരയായി പന്ത്രണ്ട് അപ്പങ്ങൾ ധൂപ വർഗ്ഗത്തോടുകൂടി വച്ചിരുന്നു (ലേവ്യ 24:5-9). ഇതിന് 'കാഴ്ചയപ്പം' എന്നു പേരായിരുന്നു. ഓരോ ശാബതിലും ഇവയെ മാറ്റി പുതിയവ വയ്ക്കുകയും ഈ പന്ത്രണ്ട് അപ്പങ്ങളിലൂടെ യഹോവയായ ദൈവം

യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് നൽകിയ ഉടമ്പടി നിത്യം അനുസ്മരിക്കുകയും ചെയ്തുവന്നു.

### 3. സുന്നഗോഗിലെ ആരാധന

BC 586-ൽ ബാബിലോൺ സാമ്രാജ്യം യിസ്രായേൽ രാജ്യം പിടിച്ചടക്കുകയും യറുശലേം നഗരത്തെയും ദൈവാലയത്തെയും നശിപ്പിക്കുകയും ചെയ്തതുമുതൽ യിസ്രായേൽക്കാരുടെ ആരാധനാസമ്പ്രദായത്തിൽ സാരമായ മാറ്റങ്ങൾ വന്നുതുടങ്ങി. ഇതിന്റെ പ്രധാന കാരണം യറുശലേം ദേവാലയം നശിച്ചുവെന്നതു മാത്രമല്ല, യിസ്രായേലിലെ ആരോഗ്യമുള്ളവരെയെല്ലാം ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോയി എന്നതായിരുന്നു. പരദേശത്ത് എത്തിയപ്പോൾ അവർക്ക് ദൈവാലയവും, പുരോഹിതന്മാരും, യാഗങ്ങളുമൊക്കെ അന്യമായിത്തീർന്നു. തങ്ങളുടെ ജന്മദേശത്തെ സംസ്കാരവും പൈതൃകവും ഇളംതലമുറകൾക്ക് മനസ്സിലായതേയില്ല. യിസ്രായേലിലെ പ്രവാചകന്മാരായ യെഹസ്ക്കേലിനെപ്പോലെയുള്ളവരുടെ ഭവനങ്ങളിൽ വിശ്വാസികൾ ഒരുമിച്ചുകൂടിയിരുന്നു (യെഹ. 8:1; 20:1-3). ക്രമേണ 'സുന്നഗോഗുകൾ' അഥവാ 'സംഘാലയങ്ങൾ' എന്ന പേരിൽ പ്രാർത്ഥനാഭവനങ്ങൾ അവിടവിടെയായി രൂപംപ്രാപിച്ചു.

യിസ്രായേൽക്കാരുടെ ചരിത്രത്തിൽ ആദ്യമായാണ് 'ഒന്നിലധികം ആരാധനാലയങ്ങൾ' എന്ന സങ്കല്പം തന്നെ രൂപംപ്രാപിച്ചത്. പുതിയനിയമകാലമായപ്പോഴേയ്ക്കും ഗലീലയിൽതന്നെ ഒന്നിലധികം സുന്നഗോഗുകൾ ഉണ്ടായിരുന്നു. ഓരോ സുന്നഗോഗിനും ഒരു 'പള്ളിപ്രമാണി'യാണ് ചുമതല വഹിച്ചത് (അപ്പോ.പ്ര. 13:15). സുന്നഗോഗ് ആരാധനയിൽ പ്രധാനമായും സങ്കീർത്തനാലാപനം, തിരുവചനവായന, പ്രസംഗം, പൊതുപ്രാർത്ഥനകൾ എന്നിവ നടന്നുവന്നു. ഇക്കാലത്ത് രൂപംപ്രാപിച്ച 'ഷെമോനെ എസ്രേ' എന്ന പതിനെട്ടു ആശീർവാദങ്ങൾ പിൽക്കാലത്തെ ആരാധനയിൽ സാരമായ സ്വാധീനം ചെലുത്തി. സുന്നഗോഗ് ആരാധനയിൽ ധർമ്മശേഖരവും (offertory) ഉണ്ടായിരുന്നു.

ചുരുക്കത്തിൽ, യിസ്രായേൽക്കാരുടെ ആരാധനാ പാരമ്പര്യത്തിലെ മൂന്നു ഘട്ടങ്ങളിലുംകൂടി രൂപംപ്രാപിച്ച ഒരു പശ്ചാത്തലത്തിലാണ് നമ്മുടെ കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചത്. മുകളിൽ പറഞ്ഞ ആരാധനാചരിത്രത്തിൽനിന്നു നമ്മുടെ ആരാധനയിലേക്ക് വന്ന ഘടകങ്ങൾ താഴെ പറയുന്ന രീതിയിൽ സംക്ഷേപിക്കാം.

**(i) പ്രാരംഭകാലം**

(a) യഹോവയായ ദൈവത്തിലുള്ള വിശ്വാസം.

(b) പത്തുകൽപ്പനകൾ ലഭിച്ചതും യാഗങ്ങളുടെ അനുഷ്ഠാനവും.

(c) ഒരു പ്രത്യേക സ്ഥലം ദൈവസാന്നിധ്യത്താൽ വിശുദ്ധമായിത്തീരുന്നു എന്ന ബോധ്യം.

(d) ആരാധനയ്ക്കു നേതൃത്വം നൽകുവാൻ ദൈവവിളി ലഭിച്ചവർ വേണമെന്ന ധാരണ.

(e) ചില പ്രത്യേക ദിവസങ്ങൾ ആരാധനാസംബന്ധമായി പ്രാധാന്യമുള്ളതാണ് എന്ന അറിവ്. *ഉദാ.* ശാബത്, പെസഹാ.

**(ii) യറുശലേം ദേവാലയകാലം**

(a) 'ദൈവാലയം' എന്ന സങ്കല്പം രൂഢമൂലമായി; അതിലെ പ്രാകാരവും, വിശുദ്ധസ്ഥലവും, അതിവിശുദ്ധ സ്ഥലവും നിശ്ചയിക്കപ്പെട്ടു.

(b) മനുഷ്യന്റെ പാപപരിഹാരത്തിനായി യാഗമർപ്പിക്കുന്ന പതിവ്.

(c) പുരോഹിതശ്രേണിയിലെ വേർതിരിവും അവരവരുടെ ചുമതലകളും.

(d) ദിനംപ്രതിയുള്ള ആരാധന.

(e) പെരുന്നാളുകളുടെ ആചരണം.

**(iii) സുന്നഗോഗ് ആരാധനയുടെ കാലം**

(a) തിരുവെഴുത്തുകൾ വായിക്കുന്നതും (ലൂക്കോ. 4:16–17), സങ്കീർത്തനാലാപവും (1 കൊരി. 14:26).

(b) പൊതുവായ പ്രാർത്ഥനകൾ (1 തിമൊ. 2:1–2).

(c) വിശ്വാസപ്രഖ്യാപനം (1 കൊരി. 15:1–4).

(d) പ്രബോധനശുശ്രൂഷ.

(e) ധർമ്മശേഖരം.

## 4. പെസഹാപെരുന്നാൾ

യഹൂദന്മാരുടെ പെരുന്നാളാഘോഷങ്ങളെപ്പറ്റി പൊതുവായും പ്രത്യേകാൽ പെസഹാ പെരുന്നാളിനെപറ്റിയുംകൂടി അറിഞ്ഞെങ്കിലേ ഇന്ന് നാം ആചരിക്കുന്ന വി. കുർബ്ബാനയുടെ അർത്ഥം കൂടുതൽ വ്യക്തമാവുകയുള്ളൂ. ദിനംപ്രതിയുള്ള ഭക്ഷണശീലങ്ങളിൽ കുടുംബത്തിലെ എല്ലാവരും ചേർന്നിരുന്ന് അത്താഴം കഴിക്കുന്ന പതിവ് പ്രധാനമായിരുന്നു. ഇതിനും മതപരമായ ഒരു സാംഗത്യമു

ണ്ടായിരുന്നുവെന്ന് ആരാധനാവിജ്ഞാനീയത്തിൽ പണ്ഡിതനായ Jerome Kodell പറയുന്നുണ്ട്. ഉദാഹരണമായി ഉടമ്പടിയുടെ ഉപ്പ് (Covenant of Salt; സംഖ്യ 18:19; 2 ദിന. 13:5) അദ്ദേഹം എടുത്തു കാട്ടുന്നു. ദിവസവും ഭക്ഷണസമയത്ത് തുടക്കത്തിലും ഒടുക്കവും ദൈവത്തിനു സ്തോത്രമർപ്പിക്കുന്ന പതിവ് ഉണ്ടായിരുന്നു.

പെരുന്നാളുകൾ ആചരിക്കുമ്പോഴുള്ള ഭക്ഷണരീതി ഇതിലും വിപുലമായിരുന്നു. ഇതിന്റെ തുടക്കത്തിൽ കൈകഴുകൽ, വീഞ്ഞ് പ്രാർത്ഥിച്ച് കുടിക്കുന്ന പതിവ്, അപ്പം മുറിക്കൽ, അപ്പം പങ്കു വയ്ക്കൽ, സ്തോത്രാർപ്പണം എന്നിവ പതിവായിരുന്നു. പെരുന്നാളുകളിൽ ശ്രേഷ്ഠമായിരുന്നല്ലോ പെസഹാപെരുന്നാൾ. യിസ്രായേൽക്കാർ മിസ്രയീമിലെ അടിമത്തത്തിൽനിന്ന് പുറത്തുവന്ന നാൾ തുടങ്ങിയതാണ് ഇതിന്റെ ആചരണം (പുറ. 12:6–7). വീട്ടിൽവച്ചു നടത്തുന്ന പെസഹായുടെ ആരാധനയിൽ കൈകഴുകൽ, വീഞ്ഞു വാഴ്ത്തികുടിക്കുന്നത്, അപ്പംമുറിക്കൽ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പങ്കിടീൽ, പെസഹാകുഞ്ഞാടിനെ അറുത്തു മാംസം പങ്കിടീൽ, ഇതിനാധാരമായ തിരുവചന വായനയും വിശദീകരണവും, സങ്കീർത്തനാലാപം എന്നിവ ഇതിന്റെ ഭാഗമായിരുന്നു. പുറപ്പാട് പുസ്തകത്തിൽ പറയുന്ന (പുറ. 6:6–7) നാലുതരം അനുഗ്രഹങ്ങളെ (കഠിന വേലയിൽനിന്നുള്ള ഉദ്ധാരണം, അടിമത്തത്തിൽ നിന്നുള്ള വീണ്ടെടുപ്പ്, യഹോവയുടെ കൈയ്യാലുള്ള വീണ്ടെടുപ്പ്, മിസ്രയിമ്യരുടെയിടയിൽ മഹാശിക്ഷാവിധികൾ നൽകിയുള്ള വീണ്ടെടുപ്പ്) സൂചിപ്പിക്കുവാനായി നാലുതരം പാനപാത്രങ്ങൾ പെസഹായാരാധനയിൽ ഉപയോഗിച്ചിരുന്നു.

ഒന്നാമത്തെ കാസാ വീഞ്ഞുനിറച്ചതാണ്. ഇത് എടുക്കുമ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിവസത്തെ വിശുദ്ധീകരിക്കാനുള്ള പ്രാർത്ഥനചൊല്ലുന്ന പതിവുണ്ടായിരുന്നു. ഇതോടൊപ്പം അപ്പം വാഴ്ത്തി അതിന്റെ ഒരു ഭാഗം കുടുംബാംഗങ്ങൾക്ക് പങ്കുവയ്ക്കുകയും ശേഷിക്കുന്നത് ഭക്ഷണത്തിന്റെ അവസാനഭാഗത്തേക്ക് മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. രണ്ടാമത്തെ കാസായും വീഞ്ഞു നിറച്ചതാണ്. ഇത് എടുക്കുമ്പോൾ ആ സമ്മേളനത്തിലെ ഏറ്റവും ഇളയകുട്ടി 'എന്തുകൊണ്ടാണ് ഈ രാത്രി മറ്റു രാത്രികളെക്കാൾ എല്ലാം വ്യത്യസ്തമായിരിക്കുന്നത്?' എന്ന് ചോദിക്കും. അപ്പോൾ ഏറ്റവും മുതിർന്നയാൾ തങ്ങളുടെ വിടുതലിന്റെ ചരിത്രം അനുസ്മരിക്കുവാനായി ആവർത്തനപുസ്തകത്തിൽനിന്ന് വായിക്കുകയും ചെയ്തിരുന്നു (ആവ. 26:5–8). ദീർഘമായ ഒരു വിശദീകരണവും

ഇതിന് നൽകുന്ന പതിവുണ്ടായിരുന്നു. മൂന്നാമത് കൃതജ്ഞതാ സ്തോത്രത്തിന്റെ കാസായാണ്. ഇതിന് ആശീർവാദത്തിന്റെ കാസാ (Chalice of Benediction) എന്നും പേർ പറയും. ഇതുപാനം ചെയ്ത ശേഷം യിസ്രായേലിന്റെ വിടുതലിനായി ഏലിയാ പ്രവാചകന്റെ വരവിനായി പ്രാർത്ഥിക്കുന്നു. ഇതെ തുടർന്ന് 'ഹല്ലേൽ' (സങ്കീ. 113-118) ആലപിക്കുന്ന പതിവുണ്ട്. 115-ാം സങ്കീർത്തനവും ആലപിച്ചശേഷം 'അടുത്തവർഷം പെസഹാ പുതുക്കിപ്പണിത യറുശലേമിൽ' എന്ന് പറഞ്ഞ് നാലാമത്തെ കാസായും പാനംചെയ്യുന്നു.

ഇതുകൂടാതെ ശ്രദ്ധയാകർഷിക്കുന്നതാണ് കുംമ്രാൻ സമൂഹത്തിലെ എസ്സീന്യ'രുടെ (Essenes) ആരാധന. തങ്ങൾക്കുള്ളതെല്ലാം പങ്കുവച്ചു ജീവിച്ച ഇക്കൂട്ടരുടെ ആരാധനയിൽ പൊതുവായ ഭക്ഷണം കഴിക്കലും അതിനിടയിലെ സ്തോത്രാർപ്പണവും ശ്രേഷ്ഠമായിരുന്നു. ഭക്ഷണം പങ്കുവയ്ക്കുന്നവരുടെ 'കൂട്ടായ്മ' (Fellowship) വളരെ മാതൃകാപരമായിരുന്നു.

അങ്ങനെ, നമ്മുടെ കുർബ്ബാനയിൽ സുദീർഘമായ യഹൂദ ആരാധനാപാരമ്പര്യങ്ങളുടെ പിൻതുടർച്ചയുടെ പല ഘട്ടങ്ങളും അടങ്ങിയിരിക്കുന്നു. ഇവയിൽ സുപ്രധാനമായവ സുന്നഗോഗ് ആരാധനയും പെസഹാപെരുന്നാൾ ആഘോഷവുമായിരുന്നു. വി. കുർബ്ബാനയിലെ ധാരാളം കാര്യങ്ങൾ ഇവ രണ്ടുമായി പൊരുത്തപ്പെട്ടു പോരുന്നു.

**ചിന്തിക്കുക**

1. സത്യ ഏകദൈവമായ യഹോവയെ ആണ് യിസ്രയേല്യർ ആരാധിച്ചിരുന്നത്. വേദപുസ്തക വാക്യങ്ങൾ കണ്ടെത്തി തെളിയിക്കുക.
2. സാക്ഷ്യപെട്ടകം യിസ്രായേൽക്കാരുടെ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരുന്നു?
3. സുന്നഗോഗിലെ ആരാധനയുടെ തുടക്കവും വളർച്ചയും എങ്ങനെയായിരുന്നു?
4. പെസഹാ ആചരണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?

അദ്ധ്യായം രണ്ട്

# വി. കുർബ്ബാനയുടെ സ്ഥാപനം

ഇന്ന് നാം അനുഷ്ഠിക്കുന്ന വി. കുർബ്ബാനയുടെ അടിസ്ഥാന ഘടകങ്ങളിൽ പലതും യഹൂദമതത്തിന്റെ ആരാധനയിൽനിന്നും ഉരുത്തിരിഞ്ഞുവന്നവയാണ്. എന്നാൽ അപ്പവീഞ്ഞുകൾ എടുത്ത് ആഘോഷിക്കുന്ന വി. കുർബ്ബാനയുടെ ശ്രേഷ്ഠമായ ചടങ്ങിന് തുടക്കം കുറിച്ചത് നമ്മുടെ കർത്താവായ യേശുമിശിഹാ തന്നെ യാണ്. യേശുവിനെ ബന്ധനസ്ഥനാക്കുന്നതിന് മുൻപ് പെസഹാ ഭക്ഷിക്കുന്നതിനിടയിലാണ് ഈ കർമ്മം നിറവേറ്റിയത് എന്നാണ് ആദ്യത്തെ മൂന്നു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നത് (വി. മത്താ. 26:26–29; വി. മർക്കോ. 14:22–25; വി. ലൂക്കോ. 22:8–20).

എന്നാൽ വി. യോഹന്നാൻ എഴുതിയ സുവിശേഷമനുസരിച്ച് പെസഹായ്ക്കു മുൻപുള്ള ഒരുക്കനാളിലാണ് (പുളിപ്പില്ലാത്ത അപ്പ ത്തിന്റെ) ഈ സംഭവം നടന്നതെന്ന് കരുതേണ്ടിയിരിക്കുന്നു (യോഹ. 13:1). പെസഹാ കുഞ്ഞാടിനെ അറുക്കുന്ന നിമിഷമാണ് നമ്മുടെ കർത്താവ് കുരിശിന്മേൽ കിടന്ന് മനുഷ്യവർഗ്ഗത്തിന്റെ രക്ഷ യ്ക്കായി തന്റെ പ്രാണനെ വെടിഞ്ഞത് എന്നതാണ് യോഹന്നാൻ ശ്ലീഹായുടെ ഭാഷ്യം (യോഹ. 19:31). എന്തായിരുന്നാലും വി. കുർബ്ബാന സ്ഥാപനത്തെപ്പറ്റിയുള്ള പുതിയ നിയമത്തിലെ ഏറ്റവും പുരാതനമായ രേഖ പരിശുദ്ധനായ പൗലോസ് അപ്പോസ്തലൻ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലെ വിവരണമാണ് (1 കൊരി. 11:23–26).

## യേശുവിന്റെ അന്ത്യഅത്താഴം

സുവിശേഷങ്ങളിൽ ഏറ്റവും പഴക്കമുള്ള വി. മർക്കോസിന്റെ അന്ത്യഅത്താഴ വിവരണം ചുരുങ്ങിയതും ലഘുവുമാണ്. പത്രോ സിനോടും പൗലോസിനോടും ചേർന്ന് സുവിശേഷപ്രവർത്തനം നടത്തിയ വി. മർക്കോസിന്റെ (1 പത്രോ. 5:13; അപ്പോ. പ്ര. 12:25) ഭവനം യേശുവിനും ശിഷ്യന്മാർക്കും പ്രിയപ്പെട്ട സ്ഥലമായിരുന്നു. ഇവിടെ വച്ചാണ് യേശു തന്റെ അന്ത്യഅത്താഴം കഴിച്ചതും വി. കുർബ്ബാന സ്ഥാപിച്ചതും എന്ന് വിശ്വസിക്കപ്പെടുന്നു. പെസഹാദിനമായ നീസാൻ മാസം 13–ാം തീയതി വ്യാഴാഴ്ച സന്ധ്യയിൽ കർത്താവ്

തന്റെ പന്ത്രണ്ട് ശിഷ്യന്മാരുമായി അത്താഴം കഴിച്ചു. അതിന്റെ മദ്ധ്യേയാണ് കർത്താവ് അപ്പം എടുത്തു വാഴ്ത്തി 'വാങ്ങുവിൻ, ഇത് എന്റെ ശരീരം' എന്നു പറഞ്ഞ് നുറുക്കിക്കൊടുത്തു. അതിനുശേഷം പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുക്കുകയും എല്ലാവരും അതിൽനിന്ന് പാനം ചെയ്യുകയും ചെയ്ത് 'ഇത് അനേകർക്കുവേണ്ടി ചൊരിയുന്നതായ നിയമത്തിനുള്ള എന്റെ രക്തം. മുന്തിരിവള്ളിയുടെ അനുഭവം ദൈവരാജ്യത്തിൽ പുതുതായി അനുഭവിക്കുന്നതുവരെ ഞാൻ അത് ഇനി അനുഭവിക്കയില്ല' എന്ന് കർത്താവ് ഈയവസരത്തിൽ അരുളിച്ചെയ്തു (മർക്കോ. 14:22-25). വി. മത്തായിയുടെ സുവിശേഷത്തിൽ ഇതിനെ 'പുതിയനിയമത്തിനുള്ള രക്തം' (മത്താ. 26:28) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ഇവിടെ ശ്രദ്ധേയമായ ഒരു സംഗതി വി. കുർബ്ബാന സ്ഥാപന വിവരണത്തിൽ വി. ലൂക്കോസിന് തനതായ ഒരു വീക്ഷണവും ശൈലിയുമുണ്ടെന്നുള്ളതാണ്. അദ്ദേഹം നൽകുന്ന വിവരണമനുസരിച്ച് പത്രോസും, യോഹന്നാനുംകൂടിയാണ് കർത്താവിന്റെ അന്ത്യ അത്താഴത്തിന്റെ ക്രമീകരണങ്ങൾ ചെയ്യുന്നത്. മാത്രവുമല്ല, രണ്ടു തവണ കർത്താവ് പാനപാത്രം എടുത്തു വാഴ്ത്തുന്നതായി നാം ഇവിടെ വായിക്കുന്നു. ഒന്ന് അപ്പം വാഴ്ത്തുന്നതിനു മുൻപും മറ്റൊന്ന് അതിനു ശേഷവുമാണ് (ലൂക്കോ. 22:14-23). ഒന്നാമത്തെ തവണ 'ദൈവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയുടെ അനുഭവം ഇന്നുമുതൽ കുടിക്കുകയില്ലാ'യെന്നും രണ്ടാം തവണ 'ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു' എന്നുമാണ് കർത്താവ് അരുളിച്ചെയ്യുന്നത്. ലൂക്കോസിന്റെ ഗുരുവായ പൗലോസാണ് വി. കുർബ്ബാന സ്ഥാപനത്തെപ്പറ്റി ആദ്യം ചിത്രീകരിച്ചിരിക്കുന്നത് (1 കൊരി. 11:23-26). അദ്ദേഹം പക്ഷേ വി. മത്തായിയുടെയും വി. മർക്കോസിന്റെയും വിവരണത്തോടു യോജിച്ച് ഒരു തവണ മാത്രമേ പാനപാത്രത്തെപ്പറ്റി പറയുന്നുള്ളു.

## പെസഹാപെരുന്നാളും വി. കുർബ്ബാനസ്ഥാപനവും

സമവീക്ഷണസുവിശേഷങ്ങളിലെ യേശുവിന്റെ അന്ത്യഅത്താഴത്തെപ്പറ്റിയുള്ള വിവരണങ്ങളും യഹൂദന്മാരുടെ പെസഹാപെരുന്നാളിന്റെ ചിത്രീകരണവും താരതമ്യപ്പെടുത്തിയാൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യമാകും.

1. യേശു യറുശലേമിലേക്ക് വന്നത് പെസഹാ ആചരിക്കുവാനാണ്. യഹൂദ നിയമമനുസരിച്ച് പെസഹാ ഭക്ഷിക്കേണ്ടത് യറുശലേം

ദേവാലയത്തിനുള്ളിലോ യറുശലേം നഗരത്തിന്റെ മതിൽക്കെട്ടിനുള്ളിലുള്ള ഭവനത്തിലോ ആയിരിക്കണം. "ഞാൻ കഷ്ടമനുഭവിക്കുന്നതിനു മുമ്പെ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ വാഞ്ചയോടെ ആഗ്രഹിച്ചു" (ലൂക്കോ. 22:15) എന്ന് യേശു പറയുകയും ചെയ്തു.

2. പെസഹായുടെ ഭക്ഷണം രാത്രിയാകുന്നതിനു മുമ്പ് വേണമെന്നു നിർബന്ധമുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും ഭക്ഷണത്തിനിരുന്നത് 'സന്ധ്യയായ'പ്പോഴാണ് (മർക്കൊ. 14:17).
3. പെസഹാ ഭക്ഷിക്കുന്നവർ ചാരിയിരുന്നുകൊണ്ടാണ് അതിൽ സംബന്ധിച്ചിരുന്നത്. യേശുവിന്റെ പ്രിയശിഷ്യനായ യോഹന്നാൻ തന്റെ മാറിൽ ചാരിയിരിക്കുന്നതായി നാം വായിക്കുന്നു (യോഹ. 13:23).
4. താൻ അപ്പം 'എടുത്തു' (took), 'വാഴ്ത്തി' (blessed), നുറുക്കി (broke) ശിഷ്യന്മാർക്കു 'കൊടുത്തു' (gave) എന്നു നാം വായിക്കുന്നു (മർക്കൊ. 14:22). ഈ നാലു ക്രിയാപദങ്ങൾ പെസഹായുടെ ഭക്ഷണത്തിലും കാണുന്നു.
5. അന്ത്യഅത്താഴസമയത്ത് യേശു നടത്തുന്ന പ്രബോധനം (യോഹ. 14–15 അദ്ധ്യായങ്ങൾ) പെസഹാ പെരുന്നാളിൽ യഹൂദന്മാരുടെ ഇടയിലെ മുതിർന്നവർ നടത്തിയ വേദവായനയോടും അതിന്റെ വിശദീകരണത്തോടും യോജിക്കുന്നു. പ്രത്യേകിച്ചും ദൈവം തന്റെ ജനത്തിനു നൽകുന്ന മഹിമ, ഫലം പുറപ്പെടുവിക്കുന്ന മുന്തിരി, ദൈവകല്പനയുടെ അനുസരണം, യിസ്രായേലിന്റെ വിടുതൽ എന്നിവ ശ്രദ്ധേയമായ ആശയങ്ങളാണ്. 'പുതിയ നിയമം' എന്ന പദം തന്നെ യിസ്രായേലുമായി ദൈവത്തിന്റെ പഴയ ഉടമ്പടിയെ അനുസ്മരിപ്പിക്കുന്നു (മർക്കൊ. 14:24).
6. പെസഹാപെരുന്നാളിൽ അപ്പം പാനപാത്രത്തിൽ മുക്കി നൽകിവന്നിരുന്നതുപോലെ യേശുവും ശിഷ്യന്മാർക്ക് അപ്പം നൽകുന്നു (മത്താ. 26:23).
7. പെസഹാ ദിവസം 'ധർമ്മം നൽകുന്ന' പതിവുണ്ടായിരുന്നു. യേശു യൂദായോട് 'നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക' എന്നു പറഞ്ഞപ്പോൾ ശിഷ്യന്മാർ കരുതിയത് 'ദരിദ്രർക്ക് വല്ലതും കൊടുക്കുന്ന' കാര്യമായിരിക്കാമെന്നാണ് (യോഹ. 13:27–29).
8. പെസഹാപെരുന്നാൾ ദിവസം തങ്ങളുടെ പഴയ ചരിത്രം ഓർമ്മിക്കുകയും, ഇപ്പോഴത്തെ ദുരവസ്ഥ മാറി 'കർത്താവിന്റെ നാളി'ൽ

എല്ലാം ശുഭമായിത്തീരും എന്നൊരു പ്രത്യാശ നൽകുകയും ചെയ്യുക പതിവായിരുന്നു. യേശുവും 'അന്ത്യകാലത്തെ'പ്പറ്റി സൂചിപ്പിച്ചുകൊണ്ടാണല്ലോ 'എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടി പുതുതായി കുടിക്കുന്ന നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്ന് ഇനി കുടിക്കുകയില്ല' എന്നു പറയുന്നത് (മത്താ. 26:29).

9. പെസഹാപെരുന്നാളിന്റെ ഭക്ഷണവേളയിൽ സങ്കീർത്തനങ്ങൾ ആലപിക്കുകയും സ്തോത്രം പാടുകയും ചെയ്യുക പതിവായിരുന്നു. യേശുവും ശിഷ്യന്മാരും 'സ്തോത്രം പാടി' എന്ന് സുവിശേഷത്തിൽ വായിക്കുന്നു (മത്താ. 26:30).

10. പുറപ്പാട്സംഭവമാണ് പെസഹാപെരുന്നാളിന്റെ ഉൽഭവകാരണം (പുറ. 12:1-28). മിസ്രയീമിലെ അടിമത്തവും കഷ്ടകാലവുമെല്ലാം അവസാനിച്ച് കനാൻദേശത്തേക്ക് തങ്ങളെ നയിച്ച ദൈവത്തെ ആണ്ടുതോറും അവർ നന്ദിയോടെ സ്മരിക്കുന്നു. പുതിയ നിയമത്തിൽ യേശുവിന്റെ കുരിശുമരണത്തെ പുറപ്പാട് സംഭവവുമായിട്ട് താരതമ്യപ്പെടുത്തുന്ന അവസരങ്ങൾ ഉണ്ട്. യേശുവിനെ 'നമ്മുടെ പെസഹാകുഞ്ഞാട്' എന്നാണ് പ. പൗലോസ് അപ്പോസ്തോലൻ വിളിക്കുന്നത് (1 കൊരി. 5:7). 'ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹ. 1:29) എന്നാണ് യോഹന്നാൻ സ്നാപകൻ യേശുവിനെ ചൂണ്ടിക്കാട്ടി പറയുന്നത്.

## 'അന്ത്യഅത്താഴ'ത്തിന്റെ അനുബന്ധ സംഭവങ്ങൾ

യേശുവിന്റെ അന്ത്യഅത്താഴത്തിനോടു ചേർന്നുള്ള സംഭവങ്ങളെല്ലാം രക്ഷാകരചരിത്രത്തിലെ പ്രധാനപ്പെട്ട സംഗതികളാണ്. ഒന്നാമത്തേത്, യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയ സംഭവമാണ്. ഇതു വി. യോഹന്നാൻ ശ്ലീഹാ മാത്രമേ വിവരിക്കുന്നുള്ളു (യോഹ. 13:3-15). യേശു ശിഷ്യന്മാരുടെ കാലു കഴുകിയത് അവരുടെയിടയിലുണ്ടായിരുന്ന വലുപ്പചെറുപ്പത്തെപ്പറ്റിയുള്ള തർക്കത്തിനിടയിലാണ് എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു (ലൂക്കോ. 22:24-30).

തന്റെ ശിഷ്യന്മാരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കുമെന്നും (മർക്കൊ. 14:18) അവരിൽ തലവനായ പത്രോസ് തന്നെ തള്ളിപ്പറയുമെന്നും ആ രാത്രിയിൽ തന്നെ കർത്താവ് വെളിപ്പെടുത്തുന്നു (മർക്കൊ. 14:27-31). അതിനുശേഷം ഗത്സമന തോട്ടത്തിൽ തന്റെ കഷ്ടാനുഭവത്തെയോർത്ത് ഹൃദയമുരുകി പ്രാർത്ഥിച്ചു

(മത്താ. 26:36-46). അതിനുശേഷമാണ് യൂദ ഇസ്ക്കറിയോത്താ യേശുവിനെ ഒറ്റിക്കൊടുക്കുന്നതും പടയാളികൾ യേശുവിനെ ബന്ധനസ്ഥനാക്കുന്നതും (മത്താ. 26:47-56).

## വി. യോഹന്നാന്റെ സുവിശേഷവും അന്ത്യഅത്താഴവും

വിശുദ്ധ കുർബ്ബാന സ്ഥാപന വേളയുടെ വിവരണം വി. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ വി. കുർബ്ബാനയുടെ വിവിധ അർത്ഥതലങ്ങളെ യോഹന്നാൻ വളരെ വിശദമായി ആറാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുമുണ്ട്. പെസഹായും വി. കുർബ്ബാനയും തമ്മിൽ സാമ്യങ്ങളെല്ലാമുണ്ടെങ്കിലും യേശുവിന്റെ 'അന്ത്യ അത്താഴ'ത്തെ പെസഹാഭക്ഷണവുമായി താരതമ്യപ്പെടുത്തി. കുരിശുമരണത്തിന്റെ വിലകുറച്ചുകാട്ടരുത് എന്ന നിർബന്ധംമൂലം വി. യോഹന്നാൻ ശ്ലീഹാ അന്ത്യഅത്താഴത്തെ പെസഹായുടെ തുടക്ക സമയത്തു ആചരിച്ചിരുന്ന 'പുളിപ്പില്ലാത്ത അപ്പത്തിന്റെ' ദിവസമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് (യോഹ. 13:1). പെസഹാ കുഞ്ഞാടിനെ അറക്കുന്ന സമയം നടന്നത് ഈ അത്താഴമല്ല, മറിച്ച് യേശുവിന്റെ കുരിശുമരണമാണെന്നാണ് യോഹന്നാൻ സ്ഥാപിക്കുന്നത്. 'നമ്മുടെ പെസഹാ കുഞ്ഞാടും അറക്കപ്പെട്ടിരിക്കുന്നു; അതു ക്രിസ്തു തന്നെ' എന്ന് പ. പൗലോസ് പറയുന്നതും (1 കൊരി. 5:7) ഈയർത്ഥത്തിൽവേണം മനസ്സിലാക്കുവാൻ.

ആരാധനാവിജ്ഞാനീയത്തിൽ പാണ്ഡിത്യമുള്ള ബേബി വറുഗീസച്ചൻ (Fr. Dr. Baby Varghese) പറയുന്നത് 'നീസാൻ മാസം 13-ാം തീയതി വ്യാഴാഴ്ച സൂര്യൻ അസ്തമിച്ചു കഴിഞ്ഞ് 14-ാം തീയതിയുടെ ആരംഭത്തിങ്കൽ കർത്താവ് അന്ത്യ അത്താഴം കഴിച്ചിരിക്കണം എന്നാണ്. നീസാൻ മാസം 14-ാം തീയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് യഹൂദന്മാർ യെറുശലേം ദേവാലയത്തിൽ പെസഹാ കുഞ്ഞാടിനെ അറക്കുന്ന സമയത്ത് ദൈവത്തിന്റെ കുഞ്ഞാട്' കുരിശിന്മേൽ കയറി എന്നും അദ്ദേഹം പറയുന്നു (അബ്ബാ പിതാവെ, പേജ് 39). പിറ്റെന്നാൾ ശബത്തുനാൾ (ശനിയാഴ്ച) ആണെന്നുള്ളത് സുവിശേഷകന്മാർ രേഖപ്പെടുത്തുന്ന സംഗതിയാണ് (യോഹ. 19:31; മർക്കൊ. 15:42; ലൂക്കോ. 23:54). അങ്ങനെവരുമ്പോൾ വ്യാഴാഴ്ച സന്ധ്യയ്ക്ക് അന്ത്യഅത്താഴം (വി. കുർബ്ബാന) വെള്ളിയാഴ്ച കുരിശുമരണം, ശനിയാഴ്ച ശാബത്, ഞായറാഴ്ച ഉയിർപ്പ് എന്നിങ്ങനെ ദിവസങ്ങളും ഒത്തുവരുന്നു. ആയതിനാൽ വി. യോഹന്നാന്റെ വിവരണമാണ് ഇക്കാര്യത്തിൽ നാം സ്വീകരിക്കേണ്ടത്.

## വി. കുർബ്ബാനയുടെ അർത്ഥതലങ്ങൾ

കർത്താവ് സ്ഥാപിച്ച വി. കുർബ്ബാനയ്ക്കു സുപ്രധാനങ്ങളായ അർത്ഥതലങ്ങളുണ്ട്. അവ താഴെ പറയുന്നതാണ്.

1. 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലംവരും' (യിര. 31:31) എന്നുള്ള പ്രവചനം വി. കുർബ്ബാന സ്ഥാപനത്തോടുകൂടി പൂർത്തീകരിക്കപ്പെട്ടു.
2. കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തം കുടിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ഉണ്ട് (യോഹ. 6:54). അവൻ അന്ത്യനാളിൽ ഉയിർത്തെഴുന്നേൽക്കും. ഇത് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ള സംഗതിയാണ്.
3. അയോഗ്യമായി അപ്പവീഞ്ഞുകൾ സ്വീകരിക്കുന്നവൻ യേശുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആയിത്തീരും എന്നു പൗലോസ് അരുളി ചെയ്യുന്നു (1 കൊരി. 11:27). അയോഗ്യമായി എന്നു പറഞ്ഞാൽ ഒരുക്കമില്ലാതെയും മനസ്സിൽ ദുരുപായങ്ങൾ നിരൂപിച്ചുമെന്നാണ് മനസ്സിലാക്കേണ്ടത്. യൂദ ഇസ്ക്കറിയോത്തായുടെ കുർബ്ബാനാനുഭവം തന്നെ പ്രത്യക്ഷ ഉദാഹരണം.
4. ശരിയായ ഒരുക്കമില്ലാതെ വി. കുർബ്ബാനയനുഭവിച്ചാൽ അത് ഈ ലോകത്തിൽവച്ചും പരലോകത്തിൽവച്ചും ശിക്ഷയനുഭവിക്കുവാൻ കാരണമായിത്തീരും എന്നും പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു (1 കൊരി. 11:29-32). ഇതിന്റെ വെളിച്ചത്തിൽ പ. ബസേലിയോസ് ഔഗേൻ കാതോലിക്കാബാവ 'വിശുദ്ധ മതോപദേശ സത്യങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കുറിച്ചു, "ഈ രഹസ്യം (Mystery) അനുഭവിക്കുന്നവർ തങ്ങളെ പരിശോധിച്ച് ശുദ്ധീകരിച്ച ശേഷം സ്വീകരിക്കുകയും അനന്തരം നീതിയുക്തമായ സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും വേണം."
5. വി. കുർബ്ബാനയ്ക്കു കൂടിവരുന്നത് സഭയുടെ ഐക്യത്തെയും കൂട്ടായ്മയെയും സൂചിപ്പിക്കുന്നു (അപ്പോ. പ്ര. 2:42-47). അവർ പരസ്പരം കരുതുകയും 'സകല ജനത്തിന്റെയും കൃപ' കൂട്ടായി അനുഭവിക്കുകയും ചെയ്യേണ്ടവരാണ്. ഹൃദയപരമാർത്ഥതയോടെ ജീവിക്കുകയും ഒരുമനപ്പെട്ട് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നതിനിടയിൽ ആരുംതന്നെ വിശന്നിരിക്കുവാൻ പാടുള്ളതല്ല

(1 കൊരി. 11:33-34). നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയായതിനാൽ നമ്മൾ എല്ലാവരും ഒരു ശരീരത്തിലെ പല അവയവങ്ങളെപ്പോലെ അന്യോന്യം ബന്ധപ്പെട്ടാണിരിക്കേണ്ടത് (1 കൊരി. 10:17).

ചുരുക്കത്തിൽ, നമ്മുടെ കർത്താവ് സ്ഥാപിച്ച വി. കുർബ്ബാന ഒരു വ്യക്തിയുടെ ആത്മശരീരമനസ്സുകൾക്ക് സൗഖ്യം പ്രദാനം ചെയ്യുന്നതോടൊപ്പം കൂട്ടായ്മയുടെ അനുഭവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ സഹജീവികളോട് മനുഷ്യൻ കാട്ടേണ്ട പ്രതിബദ്ധതയും സ്നേഹവും ഇതിലൂടെ വെളിവാകുന്നു.

## ചിന്തിക്കുക

1. വി. കുർബ്ബാനസ്ഥാപനത്തെക്കുറിച്ചുള്ള വിവരണത്തിൽ വി. ലൂക്കോസിന് തനതായ ഒരു വീക്ഷണമുണ്ടായിരുന്നു. വിശദീകരിക്കുക.
2. യേശുവിന് 'പെസഹാകുഞ്ഞാട്' എന്ന പേര് എത്രമാത്രം യോജിക്കുന്നു എന്നു പരിശോധിക്കുക.
3. വി. കുർബ്ബാന സംബന്ധിച്ച് കർത്താവു നല്കുന്ന വാഗ്ദാനം എന്ത്?
4. അന്ത്യഅത്താഴ സമയം വിശദീകരിക്കുമ്പോൾ വി. യോഹന്നാൻ മാത്രം നല്കുന്ന ശുശ്രൂഷയുടെയും താഴ്മയുടെയും ഉദാത്ത മാതൃകയായ സംഭവം എന്ത്?

## അദ്ധ്യായം മൂന്ന്

# വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ

### A. തൂയോബോ ശുശ്രൂഷ

വി. കുർബ്ബാനയിൽ അർത്ഥവത്തായി പങ്കെടുക്കുന്നയാൾ അതിന്റെ ഘടന മനസ്സിലാക്കിയിരിക്കുന്നത് വളരെ സഹായകരമാണ്. ഇന്ന് നാം അനുഷ്ഠിക്കുന്ന വി. കുർബ്ബാന പ്രധാനമായും രണ്ടുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇവ വചനശുശ്രൂഷ, അപ്പ വീഞ്ഞുകളുടെ വാഴ്വും ആഘോഷവുമടങ്ങിയ അനാഫോറാ എന്നിവയാണ്. എന്നാൽ ഇവയ്ക്കു മുൻപുള്ള തൂയോബോ (ഒരുക്ക) ശുശ്രൂഷയും പിൻപുള്ള സമാപനശുശ്രൂഷയും പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാ വിധിയനുസരിച്ച് സുപ്രധാനമായ രംഗങ്ങളാണ്. ഇവ ഓരോന്നിനെ പ്പറ്റിയും വിശദമായി പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ആദ്യമായി വി. തൂയോബോ ശുശ്രൂഷയെപ്പറ്റി പഠിക്കാം.

വി. കുർബ്ബാന ഒരുക്കത്തോടുകൂടി നടത്തേണ്ട ഒന്നാണ്. തലേ ദിവസം സന്ധ്യമുതൽ കുർബ്ബാന നടക്കുന്ന ദിവസമുള്ള ആറാംമണി നമസ്കാരംവരെ തികച്ചിട്ടാണ് വിശ്വാസി വി. കുർബ്ബാനയിൽ സംബ ന്ധിക്കേണ്ടത്. ഏതെങ്കിലും സാഹചര്യത്തിൽ സന്ധ്യയ്ക്ക് വി. കുർബ്ബാന അനുഷ്ഠിക്കപ്പെടുകയാണെങ്കിൽ സന്ധ്യയുടെയും സുത്താറയുടെയും നമസ്കാരങ്ങൾ തികയ്ക്കേണ്ടിയിരിക്കുന്നു. പ്രഭാതത്തിലാണല്ലോ മിക്കവാറും ദേവാലയങ്ങളിൽ വി. കുർബ്ബാന നടത്തുന്നത്. ആയതിനാൽ രാത്രിനമസ്കാരം വീട്ടിൽവച്ച് ക്രമമായി ചൊല്ലിയ ശേഷം വേണം പള്ളിയിലെത്തുവാൻ. രാത്രിനമസ്കാരം പള്ളിയിൽവച്ചു ചൊല്ലുന്ന രീതിയുമുണ്ട്. പള്ളിയിൽ വന്ന് പ്രഭാത നമസ്കാരം വിശ്വാസികൾ ഒരുമിച്ചു ചൊല്ലുന്ന പതിവാണ് ഇന്ന് നമുക്കുള്ളത്. 'തൂയോബോ' എന്നു പറഞ്ഞാൽ 'ഒരുക്കശുശ്രൂഷ'യാണ്. തൂയോബോ എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'തയ്യാറാക്കൽ' (Preparation), 'ഒരുക്കം' (Readiness)എന്നാണ്. ആയതിനാൽ ഭക്ഷണ ത്തിലും വസ്ത്രധാരണത്തിലുമൊക്കെ പുലർത്തുന്ന അച്ചടക്കവും പ്രധാനമാണ്.

വി. കുർബ്ബാനയർപ്പിക്കുന്ന പട്ടക്കാരൻ 'തൂയോബോ' ശുശ്രൂഷ യ്ക്കായി കയറുന്നത് പ്രഭാത നമസ്കാരത്തിനിടയിൽ – സാധാരണ

യായി പ്രൊമിയോൻ–സെദറാ പ്രാർത്ഥനകൾ കഴിഞ്ഞാണ്. മദ്ബഹാ യിൽ കയറുന്നതിനുമുൻപ് പട്ടക്കാരൻ പൊതുവായ ഒരു പ്രാർത്ഥ നയും 51–ാം സങ്കീർത്തനവും വായിച്ച് ധ്യാനിക്കേണ്ടിയിരിക്കുന്നു. പിന്നീട് മദ്ബഹായിൽ നടക്കുന്ന തൂയോബോ ശുശ്രൂഷ രഹസ്യ മായി ചൊല്ലിവരുന്നു.

## അപ്പവീഞ്ഞുകളുടെ സമർപ്പണം

വി. കുർബ്ബാനയ്ക്കായുള്ള അപ്പവീഞ്ഞുകൾ ആദ്യമായി ക്രമീക രിച്ചു വയ്ക്കുന്നു. ജനങ്ങൾ വീടുകളിൽനിന്ന് അപ്പവും വീഞ്ഞും കൊണ്ടുവന്ന് ശെമ്മാശനെ ഏൽപ്പിക്കുകയും ശെമ്മാശൻ അവയെ ആഘോഷമായി കൊണ്ടുവന്ന് ക്രമീകരിച്ച് വയ്ക്കുകയും ചെയ്യുന്ന പതിവാണ് പുരാതനകാലത്ത് ഉണ്ടായിരുന്നത്. ഇന്നും ചില ഓർത്ത ഡോക്സ് സഭകളിൽ അപ്പവീഞ്ഞുകൾ പട്ടക്കാരനും ശെമ്മാശന്മാരും ശുശ്രൂഷക്കാരും ചേർന്ന് ആഘോഷമായി മദ്ബഹായിലേക്ക് കൊണ്ടു വരുന്ന ചടങ്ങു നടത്താറുണ്ട്. നമ്മുടെ സഭയിൽ വി. കുർബ്ബാനയ്ക്കായി പുളിപ്പുള്ള അപ്പമാണ് ഉപയോഗിക്കുന്നത്. ഇതിന്റെ കാരണം താഴെ പറയുംവിധം വ്യക്തമാക്കാം. കർത്താവിന്റെ അന്ത്യ അത്താഴം പെസഹായുടെ ഭക്ഷണമായിരുന്നില്ല എന്നും അതല്ല പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ദിനമായിരുന്നതിനാൽ പുളിപ്പില്ലാത്ത അപ്പമുള്ള അത്താഴമായിരുന്നു എന്നും രണ്ടുപക്ഷമുണ്ട്. എന്തായിരു ന്നാലും പുതിയനിയമത്തിൽ അന്ന് ഉപയോഗിച്ച അപ്പത്തിന് മൂല ഭാഷയായ ഗ്രീക്കിൽ artos എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതു യഹൂദന്മാർ സാധാരണ ഭക്ഷണത്തിനുപയോഗിച്ചിരുന്ന അപ്പത്തെ കുറിക്കുന്ന വാക്കാണ്. സുറിയാനിയിൽ ഇതിന് 'ലഹമോ' (lahamo) എന്നു പറയുന്നു. സുറിയാനി വേദപുസ്തകത്തിലും (പെഷീത്താ) ഈ വാക്കാണുപയോഗിച്ചിരിക്കുന്നത്. പുളിപ്പില്ലാത്ത അപ്പത്തെ സൂചിപ്പിക്കുന്ന 'പത്തീറാ' എന്ന പദമല്ല ഈ ഭാഗത്ത് കാണുന്നത്.

ശുശ്രൂഷക്കാരൻ വി. കുർബ്ബാനയ്ക്കുള്ള മാവ് തലേദിവസം സന്ധ്യയ്ക്ക് 'കുഴച്ചുവയ്ക്കുമ്പോൾ' നേരത്തെ കരുതിവെച്ചിരിക്കുന്ന 'പുളിപ്പ്' ചേർത്താണ് മാവ് തയ്യാറാക്കുന്നത്. പിറ്റെദിവസം അപ്പം 'അടിച്ചു കാച്ചു'മ്പോൾ (തയ്യാറാക്കുമ്പോൾ) അല്പം മാവെടുത്തു അടുത്ത തവണത്തെ 'പുളിപ്പായി' സൂക്ഷിച്ചു വയ്ക്കുകയുംചെയ്യുന്നു. ഇതു അപ്പോസ്തലന്മാരുടെ കാലംമുതലുള്ള പതിവായിരുന്നുവെന്നു നാം വിശ്വസിക്കുകയും അങ്ങനെ നമ്മുടെ ഓരോ കുർബ്ബാനയും നമ്മുടെ കർത്താവ് സ്ഥാപിച്ച കുർബ്ബാനയുടെ തുടർച്ചയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

പട്ടക്കാരൻ കാസായിൽ വീഞ്ഞ് പകരുമ്പോൾ അതിൽ തുല്യമായി വെള്ളംകൂടി ചേർക്കുന്ന പതിവ് നമുക്കുണ്ട്. "ദൈവമായ കർത്താവേ, നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ ഈ വെള്ളത്തെ ഈ വീഞ്ഞുമായി സംയോജിപ്പിക്കേണമെ" എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് ഇതു ചെയ്യുന്നത്. വീഞ്ഞ് കർത്താവിന്റ രക്തത്തെയാണല്ലോ സൂചിപ്പിക്കുന്നത്. കർത്താവിന്റെ ക്രൂശുമരണസമയത്ത് തന്റെ വിലാവിൽ നിന്ന് ഒഴുകിയത് രക്തവും വെള്ളവുമായതിനാലാണ് വി. കുർബ്ബാനയ്ക്കുള്ള വീഞ്ഞിൽ വെള്ളം ചേർക്കുന്നത് എന്നൊരു പാരമ്പര്യം കൂടി നമുക്കുണ്ട്. ഈ സമയത്തു ചൊല്ലുന്ന പ്രാർത്ഥനയിൽ യോഹ. 19:34-35 അനുസ്മരിക്കുകയും ചെയ്യുന്നു.

തുടർന്ന് പ്രധാന കാർമ്മികൻ കൈകൾ കഴുകി തന്റെ അംശവസ്ത്രങ്ങൾ ധരിച്ചശേഷം ദീർഘമായ രഹസ്യപ്രാർത്ഥന നടത്തുന്നു. കാർമ്മികൻ തിരുവസ്ത്രത്തിന്റെ ഓരോ ഭാഗവും ധരിക്കുമ്പോൾ പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുന്നു. ഉദാഹരണമായി വലതുകാലിൽ ചെരുപ്പ് ധരിക്കുമ്പോൾ "ദൈവമായ കർത്താവേ, നിന്റെ ജ്ഞാനത്തിനെതിരായി ഉയരുന്ന സകല ഉന്നതഭാവത്തെയും എന്റെ പാദത്തിൻ കീഴിൽ നീ താഴ്ത്തുകയും നിന്റെ സഹായങ്ങളാൽ എന്നേയ്ക്കും ജഡീകവികാരങ്ങളെ കീഴടക്കുവാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്യണമെ" എന്നു പ്രാർത്ഥിക്കുന്നു. അതുപോലെ വലതുകൈയുറ ധരിക്കുമ്പോൾ "നിന്റെ വലതുകൈ എനിക്ക് സഹായമായിരുന്ന് നിന്റെ ശിക്ഷണത്തിൽ എന്നെ വളർത്തണമെ" (സങ്കീ. 18:35) എന്നും പ്രാർത്ഥിക്കുന്നു. ലേവ്യ പുരോഹിതന്മാർ അണിഞ്ഞിരുന്നതുപോലെയും (പുറ. 28:2-43) പ. പൗലോസ് ശ്ലീഹാ പരാമർശിക്കുന്നതുപോലെയും (എഫെ. 6:11-17) ഉള്ള അംശവസ്ത്രങ്ങളാണ് പട്ടക്കാരൻ വി. കുർബ്ബാനയ്ക്കായി ധരിക്കുന്നത്.

ഇതിനിടയിൽ സമർപ്പിക്കുന്ന രഹസ്യപ്രാർത്ഥനയിൽ "ആദാമും ഹവ്വായും മുതൽ ഇന്നുവരെ ദൈവത്തെ പ്രീതിപ്പെടുത്തിയിട്ടുള്ള എല്ലാവരെയും" ഓർമ്മിക്കുന്നു. ഈയവസരത്തിൽ പ്രാർത്ഥനയോടെ വി. ദൈവമാതാവിന്റെ നാമത്തിലും ഏതെങ്കിലും ഒരു പരിശുദ്ധന്റെ നാമത്തിലും വി. കുർബ്ബാനയിൽ ഓർമ്മിക്കുവാനുള്ള പേരുകൾ വി. കുർബ്ബാനയിൽ അനുസ്മരിക്കുന്നു. അതിനുശേഷം രോഗികൾക്കു വേണ്ടിയും, അനുതാപത്തോടെ വി. കുർബ്ബാന സ്വീകരിക്കുവാൻ ഒരുങ്ങി പ്രാർത്ഥിക്കുന്നവർക്കുവേണ്ടിയും, വാങ്ങിപ്പോയവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. വി. കുർബ്ബാനയർപ്പിക്കുന്ന പുരോഹിതന്റെ

മാതാപിതാക്കൾക്കായും ശുശ്രൂഷകന്മാർക്കായും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ ക്രമീകരിച്ചിട്ടുണ്ട്. കുർബ്ബാനയർപ്പിക്കപ്പെടുന്ന ദേവാലയം നിർമ്മിക്കുന്നതിന് സഹകരിച്ചവരെയും, അന്നത്തെ വി. കുർബ്ബാനയ്ക്കായി വിവിധതരത്തിൽ അധ്വാനിച്ചിട്ടുള്ളവരെയും പ്രത്യേകം ഓർക്കുന്നു.

പേരുകൾ തിട്ടമില്ലാത്ത വാങ്ങിപ്പോയ ആത്മാക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു എന്നതാണ് തൂയോബോയുടെ പ്രത്യേകത. മുകളിൽ പറഞ്ഞ സുദീർഘമായ രഹസ്യപ്രാർത്ഥനകൾക്കുശേഷം കാസായും പീലാസായും ശോശാപ്പാകൊണ്ട് മൂടുന്നു. തുടർന്നു കാർമ്മികൻ ദർഗായിൽ കയറിനിന്ന് 'രഹസ്യങ്ങളുടെ' മുകളിൽ ധൂപക്കുറ്റി ഉയർത്തി ആഘോഷിക്കുന്നു. ഈ ധൂപാർപ്പണത്തോടെ നടത്തി തൂയോബോ ശുശ്രൂഷ അവസാനിപ്പിക്കുന്നു. തൂയോബോയുടെ രഹസ്യപ്രാർത്ഥനകൾ സുപ്രധാനങ്ങളായതുകൊണ്ടാണ് നമ്മുടെ കുർബ്ബാന ദൈർഘ്യമുള്ളതായിരിക്കുന്നത്. ഇതിന്റെയർത്ഥം മനസ്സിലാക്കാത്ത പലരും വി. കുർബ്ബാനയുടെ സമയക്രമത്തെപ്പറ്റി 'പരാതി' പറയാറുണ്ട്.

**ചിന്തിക്കുക**

1. വിശ്വാസികളുടെ 'ഒരുക്കശുശ്രൂഷയിൽ' എന്തെല്ലാം ശ്രദ്ധിക്കണം?
2. 'ലഹമോ', 'പത്തീറ' എന്നീ പദങ്ങൾ എന്തിനെയൊക്കെ സൂചിപ്പിക്കുന്നു?
3. കാസായിൽ വെള്ളവും വീഞ്ഞും തുല്യമായി ചേർക്കുന്നതിന്റെ അർത്ഥം എന്ത്?

## അദ്ധ്യായം നാല്

# വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ:
(തുടർച്ച)

### B. പരസ്യാരാധന

തൂയോബോ ശുശ്രൂഷയ്ക്കുശേഷം വി. കുർബ്ബാന ആരംഭിക്കുന്നു. ഇതിന് രണ്ടു പ്രധാന ഭാഗങ്ങളാണുള്ളത്. ഒന്നാമത്തേതിനെ വചന ശുശ്രൂഷ (Liturgy of the Word) എന്നും രണ്ടാമത്തേതിനെ അപ്പ വീഞ്ഞുകളുടെ ആഘോഷം അടങ്ങിയ ആരാധന (Liturgy of the Bread and Wine) എന്നും വിളിക്കുന്നു. രണ്ടാമത്തെ ഭാഗത്തിന് അനാഫോറ എന്നു വിളിക്കാറുണ്ടെങ്കിലും anaphora എന്ന ഗ്രീക്കുപദം ഇതിലെ പ്രാരംഭപ്രാർത്ഥനയെ മാത്രം സൂചിപ്പിക്കുന്നതാണ്. "ഉയർത്തിക്കൊടുക്കുന്നത്", "സമർപ്പിക്കുന്നത്" എന്നർത്ഥങ്ങളുള്ള അനാഫോറാ അത്യുന്നതങ്ങളിലേക്ക് ചിന്തകളും വിചാരങ്ങളും ഉയർത്തി പ്രാർത്ഥിക്കുന്ന രംഗത്തെ സൂചിപ്പിക്കുന്നു. രണ്ടാം ഭാഗത്തിന്റെ അവസാനം ചൊല്ലുന്ന കൃതജ്ഞതാപ്രാർത്ഥനയുടെ പേരിൽ പരസ്യശുശ്രൂഷയുടെ രണ്ടാം ഭാഗത്തെ ചിലർ 'എവുക്കാറസ്തിയാ' (Eucharist) എന്നും വിളിക്കാറുണ്ട്. ഈ ഗ്രീക്കുപദത്തിന് കൃതജ്ഞതയർപ്പിക്കുക എന്നർത്ഥം. പരസ്യശുശ്രൂഷയുടെ രണ്ടു ഭാഗങ്ങളെ സംബന്ധിച്ചും വിശദമായ പഠനം ആവശ്യമാണ്. ഇവയ്ക്കിടയിൽ നടത്തപ്പെടുന്ന പ്രൊമിയോൻ-സെദറാ വായനകൾ അനാഫോറയ്ക്ക് വിശ്വാസികളെ ഒരുക്കുന്ന ശുശ്രൂഷയാണ്.

**a) വചന ശുശ്രൂഷ (Liturgy of the Word)**

പഴയനിയമ വായന (പഴമവായന) മുതൽ 'യാചിക്കേണ്ടും സമയമിതാ' എന്നു തുടങ്ങുന്ന ഗാനംവരെയുള്ള ഭാഗത്തിനാണ് ഇന്നു നാം "വചനശുശ്രൂഷ" അഥവാ Liturgy of the Word എന്നു പറയുന്നത്. ആദിമസഭയിൽ ഇതിനെ "സ്നാനാർത്ഥികളുടെ ക്രമം" (Liturgy of the Catechumens) എന്നു വിളിച്ചിരുന്നു. മാമോദീസായിലൂടെ വി. സഭയിൽ ചേരുവാൻ തയ്യാറെടുക്കുന്ന ഏവർക്കും ഈ ശുശ്രൂഷയിൽ പങ്കെടുക്കാമെന്നായിരുന്നു ആദിമസഭയിലെ പ്രമാണം. ഈ ഘട്ടത്തിൽ വി. വേദപുസ്തകവായനകളോടൊപ്പം യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തെ ഓർമ്മിക്കുകയും നമ്മുടെ കലർപ്പില്ലാത്ത വിശ്വാസം (Orthodox Faith) പ്രഖ്യാപിക്കുകയും

ചെയ്യുവാനുള്ള പ്രാർത്ഥനകളും ക്രിയകളും ക്രമീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങളാണ് വചനശുശ്രൂഷയിൽ നടക്കുന്നത്.

**(i) മാർ സേവേറിയോസിന്റെ മാനീസാ**

കുർബ്ബാനയുടെ പ്രാരംഭത്തിങ്കൽ പട്ടക്കാരനും ശുശ്രൂഷകരും ധൂപാർപ്പണം നടത്തി ത്രോണോസിന്റെ കോണുകൾ മുത്തുന്ന സമയം ചൊല്ലുന്ന 'നിൻമാതാവു വിശുദ്ധന്മാർ' എന്ന ഗീതമാണിത്. അന്ത്യോഖ്യൻ പാത്രീയർക്കീസായിരുന്ന വി. സേവേറിയോസ് (Severus of Antioch - AD 512-536) ആണ് ഈ ഗീതം ചമച്ചത് എന്നു വിശ്വസി ക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ രഹസ്യമെന്തെന്ന് ഈ ഗീതം വ്യക്തമാക്കുന്നു.

**(ii) ത്രൈശുദ്ധ കീർത്തനം (Trisagion)**

'ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനെ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു' എന്ന ത്രൈശുദ്ധ കീർത്തനം കിഴക്കൻ ഓർത്തഡോക്സ് സഭകളിൽ ത്രിത്വസ്തുതിയായിട്ടാണ് വ്യാഖ്യാനിക്കുന്നത്. എന്നാൽ നമ്മുടെ സഭയിൽ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ, ഞങ്ങളോടു കരുണ ചെയ്യണമെ" എന്നു പ്രാർത്ഥിക്കുന്നതിലൂടെ ത്രിത്വത്തിൽ ഒരുവനായ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനയായി ഇതിനെ കരുതുന്നു. ആദ്യം പറഞ്ഞ കൂട്ടർ ഈ പ്രാർത്ഥനയുടെ ഉൽഭവമായി കരുതുന്നത് യെശയ്യാവിന്റെ ദർശനമാണ് (യെശ. 6:3). സുറിയാനി പാരമ്പര്യം ഈ സ്രോതസ്സ് തള്ളിക്കളയുന്നില്ലായെങ്കിലും നമ്മുടെ കർത്താവിന്റെ കുരിശുമരണസമയത്ത് താൻ തന്റെ ആത്മാവിനെ പിതാവിന്റെ കൈകളിൽ സമർപ്പിച്ചപ്പോൾ സ്രോപ്പേന്മാർ പാടിയ ഗീതമായിട്ടാണ് ഇതിനെ വ്യാഖ്യാനിക്കുന്നത്. ഈ ഗീതം കേട്ട അരിമത്യക്കാരനായ യൗസേപ്പ് "ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമെ" എന്നു പാടി എന്നൊരു പാരമ്പര്യം ഉണ്ട്.

ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ എന്ന് അഭിസംബോധന ചെയ്യുന്നത് വിശ്വാസിക്ക് ദൈവവുമായുള്ള സാമീപ്യം (intimacy) സൂചിപ്പിക്കുവാനായിട്ടാണ്. പരപുരുഷനെ സൂചിപ്പിക്കുന്നതിന് രണ്ടുവാക്കുകൾ ഉള്ള ഭാഷകളിലെല്ലാംതന്നെ കുടുംബാംഗങ്ങൾ പരസ്പരം അതിലെ ഏക വചനമാണ് ഉപയോഗിക്കുന്നത്. ഉദാഹരണമായി ഹിന്ദിയിൽ "തൂ" എന്നും "ആപ്പ്" എന്നു രണ്ടുവാക്കുകളാണ് പരപുരുഷനെ സൂചിപ്പിക്കുന്നത്. എന്നാൽ കുടുംബത്തിനുള്ളിൽ കൊച്ചുകുട്ടിപോലും പ്രായമായവരെ "തൂ" എന്ന് വിളിക്കുന്നത് ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെയാണ്. ഈ ഒരു ഭാഷാപ്രയോഗം

മലയാളത്തിന്റെ മാത്രം പ്രശ്നമല്ല. ഒരു പാശ്ചാത്യഭാഷയായ ജർമ്മനിൽ ദൈവത്തെ വിളിക്കുന്നത് പരപുരുഷനെ സൂചിപ്പിക്കുന്ന ഏകവചനം (du) പറഞ്ഞാണ്; മറിച്ച് ബഹുവചനം (Sie) പറഞ്ഞല്ല.

**iii) തിരുവചന ഭാഗങ്ങളുടെ വായന**

പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നുമുള്ള വായനകൾ അതാതു ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് തെരഞ്ഞെടുത്തു വായിക്കുന്നു. സുവിശേഷഭാഗത്തിൽനിന്നും കാർമ്മികൻ വായിക്കുന്ന ഏവൻഗേല്യോൻ ഇതിന്റെ സുപ്രധാന ഭാഗമാണ്. സാധാരണയായി പഴയനിയമത്തിൽനിന്ന് മൂന്നുഭാഗങ്ങൾ വായിക്കാറുണ്ട്. മിക്കപ്പോഴും ആദ്യത്തെ വായന മോശയുടെ അഞ്ചു പുസ്തകങ്ങളിൽ ഒന്നിൽ നിന്നും അവസാനത്തേത് പ്രവാചക പുസ്തകങ്ങളിൽ ഒന്നിൽനിന്നുമാണ് വായിക്കാറുള്ളത്. യെശയ്യാ പ്രവചനം മശിഹായുടെ വരവിനെപ്പറ്റി പറയുന്ന ശ്രേഷ്ഠഭാഗങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ട് അതിന്റെ പ്രാരംഭത്തിൽ "മഹത്വമുള്ളവനായ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നും, ബാറെക്മോർ" എന്നാണ് പറയാറുള്ളത്. നമ്മുടെ പഴമവായനയിൽ ഇടക്കാലഗ്രന്ഥങ്ങളിൽ(Deutero Canonical) നിന്നും (*ഉദാ.* മക്കാബിയർ, വിജ്ഞാനം) ഉള്ള വായനകൾ ക്രമീകരിച്ചിട്ടുണ്ട്. പഴമവായന സ്ത്രീകൾക്കും നടത്തുവാനുള്ള അനുവാദം സഭ മൂന്നു പതിറ്റാണ്ടുകൾക്ക് മുൻപുതന്നെ നൽകിയിട്ടുണ്ട്.

പുതിയനിയമത്തിൽനിന്നും മൂന്നു വായനകളാണുള്ളത്. ഇതിൽ മദ്ബഹായുടെ വടക്കുവശത്ത് അപ്പോസ്തോല പ്രവൃത്തികളോ, ഏഴ് പൊതുലേഖനങ്ങൾ ഉള്ളതിൽ ഒന്നിൽനിന്നോ (യാക്കോബ് 1-2 പത്രോസ്, 1-3 യോഹന്നാൻ, യൂദാ) വെളിപ്പാടുപുസ്തകത്തിൽ നിന്നോ വായിക്കുന്നു. മദ്ബഹായുടെ തെക്കുവശത്ത് പരിശുദ്ധനായ പൗലോസ് അപ്പോസ്തോലന്റെ പാരമ്പര്യത്തിലുള്ള ഏതെങ്കിലും ലേഖനഭാഗം വായിക്കുന്നു. ഇവയ്ക്കുശേഷം വി. സുവിശേഷം ആഘോഷമായി പടിഞ്ഞാറേയ്ക്ക് കൊണ്ടുവന്നു വായിക്കുന്നു. (പട്ടക്കാരുടെ അനുവാദത്തോടെ ചില പ്രത്യേക സന്ദർഭങ്ങളിൽ ഏവൻഗേലിയോൻ വായിക്കാനുള്ള അവസരം പൂർണ്ണ ശെമ്മാശന്മാർക്കും നൽകിയിട്ടുണ്ട്) വി. വേദവായനകൾക്കുശേഷം പ്രസംഗമാണ് നടക്കേണ്ടത്. അതോടുകൂടിയാണ് വി. കുർബ്ബാനയുടെ വചനശുശ്രൂഷ എന്ന ഭാഗം അവസാനിക്കുന്നത്. എന്നാൽ ഇന്നത്തെ സൗകര്യങ്ങൾ പ്രമാണിച്ച് അത് അവസാനഭാഗത്തേക്ക് മാറ്റിയാണ് മിക്ക പള്ളികളിലും നടത്തപ്പെടുക. വചനശുശ്രൂഷയ്ക്കുശേഷം ഉള്ള ഭാഗം അനാഫോറയ്ക്കുള്ള ഒരുക്കമാണ്.

**(iv) പ്രൊമിയോൻ-സെദറ**

വി. വേദവായനകൾ കേട്ട വിശ്വാസികൾ അനുതപിക്കുകയും തങ്ങളുടെ പാപപരിഹാരത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നതിനുള്ളതാണ് പ്രൊമിയോൻ-സെദറാകൾ. ഇതിന്റെ ആദ്യ ഖണ്ഡികക്ക് 'പ്രൊമിയോൻ' എന്നുപറയുന്നു, ഈ വാക്കിന് 'മുഖവുര' എന്നാണർത്ഥം. രണ്ടാമത്തേത് 'പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും' എന്നു തുടങ്ങുന്ന പാപപരിഹാര പ്രാർത്ഥനയാണ്. സുറിയാനിയിൽ പാപപരിഹാരത്തെ സൂചിപ്പിക്കുന്ന 'ഹൂസോയോ' (absolution) എന്ന പേരാണ് ഇതിന് നൽകിയിരിക്കുന്നത്. ഇവയ്ക്കുശേഷം 'സെദറ' വായിക്കുന്നു. ഈ വാക്കിന് 'നിര', 'ക്രമം' എന്നിങ്ങനെയുള്ള അർത്ഥങ്ങളാണുള്ളത്. ജീവനുള്ള ദൈവത്തിൽ വിശ്വസിച്ചു ജീവിച്ച മാതാക്കളുടെയും പിതാക്കന്മാരുടെയും മാതൃകകൾ അനുസ്മരിച്ച് നമുക്കു ദൈവിക കൃപകൾക്കായി യാചിക്കുന്ന ഈ ഖണ്ഡിക പ്രാർത്ഥനകളുടെ ഒരു നിരയെ സൂചിപ്പിക്കുന്നു (recitation of a series of prayer). സന്ദർഭത്തിനനുസരിച്ച് ചൊല്ലുവാനായി വി. കുർബ്വാന തക്സായിൽ ധാരാളം പ്രൊമിയോൻ-സെദറാകൾ ക്രമീകരിച്ചിട്ടുണ്ട്.

**(v) ധൂപക്കുറ്റി വാഴ്വ്**

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ, പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ, പരിശുദ്ധനായ റൂഹാ പരിശുദ്ധൻ എന്നു ചൊല്ലി ധൂപക്കുറ്റി വാഴ്ത്തുന്നതും ത്രിത്വാരാധനയുടെ ഭാഗമാണ്. വിശ്വാസപ്രമാണം ചൊല്ലുന്നതിനുമുമ്പ് ധൂപമേന്തിയ ശെമ്മാശൻ ദേവാലയം മുഴുവൻ ചുറ്റിനടന്ന് ധൂപം വീശുന്ന പതിവ് അഞ്ചാം നൂറ്റാണ്ടുമുതൽ സുറിയാനി സഭയിൽ പതിവുണ്ട്. വിശ്വാസപ്രമാണത്തിനുശേഷം അപ്പവീഞ്ഞുകളുടെ ആഘോഷമാണ് (Liturgy of the Faithful) നടക്കുന്നത്. ആയതിനാൽ അവിശ്വാസികളെ പള്ളിയിൽനിന്നും പുറത്താക്കി സ്നാനമേറ്റവർക്കുമാത്രം അവകാശപ്പെട്ട ശുശ്രൂഷയ്ക്കായി ഒരുക്കുന്ന സമയവും ഇതായിരുന്നു.

**(vi) വിശ്വാസപ്രമാണം**

അപ്പോസ്തോലിക സഭയുടെ വിശ്വാസപ്രഖ്യാപനങ്ങളിൽ ഏറ്റവും പ്രമുഖമായിരിക്കുന്ന 'നിഖ്യാ-കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണം' (Niceno Constantinopolitan Creed) ചൊല്ലുന്നു. വിശ്വാസികൾ എല്ലാവരും ചേർന്ന് ഇത് ചൊല്ലുന്നു. എ.ഡി. 325ലും 381 ലും നടന്ന സാർവത്രിക സുന്നഹദോസുകളിൽ ക്രോഡീകരിക്കപ്പെടുകയും കൽക്കദോൻ സുന്നഹദോസിൽവച്ച് അംഗീകരിക്കപ്പെടുകയും ചെയ്ത ഈ വിശ്വാസപ്രമാണം അന്ത്യോഖ്യൻ പാത്രിയർക്കീസായിരുന്ന

Peter the Fuller (471-488) ആണ് ആദ്യമായി വി. കുർബ്ബാനയിൽ ഉപ യോഗിച്ചു തുടങ്ങിയത് എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

നാലു ഖണ്ഡികകളുള്ള വിശ്വാസപ്രമാണത്തിന്റെ (Nicene creed) ഒന്നാം ഖണ്ഡിക സർവ്വശക്തനായ പിതാവാം ദൈവത്തെപ്പറ്റിയും, രണ്ടാം ഖണ്ഡിക മനുഷ്യരക്ഷയ്ക്കായി അവതരിച്ച യേശുക്രിസ്തു വിനെപ്പറ്റിയും മൂന്നാം ഖണ്ഡിക പരിശുദ്ധാത്മാവിനെപ്പറ്റിയും സഭയെപ്പറ്റിയുമുള്ള വിശ്വാസപ്രഖ്യാ പനങ്ങളാണ്. നാലാം ഖണ്ഡിക വി. മാമോദീസായേയും കർത്താവിന്റെ രണ്ടാമത്തെ വരവിനേയും സംബന്ധിച്ചുള്ള വിശ്വാസപ്രഖ്യാപനമാണ്. ചില സഭകളിൽ ഇതിനു മുൻപുള്ളതും ലഘുവായതുമായ "അപ്പോസ്തോലിക വിശ്വാസ പ്രമാണം" (Apostolic Creed) ഉപയോഗിച്ചുവരുന്നു.

**(vii) മദ്ധ്യസ്ഥ പ്രാർത്ഥന**

"യാചിക്കേണ്ടും സമയമിതാ" എന്ന ഗാനം ആലപിക്കുമ്പോൾ പട്ടക്കാരൻ ത്രോണോസിന് മുമ്പിൽ മുട്ടുകുത്തി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. തന്റെ സ്മരണയിലുള്ളതും, ഓർമ്മിക്കപ്പെടുവാൻ തന്നെ ഭരമേല്പിച്ചതുമായ സർവ്വജനങ്ങൾക്കുംവേണ്ടി തൂയോബോ ശുശ്രൂഷയിൽ രഹസ്യമായി പ്രാർത്ഥനകൾ നടത്തുന്നുവെങ്കിലും പരസ്യമായ ഈ മദ്ധ്യസ്ഥപ്രാർത്ഥന ഏറ്റവും ഹൃദയാവർജകമായ നിമിഷമാണ്. വി. വേദവായനകളും, പ്രൊമിയോൻ - സെദറാകളും ശ്രദ്ധയോടെ കേട്ട വിശ്വാസികൾ ഈ സമയം അത്യന്തം അനുതാപ ത്തോടും, പശ്ചാത്താപത്തോടും കൂടിയാണ് നിലകൊള്ളുന്നത്.

ചുരുക്കത്തിൽ തൂയോബോ ശുശ്രൂഷയിലൂടെയും, വചന ശുശ്രൂ ഷയിലൂടെയും (Liturgy of the Word) വിശ്വാസികൾ വി. കുർബ്ബാന യ്ക്കായി അർത്ഥവത്തായി ഒരുങ്ങുകയും തയ്യാറെടുക്കുകയും ചെയ്യുന്നു. ഇനിയാണ് വി. കുർബ്ബാനയുടെ ഏറ്റവും ശ്രദ്ധേയമായ ഭാഗം.

## ചിന്തിക്കുക

1. 'സ്നാനാർത്ഥികളുടെ ക്രമം' എന്നത് വി. കുർബ്ബാനയുടെ ഏതു ഭാഗമാണ്? ആ പേരിന്റെ പ്രസക്തി എന്ത്?
2. ത്രൈശുദ്ധകീർത്തനം എന്നാൽ എന്ത്?
3. ശ്ലീഹാവായനയിൽ വടക്കുവശത്തു വായിക്കുന്ന പുസ്തക ങ്ങളുടെയും തെക്കുവശത്തു വായിക്കുന്ന പുസ്തകങ്ങളു ടെയും ഒരു ലിസ്റ്റ് തയ്യാറാക്കുക.
4. വിശ്വാസപ്രമാണത്തിന്റെ ഓരോ ഖണ്ഡികയിലും ഏറ്റുപറ യുന്ന വിശ്വാസങ്ങൾ ഏവ?

അദ്ധ്യായം അഞ്ച്

# വി. കുർബ്ബാനയുടെ വിവിധ ഭാഗങ്ങൾ: തുടർച്ച

## C അനാഫോറ

### അപ്പവീഞ്ഞുകളുടെ ആഘോഷം

വി. കുർബ്ബാനയുടെ ഏറ്റവും ശ്രേഷ്ഠമായ ഈ ഘട്ടത്തിന് അതിന്റെ ആദ്യപ്രാർത്ഥനയുടെ പേരിൽ അനാഫോറാ (Anaphora) എന്നും അവസാന പ്രാർത്ഥനയുടെ പേരിൽ എവുക്കാറസ്തിയോ (Eucharist) എന്നും വിളിക്കുന്നതായി മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ. ഈ ശുശ്രൂഷാഘട്ടത്തിന്റെ മറ്റൊരു പേരാണ് Liturgy of the Faithful. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച നമ്മുടെ ഇപ്പോഴത്തെ വി. കുർബ്ബാന ക്രമത്തിൽ ഈ ഭാഗത്തെ അഞ്ച് അദ്ധ്യായങ്ങളായി തരം തിരിച്ചിട്ടുണ്ട്. അപ്രകാരം തന്നെ നമുക്ക് ഈ ഭാഗത്തെപ്പറ്റി പഠിക്കാം.

**(i) സമാധാനത്തിനായുള്ള പ്രാർത്ഥന**

വി. കുർബ്ബാന സഭ ഒന്നായി ഒരു കൂട്ടായ്മയുടെ അനുഭവത്തിൽ നടത്തപ്പെടുന്ന ആരാധനയാണല്ലോ. വചനശുശ്രൂഷയിലൂടെ അനുതപിച്ച് പാപമോചനം പ്രാപിച്ച വിശ്വാസികൾ നിരപ്പിന്റെ (reconciliation) അനുഭവത്തിൽ വേണം അപ്പവീഞ്ഞുകളുടെ ആഘോഷത്തിൽ പങ്കെടുക്കുവാൻ. “നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവച്ച് ഓർമവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുൻപിൽ വച്ചിട്ട്, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊള്ളുക, പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക.” (മത്താ. 5: 23-24) എന്ന കർതൃവചനം ഇവിടെ സാക്ഷാൽക്കരിക്കപ്പെടുകയാണ് ചെയ്യുന്നത്.

പരസ്പര സമാധാനത്തിനായി ആലിംഗനം ചെയ്യുക, ഹസ്തദാനംചെയ്യുക, ഇരുകൈകളും ചേർത്ത് സമാധാനം കൈമാറുക എന്നിങ്ങനെ പല രീതികൾ നിലവിലുണ്ട്; ഇതിൽ അവസാനത്തേ

താണ് നമ്മുടെ പതിവ്. വി. കുർബ്ബാനയുടെ സുപ്രധാന ഭാഗത്തേക്ക് പ്രവേശിക്കുന്നതിനു മുൻപ് അപ്പവീഞ്ഞുകളുടെമേൽ ശോശപ്പാ ആഘോഷിക്കുമ്പോൾ നമ്മുടെ മനോഭാവത്തിൽ വിശുദ്ധി, വെടിപ്പ്, സ്നേഹം, ദൈവഭക്തി മുതലായ സദ്ഗുണങ്ങൾ നിറയണം എന്ന് ശുശ്രൂഷക്കാരൻ ആഹ്വാനം ചെയ്യുന്നു. തുടർന്ന് ഒന്നാമത്തെ റൂശ്മ നൽകുന്നു. അതിപ്രകാരമാണ്, "പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകപുത്രന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംബന്ധവും ആവാസവും എന്റെ സഹോദരങ്ങളെ! നിങ്ങളെല്ലാവരിലും എന്നേക്കും ഉണ്ടായിരിക്കട്ടെ."

**(ii) അപ്പവീഞ്ഞുകളുടെ ആഘോഷം**

വളരെ പുരാതനവും വി. കുർബ്ബാനയിൽ സുപ്രധാനങ്ങളുമായ ഏതാനും പ്രാർത്ഥനകളാണ് ഈ ഘട്ടത്തിൽ നിറവേറ്റപ്പെടുന്നത്. ത്രിത്വനാമത്തിലുള്ള ആശീർവാദത്തിന് (2 കൊരി 13:14) ശേഷം **ഒന്നാമതായി** നമ്മുടെ ഹൃദയങ്ങളെയും ചിന്തകളെയും ദൈവസന്നിധിയിലേയ്ക്ക് ഉയർത്തുവാനുള്ള സമർപ്പണ പ്രാർത്ഥന നടത്തുന്നു. ഇതിന് 'ഹൃദയങ്ങളെ ഉയർത്തുക' എന്ന അർത്ഥത്തിൽ Sursum Corda എന്ന് പറയാറുണ്ട്.

**രണ്ടാമതായി** മാലാഖമാരുടെ സ്തുതിഗീതം (Sanctus) ആണ്. യെശയ്യാ 6:3, എബ്രായർ 12:22-23, മത്തായി 21:9, വെളിപ്പാട് 4:6-8 എന്നീ വേദഭാഗങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സമയത്തെ പ്രാർത്ഥനയും പ്രതിവാക്യവും ക്രമീകരിച്ചിരിക്കുന്നത്. സ്വർഗ്ഗീയരും ഭൗമികരും ഒരുമിച്ച് നമ്മുടെ രക്ഷകനായ കർത്താവിനെ വാഴ്ത്തി സ്തുതിക്കുന്ന നിമിഷമാണിത്.

**മൂന്നാമതായി** അപ്പവും വീഞ്ഞും വാഴ്ത്തുന്ന പ്രാർത്ഥനയാണ്. ഇതിനെ Words of Institution എന്നു പറയുന്നു. നമ്മുടെ കർത്താവ് വി. കുർബ്ബാന സ്ഥാപിച്ച അവസരത്തിൽ ഉദ്ധരിച്ച വാക്കുകളാണിത് (മർക്കോസ് 14:22-25).

**നാലാമതായി** 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് അനുഷ്ഠിക്കുവിൻ' എന്ന് പറയുന്ന Anamnesis ആണ് നടത്തപ്പെടുന്നത്. കർത്താവിന്റെ രണ്ടാം വരവുവരെയും തന്റെ രക്ഷാകരപ്രവൃത്തിയെ നാം അനുസ്മരിക്കേണ്ടിയിരിക്കുന്നു എന്ന് ഇത് ഓർമ്മിപ്പിക്കുന്നു.

**അഞ്ചാമതായി** പരിശുദ്ധ റൂഹായോടുള്ള ആഹ്വാനമായ Epiclesis (റൂഹാക്ഷണം) ആണ് ചൊല്ലുന്നത്. വി. കുർബ്ബാനയിൽ ആദിയോടന്തം പരിശുദ്ധ റൂഹായുടെ സാന്നിദ്ധ്യം നാം അനുഭവി

ക്കുന്നുവെങ്കിലും അതു നാം ഭക്തിപൂർവ്വം തിരിച്ചറിയുന്ന നിമിഷ മാണിത്. ഇക്കാരണത്താൽ കർമ്മേൽമലമേൽ യാഗമർപ്പിച്ച ഏലിയാ പ്രവാചകനെപ്പോലെ "കർത്താവേ എന്നോടുത്തരമരുളേണമെ" (1 രാജ 18: 37) എന്ന് ഹൃദയവേദനയോടെ പട്ടക്കാരൻ ചൊല്ലുന്നു. തുടർന്ന് അപ്പത്തിന്മേലും വീഞ്ഞിന്മേലും പരിശുദ്ധ റൂഹാ ആവ സിച്ച് അവയെ നമ്മുടെ കർത്താവിന്റെ ശരീരരക്തങ്ങളായി രൂപാ ന്തരം ചെയ്യുന്നതായി അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, ഹൃദയങ്ങളെ ഉയർത്തുന്ന Sursum Corda, ത്രിത്വ സങ്കീർത്തനമായ Sanctus, സ്ഥാപനവചനങ്ങൾ (Words of Institution), അനുസ്മരണ പ്രാർത്ഥന (Anamnesis), റൂഹാക്ഷണം (Epiclesis) എന്നീ അഞ്ചുഘടകങ്ങളടങ്ങിയ അനാഫോറായുടെ ഘട്ടമാണ് വി. കുർബ്ബാനയിലെ ഏറ്റവും ഭക്തിനിർഭരവും പരിശുദ്ധ വുമായ സമയം. വിശ്വാസപരമായി ഭിന്നിച്ചുനിൽക്കുന്ന സഭകളിൽ വി. കുർബ്ബാനയനുഷ്ഠാനത്തിന് വിവിധ രീതികളുണ്ടെങ്കിലും ഈ അഞ്ചു ഘടകങ്ങളിൽ സാധാരണയായി ഐക്യം നിലനിർത്തുന്നു.

**iii) തുബ്ദേനുകൾ**

ആറുതരത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ ചേർന്ന ഭാഗത്തെ യാണ് നാം ഇന്ന് "തുബ്ദേനുകൾ" എന്നു പൊതുവെ വിളിക്കുന്നത്. ഓരോന്നിന്റെയും ആദ്യം കാർമ്മികൻ പരസ്യമായി പ്രാർത്ഥിക്കു കയും തുടർന്ന് ശുശ്രൂഷക്കാരൻ ഒരു പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. എന്നാൽ ഇതേ സമയംതന്നെ പട്ടക്കാരൻ രഹസ്യമായും ഒരു പ്രാർത്ഥന അർപ്പിക്കുന്നു. അങ്ങനെ പറഞ്ഞാൽ പതിനെട്ടു പ്രാർത്ഥനകളുടെ ഒരു സമാഹാരമാണ് തുബ്ദേനുകൾ. സുറിയാ നിയിൽ തുബ്ദേൻ എന്നുപറഞ്ഞാണ് ശുശ്രൂഷക്കാരൻ രണ്ടാമ ത്തേതു മുതൽ ആറാമത്തേതുവരെയുള്ള പ്രാർത്ഥന ആരംഭിക്കു ന്നത്. ഈ വാക്കിന് 'എന്നാൽ വീണ്ടും' എന്നാണർത്ഥം. ഈ പ്രാർത്ഥ നകളുടെ സാങ്കേതിക പദം സുറിയാനിയിൽ 'ദീപ്തിക്കി' (ഗ്രീക്ക് Diptychs) എന്നാണ്. 'കാനോൻ', 'അനുസ്മരണം' എന്നൊക്കെയാണ് ഈ വാക്കുകളുടെ അർത്ഥം. എഡെസ്സായിലെ യാക്കോബി(640-708 AD)നെപ്പോലെയുള്ളവർ 'അനുസ്മരണം' എന്നയർത്ഥത്തിലാണ് തുബ്ദേനുകളെ നാമകരണം ചെയ്യുന്നത്.

ആറു മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ ആദ്യത്തെ മൂന്നെണ്ണം ജീവി ച്ചിരിക്കുന്നവർക്കുവേണ്ടിയും പിന്നത്തെ മൂന്നെണ്ണം വാങ്ങിപ്പോയ വർക്കുവേണ്ടിയും അനുഷ്ഠിക്കപ്പെടുന്നവയാണ്. ഒന്നാമത്തെ

തുബ്ദേനിൽ നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്ന മെത്രാപ്പോലീത്താമാരെയും അവയിലുള്ള കശ്ശീശന്മാരെയും, ശെമ്മാശന്മാരെയും അനുസ്മരിക്കുന്നു. രണ്ടാമത്തെതിൽ വി. കുർബ്ബാനയിൽ ഓർക്കാനായി പേർ നൽകിയിട്ടുള്ള ഏവർക്കുംവേണ്ടിയും, രോഗികളും ക്ലേശമനുഭവിക്കുന്നവരുമായവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതിനാൽ വി. കുർബ്ബാനയ്ക്കു ശേഷമുള്ള ജന്മദിനപ്രാർത്ഥനയും രോഗികൾക്കുള്ള മദ്ധ്യസ്ഥതയും മറ്റും പൗരസ്ത്യ ആരാധനയോടു യോജിച്ചതോ ആവശ്യമുള്ളതോ അല്ല. മൂന്നാമത്തെ തുബ്ദേനിൽ സകല ഭരണകർത്താക്കളെയും ഓർക്കുന്നു. നമ്മുടെ ദേശത്തെയും, രാജ്യത്തെയും ഭരിക്കുന്നവർ ദൈവാനുഗ്രഹമുള്ളവരായി തീർന്നെങ്കിലേ നമുക്കും സമാധാനപൂർവ്വം ജീവിക്കാനൊക്കുകയുള്ളു എന്ന യാഥാർത്ഥ്യം ഇവിടെ സ്പഷ്ടമാകുന്നു.

നാലാം തുബ്ദേനിൽ ദൈവമാതാവായ വി. കന്യകമറിയാം മുതലുള്ള പരിശുദ്ധന്മാരെയും പ്രത്യേകാൽ കുർബ്ബാനയർപ്പിക്കപ്പെടുന്ന ദേവാലയം ആരുടെ നാമത്തിലാണോ പണികഴിക്കപ്പെട്ടിരിക്കുന്നത് ആ പരിശുദ്ധനെയും ഓർത്തു പ്രാർത്ഥിക്കുന്നു. അഞ്ചാം തുബ്ദേനിൽ സഭയുടെ സത്യവിശ്വസത്തെ ക്രോഡീകരിച്ച സകല പിതാക്കന്മാരെയും ഓർമ്മിക്കുന്നു. പ്രത്യേകാൽ നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എഫേസൂസ് എന്നീ സാർവത്രിക സുന്നഹദോസുകളിൽ സത്യവിശ്വാസം കാത്തുസൂക്ഷിച്ചവരെ ഓർമ്മിക്കുന്നു. കൽക്കദോൻ സുന്നഹദോസിലും അതിനുശേഷവും സത്യവിശ്വാസ സംരക്ഷകരായിരുന്ന മലങ്കരയുടെ പരിശുദ്ധന്മാരെയും (യൽദോ മാർ ബസേലിയോസ്, പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ്) ഇവിടെ അനുസ്മരിക്കുന്നു. ആറാം തുബ്ദേൻ സകല വാങ്ങിപ്പോയവരെയും ഓർമ്മിക്കുന്ന പ്രാർത്ഥനയാണ്.

“സകല ആത്മാക്കളുടെയും ശരീരങ്ങളുടെയും നാഥനായ ദൈവമായ കർത്താവേ! സത്യവിശ്വാസപൂർവ്വം ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയിട്ടുള്ള എല്ലാവരെയും നീ ഓർക്കേണമെ. അവരുടെ ശരീരങ്ങളെയും ദേഹികളെയും ആത്മാക്കളെയും ആശ്വസിപ്പിക്കണമെ. അനന്തമായ ശിക്ഷാവിധിയിൽനിന്ന് അവരെ രക്ഷിക്കണമെ. നിന്റെ മുഖപ്രകാശം പരിലസിക്കുന്നിടത്ത് അവരെ നീ ആശ്വസിപ്പിക്കണമെ. അവരുടെ തെറ്റുകൾ മായിക്കണമെ. അവരുടെ ശിക്ഷാവിധിക്കു നീ തുനിയരുതെ” എന്നതാണ് ഈ സമയത്തെ പ്രാർത്ഥന.

### (iv) ഖണ്ഡിപ്പിന്റെ ശുശ്രൂഷ

വി. കുർബ്ബാന സ്ഥാപനത്തിലെ വാക്കുകളായ 'വാഴ്ത്തി' 'നുറുക്കി', 'കൊടുത്തു' എന്നിവ വി. കുർബ്ബാനയിലെ മൂന്നു സുപ്രധാന ഘടകങ്ങളായി ഫാ. ബേബി വറുഗീസ് പറയുന്നു. ഇവ മൂന്നിനും തൊട്ടു മുൻപായിട്ടാണ് മൂന്ന് ആശീർവാദങ്ങൾ നമ്മുടെ കുർബ്ബാനയിലുള്ളത്. "വലിയവനും നമ്മുടെ രക്ഷയിതാവും ആയ യേശുമിശിഹായാകുന്ന ദൈവത്തിന്റെ കരുണ, എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന രണ്ടാം ആശീർവാദത്തിനുശേഷമുള്ളത് അപ്പംനുറുക്കലിന്റെ ശുശ്രൂഷയാണ്. ഇതിൽതന്നെ വിഭജനം, മുദ്രണം, കലർത്തൽ എന്ന് മൂന്നു ചടങ്ങുകൾ പട്ടക്കാരൻ രഹസ്യമായി പ്രാർത്ഥനകൾ ചൊല്ലി നടത്തുന്നു.

ഈ സമയം ജനങ്ങൾ "അൻപുടയോനെ" എന്നു തുടങ്ങുന്ന അനുതാപഗീതം ചൊല്ലുന്നു. ഈ പാട്ട് പാടുമ്പോൾ നമ്മുടെ കർത്താവിന്റെ കുരിശുമരണവും, കബറടക്കവും, ഉയിർത്തെഴുന്നേൽപും ഓർക്കുന്ന പ്രാർത്ഥനകളാണ് മദ്ബഹായിൽ സമർപ്പിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി കുരിശിൽ ജീവൻ നൽകിയ ക്രിസ്തു നമ്മുടെ പാപങ്ങൾ പോക്കി നമ്മെ അനുഗ്രഹിക്കണമെന്നാണ് നാം ഈയവസരത്തിൽ ഹൃദയത്തിൽ നിരൂപിക്കേണ്ടത്. തുബ്ദേനിൽ ഓർക്കുന്നതുപോലെ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്ന ലുത്തിനിയാകളും ഈ സമയത്ത് നാം അർപ്പിക്കാറുണ്ട്. 'ലുത്തിനിയാ' എന്നാൽ 'അപേക്ഷ' എന്നാണർത്ഥം.

### (iv) വി. കുർബ്ബാന സ്വീകരണം

നമ്മുടെ കുർബ്ബാന ക്രമത്തിലെ നാലാം അദ്ധ്യായം വി. കുർബ്ബാന സ്വീകരണത്തിനു മുൻപും പിൻപുമുള്ള പ്രാർത്ഥനകൾ ചേർന്നതാണ്. ഇതിന്റെ തുടക്കം കർതൃപ്രാർത്ഥനയോടെയാണ്. നമ്മുടെ കർത്താവ് ശിഷ്യൻമാരെ പഠിപ്പിച്ച ഈ പ്രാർത്ഥന വി. മത്തായി ശ്ലീഹായുടെയും (മത്താ 6:9–15) വി. ലൂക്കോസ് ഏവൻഗേലിസ്ഥന്റെയും (ലൂക്കോ. 11:1–4) സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദിമസഭയിൽ മാമോദീസാ സ്വീകരിച്ച വിശ്വാസികൾ മാത്രം ചൊല്ലിയിരുന്ന പ്രാർത്ഥനയാണിത്. കുർബ്ബാനയിൽ സംബന്ധിക്കുന്നവരെല്ലാം തലകുനിച്ച് പ്രാർത്ഥിച്ചശേഷം "പരിശുദ്ധവും മഹത്വമുള്ളതും സൃഷ്ടിയല്ലാത്ത സ്വയംഭൂവും അനാദ്യന്തവും വന്ദ്യവും

സാരാംശത്തിൽ ഒന്നായിരിക്കുന്നതുമായ ത്രിത്വത്തിന്റെ കൃപയും കരുണയും എന്റെ സഹോദരങ്ങളേ! നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" എന്ന മൂന്നാമത്തെ ആശീർവാദം സ്വീകരിക്കുന്നു. ഇനിയുള്ളത് കാസായും പീലാസായും ഉയർത്തി ആഘോഷിക്കുന്ന പ്രാർത്ഥനയാണ്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെയനുസ്മരിക്കുന്ന ഈ സമയം താൻ ത്രിത്വത്തിൽ ഒരുവനാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ച് ത്രിത്വാരാധനയാണ് നടത്തുന്നത്. ജനനത്തെ ഓർമ്മിച്ച പ്രാരംഭസമയത്തും (ത്രൈശുദ്ധ കീർത്തനം), പരസ്യ ശുശ്രൂഷയുടെ അനുസ്മരണം നിർവ്വഹിച്ച അനാഫോറായുടെ തുടക്കത്തിലും (ധൂപക്കുറ്റി വാഴ്വ്) ഇപ്പോൾ സ്വർഗ്ഗാരോഹണമോർക്കുന്ന സമയത്തും യേശുക്രിസ്തു ത്രിത്വത്തിൽ ഒരുവനാണെന്നുള്ളതുകൊണ്ട് ത്രിത്വാരാധനയാണ് നടത്തുന്നത്.

ഇതേത്തുടർന്ന് ഉടൻതന്നെ വി. കുർബ്ബാനയനുഭവിക്കുന്ന പതിവായിരുന്നു പുരാതന സഭയിൽ നടന്നുവന്നിരുന്നത്. എന്നാൽ നമ്മുടെ ഇപ്പോഴത്തെ ആരാധനയിൽ നമ്മെ വിശ്വാസം പഠിപ്പിച്ച പിതാക്കന്മാരെ ഓർത്ത് ഗീതമാലപിക്കുകയും തുടർന്ന് കുക്കിലിയോനുകൾ ചൊല്ലുകയും ചെയ്യുന്നു. കുക്കിലിയോൻ എന്ന വാക്കിന്റെയർത്ഥം വൃത്തം (circle) എന്നാണ്. ഓരോ കുക്കിലിയോനിലും ഒരു സങ്കീർത്തനഭാഗവും (ഉദാ: സങ്കീ. 45:9-11) ഒരു എക്ബോയും രണ്ടു ഖണ്ഡികകളുള്ള കോലോയും അവസാനമായി ഒരു ബോവൂസോയും കാണും. ദൈവമാതാവ്, പരിശുദ്ധർ, സ്ലീബാ, വാങ്ങിപ്പോയ വൈദികർ, വാങ്ങിപ്പോയ വിശ്വാസികൾ എന്നിങ്ങനെയാണ് ഈ അഞ്ച് കുക്കിലിയോനുകളുടെ ചിന്താവിഷയങ്ങൾ.

വി. കുർബ്ബാന സ്വീകരണത്തിനുള്ള അവസരം യഥാർത്ഥത്തിൽ പട്ടക്കാരൻ തിരുശരീരരക്തങ്ങൾ പടിഞ്ഞാറോട്ട് ആഘോഷിച്ചുകൊണ്ട് വരുമ്പോൾ നടത്തുന്ന മൂന്നു പ്രാർത്ഥനകൾ ചൊല്ലിയ ശേഷമാണ്. എന്നാൽ ഇപ്പോൾ സൗകര്യാർത്ഥം പടിഞ്ഞാറോട്ടുള്ള ആഘോഷത്തിനു മുൻപായും, കൈമുത്തിനു മുൻപായും വി. കുർബ്ബാന നൽകാറുണ്ട്. വാസ്തവത്തിൽ വി. കുർബ്ബാന വിശ്വാസികൾക്ക് നൽകിയതിനുശേഷമാണ് "സ്തുതി ദൈവത്തിനുയരത്തിൽ" എന്ന പാട്ടും തുടർന്നുള്ള പ്രാർത്ഥനയും ചൊല്ലി കാസാ-പീലാസാകൾ തിരികെ ത്രോണോസിലേക്ക് വരവേൽക്കേണ്ടത്.

**(v) കൃതജ്ഞതാ സമർപ്പണം**

അനാഫോറായുടെ അവസാനഭാഗം കൃതജ്ഞതാ സമർപ്പണമാണ്. "കർത്താവേ! നിന്റെ സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുവാൻ

ഞങ്ങളെ അർഹരാക്കിത്തീർത്ത നിന്റെ മഹാകരുണ നിമിത്തം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കർത്താവേ! നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ അനുഭവംമൂലം ഞങ്ങൾ ശിക്ഷാർഹരായിത്തീരരുതെ. പിന്നെയോ നിന്റെ പരിശുദ്ധാത്മ സംസർഗത്തിന് ഞങ്ങൾ അർഹരായിത്തീരേണമെ. ആദിമുതലുള്ള സകല പുണ്യാത്മാക്കളോടുംകൂടെ ഓഹരിയും അവകാശവും ഞങ്ങൾ പ്രാപിക്കേണമെ" എന്നതാണ് ഈ പ്രാർത്ഥന.

ഇതിനുശേഷം സമാധാനത്തിനായുള്ളതും തലകുനിച്ചുള്ളതുമായ പ്രാർത്ഥനകൾക്ക് ശേഷം 'ഹൂത്തോമ്മോ'ചൊല്ലുന്നു. ഈ വാക്കിന്റെയർത്ഥം 'മുദ്രവയ്ക്കൽ', 'ഒപ്പുവയ്ക്കൽ' (end, conclusion) എന്നൊക്കെയാണ്. ദൈവവുമായി നാം ഏർപ്പെട്ട ഉടമ്പടിബന്ധത്തിന് മുദ്രവയ്ക്കുകയാണിവിടെ. "ആദിമുതലുള്ള സകല പുണ്യവാന്മാരുടെയുംകൂടെ ഓഹരിയും അവകാശവും ലഭിക്കണമെ" എന്ന് പ്രാർത്ഥിച്ച് ക്രിസ്തുവുമായുള്ള ഉടമ്പടി ഉറപ്പിക്കുന്നു. 'സേലൂൻ ബശ്ലോമ്മോ' എന്ന ആശീർവാദ പ്രാർത്ഥനയിലൂടെ പട്ടക്കാരൻ വി. ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കുമായി നമ്മെ സമർപ്പിച്ച് വി. കുർബ്ബാനയാകുന്ന 'വഴിയാഹാരം' നൽകി അയയ്ക്കുന്ന സമയമാണിത്. പ്രവാചകനായ മോശ പർവ്വതത്തിൽ കയറി ജനത്തിനുവേണ്ടി മദ്ധ്യസ്ഥതയാചിച്ചപ്പോൾ ജനം പർവ്വതത്തിനു ചുറ്റുംനിന്ന് മോശയ്ക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെ നാം പട്ടക്കാരനുവേണ്ടിയും പ്രാർത്ഥിക്കണമെന്നുള്ള ആഹ്വാനത്തോടെ അനാഫോറാ അവസാനിക്കുന്നു.

### 4.3 സമാപനശുശ്രൂഷ (Post Communion)

വി. കുർബ്ബാനയുടെ പരസ്യാരാധനയ്ക്ക് മുൻപായുള്ള തൂയോബോ പോലെ കുർബ്ബാനാനന്തരമുള്ള സമാപന ശുശ്രൂഷയും പ്രാധാന്യമേറിയതാണ്. ഈ കുർബ്ബാനാനന്തര ശുശ്രൂഷയുംകൂടി കഴിഞ്ഞുവേണം കൈമുത്തി ജനങ്ങൾ പിരിഞ്ഞുപോകുവാൻ. "സേലൂൻ ബശ്ലോമ്മോ..." കഴിഞ്ഞാലുടൻ തിരശ്ശീലയിടുന്നു. പട്ടക്കാരൻ ത്രോണോസിന്റെ മുൻപാകെ മുട്ടുകുത്തി പ്രാർത്ഥിച്ച ശേഷം എല്ലാവരും 23-ാം സങ്കീർത്തനം ആലപിക്കുന്നു. തുടർന്ന് പട്ടക്കാരൻ കാസായിലും പീലാസയിലും അവശേഷിക്കുന്ന തിരുശരീരരക്തങ്ങൾ സ്വീകരിച്ചശേഷം അവ പ്രാർത്ഥനയോടെ തുടച്ച് വൃത്തിയാക്കുന്നു. 29-ാം സങ്കീർത്തനവും രഹസ്യപ്രാർത്ഥനകളും നടക്കുന്ന ഈ സമയം വിശ്വാസികൾ "എന്റെ കടങ്ങളശേഷം...."

എന്നു തുടങ്ങുന്ന പാട്ടും “മോറാനേശുമിശിഹാ...” എന്ന പാട്ടും ചൊല്ലുന്നു. പട്ടക്കാരൻ പ്രാർത്ഥനകളവസാനിപ്പിച്ച് ത്രോണോസി നോടു വിടചൊല്ലി കൈകൾ കഴുകി തുടച്ച് ശുശ്രൂഷ അവസാനി പ്പിക്കുന്നു.

“കർത്താവിന്റെ പരിശുദ്ധവും ദിവ്യവുമായ ബലിപീഠമേ! സമാ ധാനത്തോടെ വസിക്കുക. ഇനി ഈ സന്നിധിയിലേക്കു ഞാൻ വരുമോ ഇല്ലയോ എന്ന് എനിക്കു നിശ്ചയമില്ല. സ്വർഗ്ഗീയ കടിഞ്ഞൂ ലുകളുടെ സഭയിൽവച്ച് നിന്നെ കാണുവാൻ കർത്താവ് എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു” എന്ന ഹൃദയസ്പർശിയായ പ്രസ്താവനയോടെയാണ് പട്ടക്കാരൻ ത്രോണോസിന്റെ പടിയിറങ്ങുന്നത്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയോടെ സമാപന ശുശ്രൂഷയവസാനിക്കുന്നു. തുടർന്ന് തിരുശരീരരക്തങ്ങൾ എടുത്താഘോഷിച്ച കാർമ്മികന്റെ കൈകൾ മുത്തി ജനങ്ങൾ പിരിഞ്ഞുപോകുന്ന സമയമാണ്. ഈ സമയം സങ്കീർത്തനങ്ങൾ ആലപിക്കുന്നതു നല്ലതാണ്. ഹൃദയ സന്തോഷം നിറഞ്ഞ വിശ്വാസി ദൈവത്തിനു സ്തോത്രം പാടി ദേവാലയത്തിൽനിന്നുമിറങ്ങുന്ന പതിവാണു നമുക്കുള്ളത്.

## ചിന്തിക്കുക

1. വി. കുർബ്ബാനയുടെ പ്രധാന ഭാഗത്തിനു മുമ്പായി സമാധാന ചുംബനം നല്കുന്നതിന്റെ വേദപുസ്തകാടിസ്ഥാനം എന്ത്?
2. അനാഫോറായുടെ അഞ്ചു ഘട്ടങ്ങൾ ഏവ?
3. ഓരോ തുബ്ദേനിലെയും ധ്യാനവിഷയങ്ങൾ ഏതെല്ലാം?
4. ‘സേലൂൻ ബശ്ലോമ്മോ’, എന്ന ആശീർവാദത്തിൽ അടങ്ങിയി ട്ടുള്ള ആശയങ്ങൾ ഏവ?

## അദ്ധ്യായം ആറ്

# വി. കുർബ്ബാന ചരിത്രത്തിലൂടെ

വി. കുർബ്ബാനയനുഷ്ഠാനം ഇന്നത്തെ രീതിയിൽ രൂപം പ്രാപിച്ചത് ചരിത്രത്തിലെ വിവിധ ഘട്ടങ്ങളിലൂടെയാണ്. അവയെ ഒന്നൊന്നായി പരിശോധിച്ചെങ്കിൽ മാത്രമേ ഏതെല്ലാം ഘടകങ്ങൾ തുടക്കം മുതൽ ഇന്നെയോളം നിലവിലിരുന്നുവെന്നും മറ്റേതെല്ലാം സംഗതികൾ പിൽക്കാലത്ത് കൂട്ടിചേർക്കപ്പെട്ടു എന്നും നമുക്ക് ബോധ്യമാവുകയുള്ളൂ. ഈ ചരിത്രപഠനത്തെ മൂന്നുനാലു ഘട്ടങ്ങളായി നമുക്ക് വേർതിരിക്കാം.

## 1. വി. കുർബ്ബാനയുടെ അർത്ഥം പുതിയനിയമത്തിൽ

വി. കുർബ്ബാനയുടെ സ്ഥാപനത്തെക്കുറിക്കുന്ന ഏറ്റവും പുരാതനമായ രേഖ 1 കൊരിന്ത്യർ 11:23-30 ആണ്. സമവീക്ഷണ സുവിശേഷകന്മാരുടെ ചിത്രീകരണം (മത്താ. 26:26-29; മർക്കൊ. 14:22-25; ലൂക്കോ. 22:15-20) നാം വിശദമായി പരിശോധിച്ചു. വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ വി. കുർബ്ബാന സ്ഥാപനം വിവരിച്ചിട്ടില്ലെങ്കിലും അതിന്റെ അർത്ഥം വിശദമായി പറയുന്ന ഒരു ഭാഗമാണ് കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിക്കുന്ന വിവരണവും അതേത്തുടർന്നുള്ള കർത്താവിന്റെ പ്രബോധനവും (യോഹ. 6:1-71) എന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു.

ഇതുകൂടാതെയും പല ഭാഗങ്ങളിലായി വി. കുർബ്ബാനയെ സൂചിപ്പിക്കുന്ന ഭാഗങ്ങൾ പുതിയനിയമത്തിൽ കാണുന്നുണ്ട്. ഉത്ഥിതനായ യേശുക്രിസ്തു എമ്മവൂസിലേക്കു പോകുന്ന ശിഷ്യന്മാരുമായി പ്രാതൽ കഴിക്കുന്ന ഭാഗം ഒരു ഉദാഹരണമാണ് (ലൂക്കോ. 24:1-38). 'അവൻ അപ്പം എടുത്തു, അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു' (ലൂക്കോ. 24:30) എന്ന വാക്യം വി. കുർബ്ബാനസ്ഥാപനത്തിൽ നാം വായിക്കുന്ന അതേവാക്യമാണ്. 'എടുത്തു', 'വാഴ്ത്തി', 'നുറുക്കി', 'കൊടുത്തു' എന്നീ നാലു ക്രിയാപദങ്ങളും അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ച സംഭവത്തിന്റെ വിവരണത്തിലും നാം കാണുന്നു (മത്താ. 14:19; മർക്കൊ. 6:41; ലൂക്കോ. 9:16; യോഹ. 6:11).

വി. കുർബ്ബാനയെ ആദിമസഭ 'കർത്താവിന്റെ അത്താഴം' എന്നു വിളിച്ചിരുന്നു (1 കൊരി. 11:20). ഇതനുഷ്ഠിച്ചിരുന്നത് 'കർതൃദിന

ത്തി'ലുമാണ് (വെളി. 1:10). ആദിമക്രൈസ്തവർ പതിവായി 'അപ്പം നുറുക്കൽ' (Breaking of the Bread) ചടങ്ങിൽ പങ്കെടുത്തുവെന്ന് നാം വായിക്കുന്നു (അപ്പോ. പ്ര. 2:42-47) ഇതു കേവലം ഭക്ഷണം കഴിക്കൽ മാത്രമായിരുന്നില്ല; അവിടെ 'സ്തോത്രാർപ്പണവും', 'പങ്കിടീലും', 'ഒരുമനപ്പെട്ട പ്രാർത്ഥന'യും, 'ദൈവകൃപ'യുടെ കൂട്ടായ്മയും ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ശരീരമായ 'അപ്പം നുറുക്കുന്നവർ' ഒരു ശരീരത്തിന്റെ ഭാഗമായിത്തീരുന്നു എന്നും 'അനുഗ്രഹപാത്രം അനുഗ്രഹിക്കുന്നവർ' ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയിൽ ആണെന്നും പ. പൗലോസ് ശ്ലീഹാ പറയുന്നു (1 കൊരി. 10:16-17). ഇങ്ങനെയുള്ളവർ 'ഒരേ ആത്മാവിൽ സ്നാനമേറ്റവരും ഒരേ ആത്മാവിനെ പാനം ചെയ്തവരു'മാണെന്നും പൗലോസ് പ്രഖ്യാപിക്കുന്നു (1 കൊരി. 12:13).

## 2. വി. കുർബ്ബാനയുടെ ആരാധന നാലാം നൂറ്റാണ്ടുവരെ

ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ രൂപപ്പെട്ട വിശ്വാസസംഹിതകളും, ആരാധനാവിധികളും ഇന്നും അതുപോലെ തുടർന്നുവരുന്നു എന്നതാണല്ലോ ഓർത്തഡോക്സ് വിശ്വാസികളുടെ അഭിമാനം. അക്കാലഘട്ടത്തിൽ വി. കുർബ്ബാനയെപ്പറ്റി പറയുന്നവരിൽ പ്രമുഖരായ ചിലരുണ്ട്. റോമിലെ വി. ക്ലിമ്മീസ് (AD 92-101) കൊരിന്തിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ നമ്മുടെ കുർബ്ബാനയിൽ ചൊല്ലുന്ന 'തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ' എന്ന പ്രാർത്ഥന ഉദ്ധരിക്കുന്നുണ്ട്. അന്ത്യോഖ്യയിലെ ബിഷപ്പായിരുന്ന വി. ഇഗ്നാത്തിയോസിന്റെ ലേഖനങ്ങളിൽ (AD 100-110) വി. കുർബ്ബാനയ്ക്ക് 'അപ്പം നുറുക്കൽ', 'സ്തോത്രബലി' എന്നീ പേരുകൾ നൽകിയിരിക്കുന്നു. അദ്ദേഹം സ്മിർണാക്കാർക്കെഴുതിയ ലേഖനത്തിൽ ഒരു എപ്പിസ്കോപ്പായാണ് വി. കുർബ്ബാനയുടെ അദ്ധ്യക്ഷൻ എന്നും, അദ്ദേഹത്തെ കൂടാതെ വി. കുർബ്ബാന ആചരിക്കുവാൻ പാടില്ലാ എന്നും പറയുന്നു. വി. കുർബ്ബാനയെ 'അമർത്യതയുടെ ഔഷധവും മരണത്തിനെതിരായുള്ള മറുമരുന്നു'മായിട്ടാണ് അദ്ദേഹം വിശേഷിപ്പിച്ചത് (Eucharist is the medicine of immortality and an antidote against death).

ബിഥിന്യായിലെ റോമൻ ഗവർണറായിരുന്ന പ്ലിനി റോമിലെ ചക്രവർത്തിയായിരുന്ന ട്രാജന് (Pliny's letter to Trajan) AD 112-ൽ അയച്ച കത്തിൽ ക്രിസ്ത്യാനികൾ ഞായറാഴ്ചകളിൽ 'പുലരും

മുമ്പെ' ഒരുമിച്ചുകൂടിയിരുന്നുവെന്നും ഒരു 'പൊതുഭക്ഷണത്തിനായി' വന്നുചേർന്നിരുന്നുവെന്നും പറയുന്നു. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട Didache അഥവാ 'കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാർക്കു നൽകിയ ഉപദേശം' എന്ന കൃതിയിൽ കുർബ്ബാനയെ 'സ്തോത്രാർപ്പണം' എന്നാണ് വിളിച്ചിരിക്കുന്നത്. അതിൽ ഒരിടത്തുപറയുന്നു 'ഒരിക്കൽ പല കുന്നുകളിന്മേൽ ചിതറികിടന്നിരുന്ന ധാന്യമണികൾ ഒന്നുചേർന്ന് ഈ ഒരപ്പം ഉണ്ടായതുപോലെ, ഭൂമിയുടെ അറ്റങ്ങളിൽ ചിതറിക്കിടക്കുന്ന നിന്റെ സഭയെ നിന്റെ രാജ്യത്തിൽ ഒരുമിച്ചു കൊണ്ടുവരേണമെ'.

രക്തസാക്ഷിയായ വി. ജസ്റ്റിൻ (Justin Martyr - AD 150) വി. കുർബ്ബാനയിൽ വേദവായന, പ്രബോധനം, പ്രാർത്ഥന, ഗീതങ്ങൾ, അപ്പംനുറുക്കൽ, ധർമ്മശേഖരം എന്നിവയുണ്ടായിരുന്നതായി പറയുന്നു. വിശ്വാസികൾ വീടുകളിൽ നിന്നു കൊണ്ടുവന്ന അപ്പമാണ് – ഇന്നത്തെപ്പോലെ പള്ളികളിൽ ഉണ്ടാക്കുന്ന പ്രത്യേകതരം അപ്പമല്ല – വി. കുർബ്ബാനമദ്ധ്യേ മുറിച്ചിരുന്നത് എന്നും ജസ്റ്റിൻ പറയുന്നു. വി. ഐറേനിയോസും (Irenaeus of Lyon-AD 180), അലക്സന്ത്രിയായിലെ വി. ക്ലിമ്മീസും (Clement of Alexandria AD 200), കാർത്തേജിലെ വി. സിപ്രിയനും (Cyprian of Carthage AD 250) വി. കുർബ്ബാനയെപ്പറ്റി പഠിപ്പിക്കുന്നുണ്ട്.

മൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽത്തന്നെ വി. കുർബ്ബാനയ്ക്ക് 'വചനശുശ്രൂഷ' (Liturgy of the Catechumens), 'വിശ്വാസികളുടെ ശുശ്രൂഷ' (Liturgy of the Faithful) എന്നീ രണ്ട് ഘട്ടങ്ങൾ ഉള്ളതായി നാം വായിക്കുന്നു. തെർത്തുല്യൻ (AD 200) ഇവയെപ്പറ്റി പറയുന്നു. വചനശുശ്രൂഷയിൽ വേദവായനകളും, പ്രസംഗവും, വിശ്വാസപ്രമാണവും കഴിഞ്ഞ് സമാധാനത്തിനുമുമ്പായി വിശ്വാസപഠിതാക്കളെ അഥവാ സ്നാനാർത്ഥികളെ (Catechumens) പള്ളിക്കുപുറത്ത് പറഞ്ഞുവിട്ടശേഷമാണ് അപ്പവീഞ്ഞുകളുടെ ആഘോഷം വിശ്വാസികൾക്ക് മാത്രമായി നടത്തിയത്.

### 3. വി. കുർബ്ബാന നാലാം നൂറ്റാണ്ടിനുശേഷം

വി. കുർബ്ബാനയിലെ ക്രിസ്തുസാന്നിദ്ധ്യത്തെപ്പറ്റി മികവോടെ പഠിപ്പിച്ചയാളാണ് യറുശലേമിലെ വി. കൂറിലോസ് (Cyril of Jerusalem, Mystagogical Catechism 4-5). വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകൾ ആഘോഷമായി കൊണ്ടുവരുന്ന രീതി, വീഞ്ഞിൽ വെള്ളം കലർത്തുന്ന പതിവ്, കൈകഴുകൽ എന്നിവയുടെ അർത്ഥ

ത്തെപ്പറ്റി പറയുന്നുണ്ട്. അദ്ദേഹത്തിന്റെ പിൻഗാമിയായ യറുശലേമിലെ യോഹന്നാനും (386-417 AD) വി. കുർബ്ബാനയിലെ 'രഹസ്യാത്മകത' (mystery)യെപ്പറ്റി പഠിപ്പിക്കുന്നുണ്ട്. 'ദൈവവചനത്താൽ ശുദ്ധീകരിക്കപ്പെടുന്ന അപ്പം ഉടൻതന്നെ വചനമാം ദൈവത്തിന്റെ ശരീരമായി മാറുന്നു'വെന്നും 'ഈ ശരീരം ഭക്ഷിക്കുന്നതിനാൽ അവനോടുള്ള ഐക്യത്തിന്റെ ഫലമായി നമുക്ക് ദിവ്യത്വം ലഭിക്കുന്നു' എന്നും നിസ്സായിലെ വി. ഗ്രീഗോറിയോസ് (AD 407) പഠിപ്പിച്ചു.

'നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും അതിൽനിന്നും ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയും സത്പ്രവൃത്തികൾ ചെയ്യാൻ നമ്മെ ശക്തരാക്കും' എന്നാണ് മോപ്പ്സുവെസ്ത്യായിലെ തിയോഡോർ (AD 428) പഠിപ്പിച്ചത്. "ക്രൂശിൽവച്ച് അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെട്ടില്ലെങ്കിലും ഇന്ന് നിന്നോടുള്ള സ്നേഹത്തെപ്രതി യാഗത്തിൽ അവൻ കഷ്ടപ്പെടുന്നു; എല്ലാവരും നിറയപ്പെടേണ്ടതിന് കഷണമായി നുറുക്കപ്പെടേണ്ടതിന്ന് അവൻ അനുവദിക്കുന്നു" എന്ന് സ്വർണനാവുകാരനായ വി. ഈവാനിയോസും പഠിപ്പിച്ചു. അലക്സന്ത്രിയായിലെ വി. അത്താനാസിയോസ് പറഞ്ഞത് ശുശ്രൂഷക്കാരൻ ചുട്ടുകൊണ്ടുവന്ന് ബലിപീഠത്തിൽ വയ്ക്കുന്ന അപ്പവും തയ്യാറാക്കുന്ന വീഞ്ഞും സാധാരണമായതെന്ന് നിങ്ങൾ കരുതുന്നു. എന്നാൽ പുരോഹിതന്മാർ ശുദ്ധീകരിച്ചുകഴിഞ്ഞാൽ അവ കർത്താവിന്റെ 'ശരീരവും രക്തവുമാകുന്നു' എന്നാണ്. ഇതുപോലെ ധാരാളം ഉദ്ധരണികൾ വി. കുർബ്ബാനയനുഷ്ഠാനത്തെപ്പറ്റി നമുക്ക് കണ്ടെത്തുവാൻ സാധിക്കും.

നാം ഇന്ന് വി. കുർബ്ബാനയെപ്പറ്റി വിശ്വസിക്കുന്നതെല്ലാം മുകളിൽ പറഞ്ഞ പിതാക്കന്മാർ പഠിപ്പിച്ചുറപ്പിച്ച വിശ്വാസസംഹിതയുടെ ഭാഗമാണ്. അതല്ലാതെ 'എനിക്ക് പരിശുദ്ധാത്മാവ് ഇന്നതു തോന്നിപ്പിച്ചു' എന്നു പറഞ്ഞ് വി. കുർബ്ബാനയെ ധിക്കരിക്കുന്നവർ നമ്മുടെ കർത്താവിനെതന്നെയാണ് അപമാനിക്കുന്നത്. വി. കുർബ്ബാനാനുഷ്ഠാനം തുടക്കത്തിൽ വളരെ ലളിതമായും, പീഡനകാലങ്ങളിൽ പരമരഹസ്യമായും നടത്തിയിരുന്നു. എന്നാൽ AD 313-ലെ 'മിലാൻ പ്രഖ്യാപന' (Edict of Milan)ത്തിലൂടെ കുസ്തന്തീനോസ് രാജാവ് ക്രിസ്തുമതത്തെ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതങ്ങളിലൊന്നായി പ്രഖ്യാപിച്ചുകഴിഞ്ഞപ്പോൾ ക്രിസ്തുസഭയ്ക്കാകമാനം ഉണ്ടായ വ്യത്യാസങ്ങൾ വി. കുർബ്ബാനയെയും സ്വാധീനിച്ചുവെന്നു വേണം ചിന്തിക്കുവാൻ. സ്വതന്ത്രമായി ആരാധിക്കുവാനുള്ള

സാഹചര്യം ഉടലെടുത്തതു മുതൽ വി. കുർബ്ബാനാനുഷ്ഠാനത്തിൽ ഇന്നുള്ള പല മാറ്റങ്ങളും കൈവന്നു.

## ചിന്തിക്കുക

1. വി. കുർബ്ബാനയെക്കുറിക്കുന്ന പുതിയനിയമത്തിലെ പ്രധാന ഭാഗങ്ങൾ ഏവ?
2. വി. കുർബ്ബാനസ്ഥാപനത്തിൽ കർത്താവ് ഉപയോഗിച്ച അഞ്ചു ക്രിയാപദങ്ങൾ നാമും കുർബ്ബാനയിൽ ഉപയോഗിക്കുന്നു. ഏവ?
3. വി. കുർബ്ബാന ആദ്യ നൂറ്റാണ്ടുകളിലെ പിതാക്കന്മാരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു എന്നു കാണിക്കുവാൻ ഏതെങ്കിലും രണ്ട് പിതാക്കന്മാരുടെ ഉദ്ധരണികൾ പറയുക.
4. വി. കുർബ്ബാനാനുഷ്ഠാനത്തിൽ ഇന്നു കൈവന്നിട്ടുള്ള വളർച്ചയ്ക്കു കാരണമായത് ഏതു സംഭവമാണ്?

അദ്ധ്യായം ഏഴ്

# വി. കുർബ്ബാന തക്സായും വി. കുർബ്ബാനക്രമവും

വി. കുർബ്ബാന ചൊല്ലുന്ന പട്ടക്കാരൻ ഉപയോഗിക്കുന്ന പുസ്തകത്തെ 'തക്സാ' എന്ന് വിളിക്കുന്നു. തക്സാ എന്ന വാക്കിന്റെ അർത്ഥം text എന്നുമാത്രമാണ്. വിശ്വാസികൾ പ്രതിവാക്യം ചൊല്ലുന്നതിനും, ഗീതങ്ങൾ ആലപിക്കുന്നതിനുമായി 'വി. കുർബ്ബാനക്രമം' ഉപയോഗിക്കുന്നവല്ലോ. ഇവയ്ക്കു രണ്ടും സുദീർഘമായ ചരിത്രമാണുള്ളത്. സാധാരണ നാം ഉപയോഗിക്കുന്നത് വി. യാക്കോബിന്റെ തക്സാ അഥവാ വി. യാക്കോബിന്റെ അനാഫോറായാണ്. എന്നാൽ അതു കൂടാതെ എഴുപതോളം തക്സാകൾ സുറിയാനി ഭാഷയിൽ ലഭ്യമാണ്. ഇവയിൽനിന്നുതന്നെ ചുരുക്കം ചിലതാണ് സാധാരണ നമ്മുടെ പള്ളികളിൽ ഉപയോഗിച്ചുവരുന്നത്. ഇവയെയെല്ലാംപറ്റി ഒരു പൊതുധാരണയുണ്ടാവുന്നത് നല്ലതാണ്.

## 1. വി. യാക്കോബിന്റെ തക്സാ

ഇന്നുള്ളതിൽ ഏറ്റവും പുരാതനമായ കുർബ്ബാന തക്സാ വിശുദ്ധനായ യാക്കോബിന്റേതാണ്. ഇതിന്റെ ഗ്രന്ഥകർത്താവ് നമ്മുടെ കർത്താവിന്റെ സഹോദരനും യറുശലേമിലെ ഒന്നാമത്തെ എപ്പിസ്കോപ്പായുമായ വി. യാക്കോബാണെന്നുള്ളതാണ് പാരമ്പര്യം. നാലാം നൂറ്റാണ്ടുമുതലുള്ള ലിഖിതങ്ങളിൽ ഇതിനെപ്പറ്റി പരാമർശമുണ്ടെങ്കിലും ഇന്ന് ലഭ്യമായിരിക്കുന്ന കൈയെഴുത്തുപ്രതികളിൽ ഏറ്റവും പുരാതനമായത് ഒൻപതാം നൂറ്റാണ്ടിൽ എഴുതിയതാണെന്നാണ് പണ്ഡിതമതം. ആദ്യം ഗ്രീക്കുഭാഷയിൽ എഴുതിയ 'യാക്കോബിന്റെ അനാഫോറാ' പിന്നീട് അഞ്ചാം നൂറ്റാണ്ടിൽ സുറിയാനിയിലേക്ക് മൊഴിമാറ്റം നടത്തുകയായിരുന്നു. ഇതിലെ പ്രാർത്ഥനകൾ പലതും വളരെ ദൈർഘ്യമുള്ളവയാണ്. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത സുറിയാനി പണ്ഡിതനും പൗരസ്ത്യ കാതോലിക്കായുമായിരുന്ന ബാർ എബ്രായ, യാക്കോബിന്റെ അനാഫോറായിലെ പല പ്രാർത്ഥനകളും വെട്ടിച്ചുരുക്കിയെന്ന് ഫാ. ബേബി വറുഗീസ് അഭിപ്രായപ്പെടുന്നു (അബ്ബാ പിതാവെ, പേജ് 62). വെട്ടിച്ചുരുക്കിയതിനുശേഷവും ഇന്നുള്ള മിക്ക തക്സാകളിലും വച്ച് ദീർഘമായത് വി. യാക്കോബിന്റെ അനാഫോറാ തന്നെയാണ്.

ഒരു പട്ടക്കാരന്റെ ആദ്യകുർബ്ബാന, പള്ളി കൂദാശ, പട്ടംകൊട ശുശ്രൂഷ, മാറാനായ പെരുന്നാളുകൾ എന്നിങ്ങനെയുള്ള അവസര ങ്ങളിൽ ഈ തക്സായാണ് ഇന്നും ഉപയോഗിക്കുന്നത്. ചില പ്രാർത്ഥനകൾ ഓർമ്മ വച്ചിരുന്നാൽ ആരാധനയിൽ സംബന്ധിക്കുന്ന വേളയിൽതന്നെ വി. യാക്കോബിന്റെ തക്സായെ തിരിച്ചറിയാം. ഉദാഹരണത്തിന്, അപ്പം വാഴ്ത്തുന്ന പ്രാർത്ഥനയിൽ 'പാപമില്ലാ ത്തവനായ നമ്മുടെ കർത്താവ് പാപികളായ നമുക്കുവേണ്ടി മനസ്സോടെ മരണമനുഭവിക്കുവാൻ തയ്യാറായപ്പോൾ...' എന്ന വാചകം യാക്കോ ബിന്റെ തക്സായിലേതാണ്. അതുപോലെ, പ്രാർത്ഥനകൾ അവസാ നിക്കുന്നത് "ഞങ്ങൾ നിനക്കും, നിന്റെ ഏക പുത്രനും സകലത്തിലും പരിശുദ്ധനും ഉത്തമനും വന്ദ്യനും ജീവദായകനും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനുമായ നിന്റെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കു മാറാകേണമെ" എന്നുപറഞ്ഞാണ്. മറ്റു തക്സാകളിലൊക്കെ പരി ശുദ്ധ റൂഹായ്ക്ക് ലഘു വിശേഷണങ്ങൾ മാത്രമേയുള്ളൂ.

യറുശലേമിൽ ഉത്ഭവിച്ച വി. യാക്കോബിന്റെ അനാഫോറായ്ക്ക് സിറിയാ, അർമേനിയാ, ജോർജിയാ, റഷ്യ, ഗ്രീസ്, ഈജിപ്റ്റ് എന്നി വിടങ്ങളിലൊക്കെ അംഗീകാരം ലഭിച്ചു.

## 2. മറ്റു കുർബ്ബാന തക്സാകൾ

യാക്കോബിന്റെ തക്സായുടെ മാതൃകയിലാണ് സുറിയാനി യിലുള്ള മറ്റനേകം തക്സാകൾ ചമച്ചിരിക്കുന്നത്. പൊതുഘടന യിൽ ഇവ തമ്മിൽ വലിയ മാറ്റമില്ല. നമ്മുടെ കുർബ്ബാനയിൽ തുയോബോ ശുശ്രൂഷ മുതൽ വിശ്വാസപ്രമാണം വരെ പൊതുവായ പ്രാർത്ഥനകൾ ചൊല്ലിയശേഷം പട്ടക്കാരൻ ദർഗായിൽ കയറി 'അപ്പവീഞ്ഞുകളുടെയാഘോഷം' (Liturgy of the Bread and Wine/ Liturgy of the Faithful) ആരംഭിക്കുന്നതുമുതലാണ് വിവിധ തക്സാ കളിലെ പ്രാർത്ഥനകളിൽ എതാണ് അന്നേദിവസം ചൊല്ലുന്നത് എന്ന് തിരഞ്ഞെടുക്കുന്നത്. 'അൻപുടയോനെ' എന്ന ഗീതം ചൊല്ലു മ്പോൾ 'ഖണ്ഡിപ്പിന്റെ ശുശ്രൂഷാ'സമയം വീണ്ടും യാക്കോബിന്റെ തക്സായിലേക്ക് മടങ്ങും. കർതൃപ്രാർത്ഥന മുതൽ തിരഞ്ഞെടുത്ത തക്സായിൽനിന്ന് പ്രാർത്ഥനകൾ ചൊല്ലിയശേഷം വീണ്ടും 'കുർബ്ബാനാനുഭവശുശ്രൂഷ'യ്ക്ക് യാക്കോബിന്റെ തക്സാ ഉപയോ ഗിക്കുന്നു. അവസാനത്തെ 'കൃതജ്ഞതാപ്രാർത്ഥന' തിരഞ്ഞെ ടുത്ത തക്സായിൽ നിന്നായിരിക്കും ചൊല്ലുക.

സാധാരണയായി നമ്മുടെ സഭയിൽ ചൊല്ലുന്ന തക്സാകൾ 'ദിവന്നാസ്യോസ് ബർസ്ലീബി', 'സ്വർണനാവുകാരനായ ഈവാനിയോസ്', 'ഏവൻഗേലിസ്ഥനായ യോഹന്നാൻ', മത്തായി റോയോ, 'മാർ ക്സൊസ്തോസ്' എന്നിവരുടെ പേരുകളിൽ അറിയപ്പെടുന്നവയാണ്. ഇതിൽ ഏറ്റവും ചെറിയ ക്രമം അവസാനം പറഞ്ഞ 'ക്സൊസ്തോസിന്റെ' ക്രമമാണ്. ഇദ്ദേഹം മൂന്നാം നൂറ്റാണ്ടിൽ റോമിലെ പാത്രിയർക്കീസായിരുന്ന വി. ക്സൊസ്തോസ് ആണ് (Xystus of Rome, died in AD 251). എന്നാൽ വി. യാക്കോബിന്റെ തക്സാ കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രാധാന്യമർഹിക്കുന്നതായി നമ്മുടെ പിതാക്കന്മാർ കരുതുന്നത് അമീദിലെ മെത്രാപ്പോലീത്തായായിരുന്ന വി. ദിവന്നാസ്യോസ് ബർസ്ലീബിയുടെ ക്രമമാണ് (Dionysius Bar Salibi died in 1171). ബൈസന്റയിൽ സഭകളിൽ, പ്രത്യേകിച്ച് ഗ്രീസിലും, കോൺസ്റ്റാന്റിനോപ്പിളിലും വി. യാക്കോബിന്റെ തക്സായാണ് നൂറ്റാണ്ടുകളോളം ചൊല്ലിവന്നിരുന്നത്. എന്നാൽ പിൽക്കാലത്ത് സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ ക്രമമാണ് (John Chrysostom, died in 407) ഉപയോഗത്തിലായത്. ഇന്നും അവർക്ക് ഏറ്റവും പ്രിയപ്പെട്ടത് മാർ ഈവാനിയോസിന്റെ തക്സായാണ്. വി. യാക്കോബിന്റെ തക്സാ അവർ വിരളമായേ ഉപയോഗിക്കാറുള്ളൂ. സുവിശേഷകനായ വി. യൂഹാനോന്റെ ക്രമവും (John the Evangelist, died in AD 96) വി. മത്തായി റോയോയുടെ ക്രമവും (St. Mathew the Great) ഹൃദയസ്പർശിയായ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നവയാണ്.

## 3. മലയാളത്തിലേക്കുള്ള തക്സാ വിവർത്തനം

മുകളിൽ പറഞ്ഞ അഞ്ചു തക്സാകൾ കൂടാതെ അറുപത്തഞ്ചോളം തക്സാകൾ സുറിയാനിയിൽ ഉണ്ടെങ്കിലും അവയിൽ പന്ത്രണ്ടെണ്ണം മാത്രമേ മലയാളത്തിൽ ഇന്ന് ലഭ്യമായിട്ടുള്ളൂ. കേരളത്തിൽ 1950 കൾ വരെ സുറിയാനി ഭാഷയിൽ വി. കുർബ്ബാനയർപ്പിക്കുന്ന പതിവാണുണ്ടായിരുന്നത്. ജനങ്ങൾ 'ആമ്മീൻ', 'കുറിയേലായിസോൻ' മുതലായ പ്രതിവാക്യങ്ങൾ ഉച്ചരിച്ച് സംതൃപ്തിയടഞ്ഞിരുന്നുവെങ്കിലും അവർ എന്തിനാണ് 'ആമ്മീൻ' പറയുന്നത് എന്ന് പലപ്പോഴും മനസ്സിലാക്കിയിരുന്നില്ല. സി.എം.എസ്. മിഷനറിമാർ കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചതുമുതലാണ് വേദപുസ്തകവും, കുർബ്ബാന തക്സായും മലയാളത്തിൽ ഇല്ലാത്തതിന്റെ കുറവ് പരസ്യമായത്. അവർക്ക് സുറിയാനി പരിചയമില്ലാത്ത ഭാഷയുമാ

യിരുന്നു. ആയതിനാൽ നമ്മുടെ പണ്ഡിതരായ മൽപ്പാന്മാരെ വേദ പുസ്തകവും, തക്സായും മാതൃഭാഷയിലാക്കുന്നതിന് മിഷനറിമാർ പ്രോത്സാഹിപ്പിച്ചു.

ബൈബിൾ പരിഭാഷ വലിയ കോളിളക്കമുണ്ടാക്കിയില്ലെങ്കിലും തക്സായുടെ തർജ്ജമ സഭയെ ഭിന്നിപ്പിക്കുകതന്നെ ചെയ്തു. ഇതിനു കാരണം ഭാഷയുടെ മൊഴിമാറ്റമായിരുന്നില്ല; മറിച്ച് പ്രൊട്ട സ്റ്റന്റ് മിഷനറിമാരാൽ ആകൃഷ്ടരായ നമ്മുടെ ചില മൽപ്പാന്മാർ ഈ സഭയിൽ നിലവിലുള്ള പൗരസ്ത്യവിശ്വാസസംഹിതകളെ ചോദ്യംചെയ്യുകയും തന്നിഷ്ടമനുസരിച്ച് വി. കുർബ്ബാന തക്സാ പരിഷ്ക്കരിക്കുകയും ചെയ്തതുമൂലമാണ് സഭ രണ്ടായി പിളർന്നത്. ഉദാഹരണമായി 'നവീകരണ പ്രസ്ഥാന'ത്തിന് നേതൃത്വം കൊടുത്ത മാരാമൺ സ്വദേശിയായ പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ വി. കുർബ്ബാനയിൽനിന്ന് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നീക്കം ചെയ്യുകയും പരിശുദ്ധന്മാരോടുള്ള സംസർഗ്ഗത്തിന്റെ ഭാഗ ങ്ങൾ നിർത്തലാക്കുകയും വികലമായ തിരുത്തലുകൾ വരുത്തു കയും നവീകരണക്കാർ എന്ന വിധത്തിൽ അവർ മലങ്കര സഭയിൽ നിന്നും മാറി മാർ തോമാ സഭയായി മാറുകയും ചെയ്തു. അപ്പ വീഞ്ഞുകൾ ആംഗ്ലിക്കൻ സഭയിലെപ്പോലെ വെവ്വേറേ കൊടുക്കു വാൻ തുടങ്ങുകയും രഹസ്യകുമ്പസാരം നിർത്തലാക്കുകയും ചെയ്തപ്പോൾ ഭിന്നത പൂർണ്ണമായി.

കാര്യങ്ങൾ ഇങ്ങനെയൊക്കെയായിരുന്നെങ്കിലും ആരാധനയിൽ സംബന്ധിക്കുന്ന മിക്കവരും എന്താണ് പട്ടക്കാരൻ ചെയ്യുന്നതെന്ന് മനസ്സിലാക്കാതെയിരുന്നതും, സുറിയാനി ഗീതങ്ങൾ അർത്ഥം മനസ്സിലാക്കാതെ ആലപിക്കുകയും ചെയ്തത് ഈ പുരാതനസഭ യുടെ പോരായ്മതന്നെയായിരുന്നു. 'സുറിയാനി', 'അറമായ' ഭാഷകൾ നമ്മുടെ കർത്താവിന്റെ ഭാഷയെന്നനിലയിൽ ബഹുമാ നിക്കപ്പെടേണ്ടതാണെങ്കിലും ആരാധനയിൽ സംബന്ധിക്കുന്നവർ തങ്ങൾ ചൊല്ലുന്ന പ്രാർത്ഥനകൾ മനസ്സിലാക്കിയെങ്കിൽ മാത്രമേ അതിന് പ്രയോജനമുള്ളു എന്നത് സഭാപിതാക്കന്മാരിൽ പലരെയും ആകുലചിത്തരാക്കി. തർജ്ജമയിൽ ഏർപ്പെടുന്നവരെ വേദവിപരീ തികളായും, പ്രൊട്ടസ്റ്റന്റുകളായും മുദ്രകുത്തുന്ന കാലത്തും പല പട്ടക്കാരും അവരവരുടെ കുഞ്ഞുങ്ങൾക്കുവേണ്ടിയും, വി. കുർബ്ബാ നയെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടിയും മലയാള തർജ്ജമകൾ തയ്യാറാക്കി രഹസ്യമായി വി. കുർബ്ബാനയർപ്പിച്ചിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിലാണ് ഇതിനൊരു മാറ്റമുണ്ടായത്. മലങ്കരസഭ കണ്ട ഏറ്റവും വലിയ സുവിശേഷ പ്രവർത്തകനും, സാമൂഹിക വിപ്ലവകാരിയുമായിരുന്ന മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി (കർമ്മേൽ ദയറാ) ശെമ്മാശനായിരിക്കുമ്പോൾ മലയാളത്തിൽ തർജമ ചെയ്യപ്പെട്ട ഒരു കുർബ്വാന തക്സായുടെ അച്ചടിച്ച കോപ്പികളുമായി ഈ സഭയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചിരുന്നു. ഇത് ഇന്നത്തേതുപോലെ വലിയ പുസ്തകമായിട്ടല്ല, വി. കുർബ്വാന ക്രമത്തിന്റെയത്രയും വലിപ്പം മാത്രമുള്ളതായിരുന്നു. നമ്മുടെ പിതാക്കന്മാരിൽ പലരും അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തിയെന്നു മാത്രമല്ല 'ധൂപക്കുറ്റിയിൽ തീ ഊതി കത്തിക്കേണ്ട ശെമ്മാശന്മാർക്ക് വി. കുർബ്വാന തക്സായിൽ എന്തുകാര്യം' എന്നുവരെ ചോദിക്കുകയുണ്ടായി. എം. പി. പീറ്റർ ശെമ്മാശനും കൂടെയുള്ളവരും ഈ പുരാതന സഭയെ 'നശിപ്പിക്കും' എന്നുവരെ ചിന്തിച്ചവർ അന്നുണ്ടായിരുന്നു.

എന്തായിരുന്നാലും ഈ തർജമയ്ക്ക് വലിയ പ്രചാരം ലഭിച്ചുവെന്നതാണ് ചരിത്രം സാക്ഷിക്കുന്നത്. എം. പി. പീറ്റർ ശെമ്മാശൻ നേരിട്ട് തർജമ ചെയ്തതാണോ ഇത് എന്ന ചോദ്യം പണ്ഡിതസദസ്സുകളിൽ ഇന്നും മുഴങ്ങുന്നുണ്ട്. മൂക്കഞ്ചേരിലെ മുൻ വൈദികരാരെങ്കിലും തർജമ ചെയ്തത് ശെമ്മാശൻ അച്ചടിപ്പിച്ച് വിതരണം ചെയ്തതുമാകാം എന്ന് ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. എന്തായിരുന്നാലും, മലയാളത്തിലുള്ള തക്സായ്ക്ക് മലങ്കരസഭയിൽ പ്രചാരം നൽകിയത് അദ്ദേഹമാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. മറ്റു പല വൈദികരും ഇതിനു മുൻപും പിൻപും സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് കുർബ്വാന തക്സാ പരിഭാഷപ്പെടുത്തിയിരുന്നു. അക്കൂട്ടത്തിൽ പ്രഗത്ഭനായിരുന്നു മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ. ഇദ്ദേഹത്തിന്റെ മലയാളം തക്സായാണ് മലങ്കര സഭയുടെ തെക്കൻ പ്രദേശങ്ങളിൽ ഉപയോഗിച്ചുവന്നിരുന്നത്. റാന്നി-പെരുനാട് ബഥനി ആശ്രമത്തിലെ സന്യാസിമാരും കുർബ്വാന തക്സായും, മറ്റു പല പ്രാർത്ഥനകളും, പ്രൊമിയോൻ, സെദറാകളും പരിഭാഷപ്പെടുത്തുന്നതിൽ നേതൃത്വം നൽകി.

## 4. വി. കുർബ്വാന തക്സാ മറ്റു ഭാഷകളിൽ

മലങ്കരസഭ ഒരു ആഗോളസഭയായി വളരുകയും അന്യദേശങ്ങളിൽ ജനിച്ചു വളരുന്ന നമ്മുടെ വിശ്വാസികളുടെയെണ്ണം കൂടുകയും ചെയ്തപ്പോൾ മറ്റു പല ഭാഷകളിലേയ്ക്കും വി. കുർബ്വാന തക്സാ

പരിഭാഷപ്പെടുത്തുകയുണ്ടായി. ഇവയൊക്കെയും പൊതുവെ മലയാളത്തിൽ നിന്നുള്ള തർജമകളാണ്. ബാഹ്യകേരള ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി (പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ) ഇംഗ്ലീഷിൽ വി. യാക്കോബിന്റെ തക്സാ പരിഭാഷപ്പെടുത്തി. പിന്നീട് ഡൽഹി ഭദ്രാസനാധിപനും, ലോകപ്രശസ്ത പണ്ഡിതനുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി 'സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ക്രമം' ഇംഗ്ലീഷിലാക്കി പ്രസിദ്ധീകരിച്ചു. മദ്രാസ് ഭദ്രാസനാധിപനായിരുന്ന സഖറിയാസ് മാർ ദിവന്നാസ്യോസ് തിരുമേനി (പത്തനാപുരം ദയറാ) തമിഴ് പണ്ഡിതന്മാരുടെ സഹായത്തോടെ തക്സ തമിഴിലേക്ക് പരിഭാഷപ്പെടുത്തി.

ബ്രഹ്മവാർ സമൂഹത്തിന്റെ ചുമതലയായിരുന്ന എൻ. ജെ. തോമസ് റമ്പാൻ (പത്തനാപുരം) കന്നടയിലും, കൊങ്ങിണിയിലും വി. കുർബ്ബാന തക്സകൾ തർജ്ജമ ചെയ്ത് പിൽക്കാലത്ത് തെലുങ്കിലും തർജമയുണ്ടായി. കൽക്കട്ടാ ഭദ്രാസനാധിപനായിരുന്ന സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ പ്രേരണയാൽ പ്രൊഫ. കെ. എം. കുറിയാക്കോസ് (മുൻ പ്രിൻസിപ്പൽ, പഴഞ്ഞി കോളജ്) ഹിന്ദിയിലേക്ക് വി. കുർബ്ബാനയുടെ മൊഴിമാറ്റം നടത്തി. ഫാ. ഡോ. കെ. എം. ജോർജ് (മുൻ പ്രിൻസിപ്പൽ, പഴയസെമിനാരി) ഫ്രഞ്ചുഭാഷയിലും ഫാ. ഡോ. റജി മാത്യു ജർമ്മൻ ഭാഷയിലും തക്സാകൾ തയ്യാറാക്കി. മലങ്കര സഭ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ'യായിത്തീരണമെങ്കിൽ മറ്റ് ഇന്ത്യൻ ഭാഷകളിലേക്കുകൂടി വി. കുർബ്ബാന തക്സാ പരിഭാഷപ്പെടുത്തി അതാതു സ്ഥലങ്ങളിൽ അവിടങ്ങളിൽ ജീവിക്കുന്നവരുടെ ഭാഷകളിൽ തന്നെ വി. കുർബ്ബാനയർപ്പിക്കേണ്ടതുണ്ട്. ഇതു സഭയുടെ സുവിശേഷീകരണത്തെയും ത്വരിതപ്പെടുത്തുമെന്നതിൽ സംശയമില്ല.

### 5. വി. കുർബ്ബാനക്രമം

വി. കുർബ്ബാനതക്സായുടെ പരിഭാഷകൾപോലെ പ്രധാനപ്പെട്ടതാണ് വി. കുർബ്ബാനക്രമത്തിന്റെ മൊഴിമാറ്റവും. ഇതിന്റെ ചരിത്രവും കൂടുതൽ പഠനവിഷയമാക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ധാരാളം പ്രാർത്ഥനകൾ പ്രശസ്ത സുറിയാനി പണ്ഡിതൻ പ. ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ തർജമചെയ്തവയാണ്. ഇന്നു നാം ഉപയോഗിക്കുന്ന വി. കുർബ്ബാനക്രമം തർജമ ചെയ്തത്

ബാഹ്യകേരള ഭദ്രാസനാധിപനും പിൽക്കാലത്ത് കാതോലിക്കായു മായിരുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ആണ്. ഇതിൽ ശ്ഹീമോ നമസ്കാരത്തിലെ ബുധനാഴ്ച ചൊല്ലുന്ന നമസ്കാരങ്ങൾ ക്രോഡീകരിച്ച് 'സ്ലീബാ നമസ്കാരം' എന്ന പേരിലും 'ക്യംതാ നമസ്കാര'ത്തിന്റെ ഒരു പരി ഭാഷയും ഉൾപ്പെടുത്തിയിരിക്കുന്നു. ശ്ഹീമോ നമസ്കാരത്തിൽ തന്നെ 'ക്യംതാ നമസ്കാര'ത്തിന്റെ മറ്റൊരു പരിഭാഷ ലഭ്യമാണ്.

മുൻപുപറഞ്ഞ കുർബ്ബാനക്രമത്തിൽ വി. കുർബ്ബാനക്രമത്തിലെ പാട്ടുകളും പ്രാർത്ഥനകളും ചിട്ടയായി തരംതിരിച്ച് അച്ചടിച്ചിരിക്കു ന്നത് വിശ്വാസികൾക്ക് വലിയ സഹായമാണ്. കൂടാതെ വിശേഷ ദിവസങ്ങൾക്കൊക്കെ ഉപയോഗിക്കാൻ കൊള്ളാവുന്ന ഗീതങ്ങളും (ഏവൻഗേലിക്കുശേഷം, ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയം, ഹൂത്തോ മ്മോയ്ക്കുശേഷം) കുർബ്ബാനക്രമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സി.കെ. വറുഗീസ് പന്തളം പ്രസിദ്ധീകരിച്ചിരിക്കുന്ന ഒന്നാണ് വി. കുർബ്ബാനക്രമത്തിന്റെ 'ജീവനുള്ള ബലി' എന്ന പ്രസിദ്ധീക രണം. ഇതിൽ മിക്ക പാട്ടുകളുടെയും ഗദ്യാവിഷ്ക്കാരം നൽകുന്നതു കൂടാതെ അവയുടെയും നമ്മുടെ പ്രാർത്ഥനകളുടെയും വേദപുസ്തക പശ്ചാത്തലവും നൽകിയിരിക്കുന്നു. സൺഡേസ്കൂൾ കുട്ടികൾക്ക് ഇത് വളരെ പ്രയോജനം ചെയ്യുന്നതാണ്. ഇതിന്റെ ഇംഗ്ലീഷ് പരി ഭാഷയും ഇപ്പോൾ ലഭ്യമാണ് ('Living Sacrifice').

## ചിന്തിക്കുക

1. യാക്കോബിന്റെ തക്സാ തിരിച്ചറിയുവാൻ ഉപയുക്തമായ ചില വാചകങ്ങൾ ഉദ്ധരിക്കുക.
2. മലങ്കരയിൽ ഉപയോഗത്തിലുള്ള പ്രധാന തക്സാകൾ ഏവ?
3. മലയാളത്തിനു പുറമേ ഏതെല്ലാം ഭാഷകളിലാണ് ഇന്ന് നമ്മുടെ തക്സാ തയ്യാറാക്കിയിട്ടുള്ളത്?
4. കുർബ്ബാന തക്സായുടെ മലയാള പരിഭാഷ തയ്യാറാക്കുന്ന തിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പങ്കെന്തായിരുന്നു?

## അദ്ധ്യായം എട്ട്

# വി. കുർബ്ബാനയിൽ വേദപുസ്തകത്തിന്റെ സ്ഥാനം

വിശുദ്ധ കുർബ്ബാനയിലും നമ്മുടെ എല്ലാ ശുശ്രൂഷകളിലും വി. വേദപുസ്തക വായനയ്ക്കും അതിലെ ആശയങ്ങൾക്കും വലിയ പ്രാധാന്യം നൽകുന്ന പതിവാണ് നമുക്കുള്ളത്. വി. കുർബ്ബാനയിൽ വി. വേദപുസ്തകം ഉപയോഗിക്കുന്നത് വിവിധതരത്തിലാണ്. അവയെ താഴെ പറയുന്ന പ്രകാരം വിവരിക്കാൻ സാധിക്കും.

### i) വി. വേദവായനകൾ

നമ്മുടെ വി. കുർബ്ബാനയിൽ ചുരുങ്ങിയത് ആറു വേദഭാഗങ്ങളെങ്കിലും വായിക്കപ്പെടും എന്നുള്ളത് നാം നേരത്തെതന്നെ പഠിച്ചുവല്ലോ. ഇവയിൽ മൂന്നെണ്ണം പഴയനിയമത്തിൽനിന്നുമാണ്. ഏതൊക്കെ ഭാഗങ്ങളാണ് ഒരു ഞായറാഴ്ച വായിക്കേണ്ടത് എന്നത് വി. വേദവായന കുറിപ്പിൽ (Lectionary) രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു വളരെ പുരാതനമായ ഒരു പാരമ്പര്യമാണ്. കോപ്റ്റിക് സഭയിൽ ഇവ കൂടാതെ പരിശുദ്ധന്മാരുടെ ലിഖിതങ്ങളിൽനിന്നുമുള്ള വായനകൾ ചേർത്തുള്ള Synaxariaയും ഉണ്ട്. വി. കുർബ്ബാന തക്സാകളുടെ കാര്യം പറഞ്ഞതുപോലെതന്നെ വി. വേദവായന കുറിപ്പിലും സുറിയാനി സഭ വൈവിധ്യം പുലർത്തുന്നു. നാലാം നൂറ്റാണ്ടിലെ യെറുശലേം വേദവായനകുറിപ്പാണ് ഏറ്റവും പഴക്കമേറിയത്.

1987ൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച് പ്രസിദ്ധീകരിച്ച വേദവായനക്കുറിപ്പിൽ ഇടക്കാല ഗ്രന്ഥങ്ങളും ചേർത്തിട്ടുണ്ട് (ഉദാ: ബാറാസീറാ, മക്കാബിയർ). നോമ്പുകാലത്താണെങ്കിൽ ഓരോ ദിവസവും വായിക്കാനുള്ള വേദഭാഗങ്ങൾ വേദവായന കുറിപ്പിൽ ചേർത്തിരിക്കുന്നു. "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം എന്ന് ദാവീദു മുഖാന്തിരം പരിശുദ്ധ റൂഹാ പാടി" എന്ന ആമുഖത്തോടെയാണല്ലോ പഴമ വായന ആരംഭിക്കുന്നത്. ഓരോ ദിവസത്തെയും പ്രാധാന്യമനുസരിച്ചാണ് പഴയനിയമ ഭാഗങ്ങളും പുതിയനിയമങ്ങളും വേദവായനകുറിപ്പിൽ തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്

വേദശാസ്ത്രപരമായ ഒരു പശ്ചാത്തലമുണ്ട്. ഉദാഹരണമായി ജനന പ്പെരുന്നാളിന്റെ വായനകൾ തന്നെ ശ്രദ്ധിക്കുക.

(a) സന്ധ്യയ്ക്കുള്ള ഏവൻഗേലിയോനിൽ വചനം ജഡമായി ത്തീർന്നതിനെ സംബന്ധിച്ച് (യോഹ. 1:1-18) വായിക്കുന്നു.

(b) പ്രഭാതത്തിൽ ലൂക്കോസിന്റെ സുവിശേഷം 2-ാം അദ്ധ്യായ ത്തിൽനിന്നും ഏവൻഗേലിയോൻ വായിക്കുന്നു. യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള വിവരണമാണിത്.

(c) പഴമവായനകളിൽ വാഗ്ദത്തപുത്രനായ യിസഹാക്കിന്റെ ജനനം (ഉല്പ. 21:1-8), ബേതലഹേമിന്റെ ഉയർച്ച (മീഖാ 5:1-4) മശിഹായുടെ ജനനത്തിന്റെ പ്രവചനം (യെശ. 9:1-7) എന്നി ങ്ങനെയുള്ള ഭാഗങ്ങൾ വായിക്കുന്നു.

(d) വടക്കുവശത്തുള്ള ശ്ലീഹാവായനയിൽ അപ്പോസ്തോലന്മാർ കണ്ടതും, കേട്ടതും, തൊട്ടുനോക്കിയതുമായ ജീവന്റെ വചന ത്തെപ്പറ്റി(1 യോഹ.1:1-10)യാണ് വായന.

(e) തെക്കുവശത്ത് യേശുവിന്റെ ജനനത്താൽ ന്യായപ്രമാണകാല ത്തിനുണ്ടായ അധഃപതനത്തെപ്പറ്റി (ഗലാ. 3:23-4:7)വായിക്കുന്നു.

(f) ഏവൻഗേലിവായന മത്തായിയുടെ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ളതാണ്. ഇവിടെ ഇതുവരെ വായിച്ച ഭാഗത്തിന്റെയെല്ലാം പരിസമാപ്തി (Climax)കുറി ക്കുന്നു.

### (ii) സങ്കീർത്തനങ്ങൾ

നമ്മുടെ ആരാധനയിൽ ഉടനീളം സങ്കീർത്തനാലാപം ഉണ്ട്. നമസ്കാരങ്ങളിലെല്ലാം ധാരാളം സങ്കീർത്തനങ്ങൾ നാം ചൊല്ലാ റുണ്ടല്ലോ. ഞായറാഴ്ച പ്രഭാതനമസ്കാരത്തിന്റെ തുടക്കം തന്നെ 51-ാം മസ്മൂർ ആണെങ്കിലും തൂയോബോയ്ക്കു മുൻപ് ഇത് കാർമ്മി കൻ ഒരു തവണകൂടി ധ്യാനിക്കേണ്ടതായിട്ടുണ്ട്. പട്ടക്കാരൻ നട ത്തുന്ന രഹസ്യപ്രാർത്ഥനകളിൽ തൂയോബോ, സമാപന ശുശ്രൂഷ മുതലായവയിൽ പല സങ്കീർത്തനങ്ങളും (സങ്കീ. 23, 29 തുടങ്ങി യവ) ചൊല്ലാറുണ്ട്. അംശവസ്ത്രങ്ങളണിയുന്നതും ബലിപീഠം ക്രമീകരിക്കുന്നതുമെല്ലാം സങ്കീർത്തനങ്ങൾ ചൊല്ലിയാണ്.

### (iii) പ്രാർത്ഥനകൾ

വി. കുർബ്ബാനയിൽ കർതൃപ്രാർത്ഥന (മത്താ. 6:9-13) കൂടാതെ ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ ഫിലിപ്യലേഖനത്തിലെ ക്രിസ്തു

ഗീതവും (ഫിലി. 2:6–11) വിശുദ്ധ കീർത്തനവും (യെശ. 6:3) പൗലോസ് തിമൊഥെയോസിനെഴുതിയ ലേഖനത്തിലെ ക്രിസ്തു ഗീതവും (1 തിമൊ. 3:16) ആലപിക്കാറുണ്ട്. 'പിതാവാം ദൈവത്തിന്റെ സ്നേഹവും' എന്നു തുടങ്ങുന്ന ആശീർവാദം 2 കൊരി 13:14 ആണ്. ധാരാളം പ്രാവശ്യം ആവർത്തിക്കുന്ന സമാധാനാശംസയും തിരു വചനത്തിൽനിന്നുമുള്ളതാണ് (യോഹ. 20:19, 21, 26). ആമേൻ, ഹാലേലുയ്യാ, കുറിയേലായിസ്സോൻ തുടങ്ങിയ പദങ്ങൾ വേദ പുസ്തകത്തിൽ ധാരാളം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. പല പ്രാർത്ഥനകളുടെയും അവസാനം ചൊല്ലുന്ന "അവന് എന്നെ ന്നേയ്ക്കും മഹത്വം, ആമ്മീൻ" (റോമ. 11:36, ഗലാ.1:5, 2 തിമൊ. 4:18) പുതിയ നിയമത്തിൽ ആവർത്തിച്ചാവർത്തിച്ചു പറയുന്നതാണ്. നമ്മുടെ പ്രൊമിയോൻ സെദറാകൾ എല്ലാം വേദപുസ്തക സംഭവ ങ്ങളും വേദപുസ്തക കഥാപാത്രങ്ങളുംകൊണ്ട് സമ്പന്നമാണ്.

**(iv) ഗീതങ്ങൾ**

വി. കുർബ്ബാനയിലെ ഗീതങ്ങളുടെയെല്ലാം അടിസ്ഥാനം വി. വേദപുസ്തകമാണ്. 'പൗലോസ് ശ്ലീഹാ...' എന്നു തുടങ്ങുന്ന ഗാനം ഗലാത്യർ ഒന്നാം അദ്ധ്യായത്തിൽനിന്നുമുള്ളതാണ് (ഗലാ. 1:5–9). കുക്കിലിയോനുകളുടെയെല്ലാം അടിസ്ഥാനം സങ്കീർത്തനങ്ങളാണ്: 'നിന്നാൾ സ്തുതിയൊടു....' (സങ്കീ. 45:9–11), 'നയവാൻ പനപോലെ...' (സങ്കീ. 92:12–14), 'ചാർത്തും നീതിയെ....' (സങ്കീ.132:9–10, ദിനവൃ. 6:41–42), 'മക്കളിലപ്പൻ കൃപചെയ്തതുപോലെ' (സങ്കീ. 103:13–15) എന്നിങ്ങനെയുള്ള ഗീതങ്ങൾക്കെല്ലാം പശ്ചാത്തലമായി വി. വേദ പുസ്തകം തന്നെയാണുള്ളത്.

**(v) മദ്ബഹായുടെ ചമയങ്ങൾ**

ദേവാലയത്തിന്റെ നിർമ്മാണം തന്നെ വേദപുസ്തകാധിഷ്ഠിത മാണ്. അതിലെ ചമയങ്ങളും കാർമ്മികന്റെ വേഷവിധാനങ്ങളു മൊക്കെ വേദപുസ്തകാശയങ്ങളുടെ പിൻബലത്തിലാണ് ക്രമീക രിച്ചിരിക്കുന്നത് എന്നത് നാം പ്രത്യേകം മനസ്സിലാക്കിയിരിക്കണം (പുറ. 25; 1 രാജാ. 6). ദേവാലയത്തിൽ നടക്കുന്ന പെരുന്നാളുകളും (ആവ. 16), പുരോഹിതന്മാരുടെ വേഷവിധാനങ്ങളും (പുറ. 28) വേദപുസ്തകാധിഷ്ഠിതമാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭ കളിലെ ദേവാലയങ്ങളുടെ ഉൾഭിത്തിയും പുറംഭിത്തിയുമെല്ലാം വി. വേദപുസ്തക വിവരണങ്ങൾ ഉൾക്കൊള്ളുന്ന 'ഐക്കണുകൾ' (icons) കൊണ്ട് നിറഞ്ഞിരിക്കുന്നത് വളരെ മനോഹരമായ ഒരു കാഴ്ചതന്നെ

യാണ്. ഇസ്ഹാക്കിന്റെ ബലിയും (ഉൽപ്പ. 22), യാക്കോബ് കണ്ട ഗോവണിയും (ഉൽപ്പ. 28), അന്ത്യന്യായവിധിയും (മത്താ. 24–25) ഒക്കെ ഇത്തരം ഐക്കണുകളുടെ ഇതിവൃത്തങ്ങളാണ്.

ചുരുക്കത്തിൽ, വി. വേദപുസ്തകാധിഷ്ഠിതമായ ദൈവാലയവും, ആരാധനാവിധികളുമൊക്കെയാണ് നമ്മുടെ കുർബ്ബാനയ്ക്ക് അതിന്റെ പൂർണ്ണത നൽകുന്നത് എന്നു പറയാം. വി. വേദപുസ്തകം സാധാരണക്കാരനു മനസ്സിലാക്കുവാൻ നമ്മുടെ ദൈവാലയത്തിൽ ചിലവാക്കുന്ന സമയം പ്രയോജനപ്പെടുത്തണമെന്ന നിലയിലാണ് എല്ലാ കാര്യങ്ങളും ക്രമീകരിച്ചിരിക്കുന്നത്.

## ചിന്തിക്കുക

1. പ്രധാനപ്പെട്ട നാലു കുക്കിലിയോനുകളിലെ സങ്കീർത്തന ഭാഗം റഫറൻസ് സഹിതം ഉദ്ധരിക്കുക.
2. ജനനപ്പെരുന്നാളിന്റെ പഴയനിയമവായനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയങ്ങൾ ഏവ?
3. 'വേദവായനക്കുറിപ്പ്' എന്നാൽ എന്ത്?
4. 'ദേവാലയത്തിലെ ചമയങ്ങളും വേദപുസ്തകാടിസ്ഥാനത്തിലാണ്': തെളിയിക്കുക.

അദ്ധ്യായം ഒമ്പത്

# വി. കുർബ്ബാനയും എക്യുമിനിസവും

മലങ്കരസഭയുടെ എക്യുമിനിക്കൽ ബന്ധങ്ങളിൽ എന്നും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് വി. കുർബ്ബാനാനുഭവം. ഒരു നൂറ്റാണ്ടുപിന്നിട്ട എക്യുമിനിക്കൽ പ്രസ്ഥാനങ്ങളിൽ മലങ്കരസഭ വളരെ താത്പര്യത്തോടെ പ്രവർത്തിക്കുന്നു. 1948-ലെ ആംസ്റ്റർഡാം അസംബ്ലിമുതൽ ഡബ്ല്യു.സി.സി.യിലും മലങ്കര സഭയുടെ പിതാക്കന്മാർ നേതൃനിരയിൽ നിന്നുകൊണ്ട് ക്രൈസ്തവസഭകളുടെ അഖിലലോക തലത്തിലുള്ള ഐക്യത്തെപ്പറ്റി സംസാരിക്കുകയും മിക്കവാറും എല്ലാ സഭകളോടും ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിനിടയിലും വി. കുർബ്ബാനയെ സംബന്ധിച്ചുള്ള ഒരു 'യാഥാസ്ഥിതിക' മനോഭാവമാണ് മലങ്കര സഭയ്ക്കുള്ളത് എന്ന് പ്രൊട്ടസ്റ്റന്റ് - ഇവാഞ്ചലിക്കൽ സഭകൾ കുറ്റപ്പെടുത്തുന്നു. മറ്റുള്ള സഭകളൊക്കെ തമ്മിൽ പരസ്പരം വി. കുർബ്ബാനാനുഭവം നടക്കുന്നുവെങ്കിലും മലങ്കരസഭാ മക്കൾക്ക് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഒഴിച്ച് മറ്റു സഭകളുടെ വി. കുർബ്ബാന സ്വീകരിക്കാനോ മറ്റു സഭകളിലെ വിശ്വാസികൾക്ക് ഈ സഭയുടെ വി. കുർബ്ബാന നൽകാനോ ഇതുവരെയും അനുവാദമില്ല. എന്താണ് ഈ മനോഭാവത്തിനു കാരണം? റോമൻ കത്തോലിക്കാസഭ പോലും അവരുടെ 'തിരുവത്താഴം' സ്വീകരിക്കാൻ വരുന്നവരെ മാറ്റിനിർത്താത്ത സാഹചര്യത്തിൽ ഓർത്തഡോക്സ് സഭയ്ക്കു മാത്രമെന്താണിങ്ങനൊരു പ്രത്യേകത?

വാസ്തവത്തിൽ, വി. കുർബ്ബാനയെ സംബന്ധിച്ച് മുകളിൽ പറഞ്ഞ മനോഭാവം മലങ്കര ഓർത്തഡോക്സ് സഭയുടെ മാത്രം പ്രത്യേകതയല്ല. ആകമാന സഭകളിൽ എല്ലാ ഓർത്തഡോക്സ് സഭകളും വി. കുർബ്ബാനയുടെ കാര്യത്തിൽ അല്പം കർശനമായ മനോഭാവമാണ് വച്ചുപുലർത്തുന്നത്. അതുകൊണ്ട് അവർ മറ്റു സഭകളെ അംഗീകരിക്കുന്നില്ലെന്നോ, അവരുടെ പുരോഹിതന്മാരെയും വിശ്വാസികളെയും ബഹുമാനിക്കുന്നില്ലെന്നോ ചിന്തിക്കരുത്. വി. കുർബ്ബാനയാണ് സഭയുടെ ജീവൻ എന്നുള്ളതു മുൻ അദ്ധ്യായങ്ങളിൽനിന്നും വ്യക്തമായല്ലോ. ഈ സഭയുടെ വിശ്വാസം

എല്ലാം വി. കുർബ്ബാനയെ കേന്ദ്രീകരിച്ചാണ് നിലകൊള്ളുന്നത്. കുർബ്ബാനാധിഷ്ഠിതമായ ഒരു സഭാവിജ്ഞാനീയവുമാണ് (eucharistic ecclesiology) ഈ സഭയ്ക്കുള്ളത്.

ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് വി. കുർബ്ബാനയെ മനസ്സിലാക്കിയിരിക്കുന്ന രീതി മറ്റുസഭകളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. നമ്മുടെ കർത്താവ് സ്ഥാപിച്ച 'അന്ത്യഅത്താഴം' ഇരുപതു നൂറ്റാണ്ടുകളായി അതിന്റെ അന്തഃസത്ത വിടാതെയും വിശ്വാസപാരമ്പര്യങ്ങൾക്ക് കലർപ്പില്ലാതെയും കാത്തുസൂക്ഷിക്കുവാൻ ശ്രമിക്കുന്നവരോട് മലങ്കരസഭയ്ക്ക് എന്നും ബഹുമാനമാണുള്ളത്. എന്നാൽ ചരിത്രം പരിശോധിച്ചാൽ റോമൻ കത്തോലിക്കാസഭയിലും, പ്രൊട്ടസ്റ്റന്റ് - ഇവാഞ്ചലിക്കൽ സഭകളിലും വി. കുർബ്ബാനയെ സംബന്ധിച്ച് വികലമായ ചില ധാരണകൾ വന്നുചേർന്നുവെന്നു കാണാം. അതുകൊണ്ടാണ് ഓർത്തഡോക്സ് സഭകൾ അവരുമായുള്ള കുർബ്ബാന സംസർഗ്ഗത്തെ എതിർക്കുന്നത്. എന്തൊക്കെയാണ് അന്തരങ്ങൾ എന്നു വിശദമാക്കാം.

## 1. വി. കുർബ്ബാന റോമൻ കത്തോലിക്കാ സഭയിൽ

ആദിമ നൂറ്റാണ്ടുകളിൽ റോമിൽ പ്രചാരത്തിലിരുന്ന വി. കുർബ്ബാന റോമിലെ മെത്രാനായിരുന്ന ഹിപ്പോലിറ്റസ് (Hippolytus of Rome) എഴുതിയ 'അപ്പോസ്തോലിക പാരമ്പര്യം' (Apostolic Traditions) അനുസരിച്ചായിരുന്നു. എന്നാൽ മദ്ധ്യശതകങ്ങളിൽ (9-15 Century) ഇതിൽ പല പുതുമകളും വന്നുചേർന്നു. ഇത്തരം കുർബ്ബാനയുടെ ചില പ്രത്യേകതകൾ പറയാം: a) വിശ്വാസികൾക്ക് ആരാധനാ മദ്ധ്യേ പാടുവാനോ പ്രതിവാക്യം പറയുവാനോ ഉള്ള അവസരങ്ങൾ കുറവായിരുന്നു. അതിനായി പ്രത്യേകം ഗായകസംഘത്തെ ക്രമീകരിച്ചു; b) വി. കുർബ്ബാനയ്ക്കായി 'പുളിപ്പില്ലാത്ത അപ്പം' ഉപയോഗിക്കുവാൻ തുടങ്ങി; c) വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകളുടെ ആഘോഷസമയത്തെ സ്ഥാപനവചനങ്ങൾ ആണ് ഏറ്റവും പ്രധാന നിമിഷം എന്നു പഠിപ്പിച്ചു. പൗരസ്ത്യ സഭകളാകട്ടെ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിനും ആവാസത്തിനും പ്രാധാന്യം കൊടുത്തതു കൂടാതെ കുർബ്ബാനയുടെ രണ്ടാം ഭാഗത്തിലെ (Liturgy of the Faithful) ഏതെങ്കിലും ഒരു പ്രത്യേക നിമിഷത്തിലാണ് അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി രൂപാന്തരം പ്രാപിക്കുന്നത് എന്നു പഠിപ്പിച്ചില്ല; d) പതിനൊന്നാം നൂറ്റാണ്ടുമുതൽ വി. കുർബ്ബാനയർപ്പിക്കുന്ന കാർമ്മികൻ ജനങ്ങളുടെ നേരെതിരിഞ്ഞ്

(ജനാഭിമുഖ്യ കുർബാന) വി. കുർബ്ബാനയർപ്പിക്കുവാൻ തുടങ്ങി; കിഴക്കൻ സഭകളാകട്ടെ എന്നും കിഴക്കോട്ടുതിരിഞ്ഞു തന്നെയാണ് വി. ബലിയർപ്പിച്ചത്; e) അപ്പവീഞ്ഞുകളുടെ ആഘോഷം വി. കുർബ്ബാനയുടെ പരമപ്രധാനമായ നിമിഷമായതിനാൽ ആ സമയം മാത്രം വി. ആരാധനയിൽ പങ്കെടുക്കുന്ന 'കാഴ്ചക്കാരുടെ' എണ്ണവും റോമൻ കത്തോലിക്കാസഭയിൽ വർദ്ധിച്ചുവന്നു. f) പട്ടക്കാരൻ ഒറ്റയ്ക്ക് (വിശ്വാസികളുടെ സാന്നിധ്യമില്ലാതെ) വി. കുർബ്ബാനയർപ്പിക്കുന്ന പതിവും (Private Mass) ഉണ്ടായി.

പട്ടക്കാരൻ മാത്രം എല്ലാ വായനകളും നടത്തുന്ന 'ചെറിയ കുർബ്ബാന'യും (Low Mass) ശെമ്മാശന്മാരുടെയും, ഗായകസംഘത്തിന്റെയും, വായനക്കാരുടെയും അകമ്പടിയോടെ നടത്തുന്ന 'വലിയ കുർബ്ബാന'യും (High Mass) റോമൻ കത്തോലിക്കാ സഭയുടെ പ്രത്യേകതയായിരുന്നു. മദ്ധ്യശതകങ്ങളിലെ റോമൻ കത്തോലിക്കാ സഭയുടെ വേദശാസ്ത്രജ്ഞനായ തോമസ് അക്വിനാസിനെപ്പോലെ (Thomas Aquinas)യുള്ളവർ (13-ാം നൂറ്റാണ്ട്) വി. കുർബ്ബാനയിലെ അപ്പവീഞ്ഞുകൾക്ക് 'വസ്തുമാറ്റം' (Trans substantiation) സംഭവിക്കുന്നതായി പഠിപ്പിച്ചു. അരിസ്റ്റോട്ടലീയൻ ചിന്താഗതിയാണ് ഇതിനു പിറകിലുള്ളത്. അതനുസരിച്ച് ഒരു പദാർത്ഥത്തിലെ 'സാരാംശവും' (substance) വസ്തുവും (accidents) തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുവാൻ തുടങ്ങി. അപ്പത്തിന്റെയും വീഞ്ഞിന്റെയും പുറമെയുള്ള വസ്തു (accidents-നിറവും രുചിയും) വ്യത്യാസം കൂടാതെയിരിക്കുന്നുവെങ്കിലും അതിലെ 'സാരാംശത്തിന്' (Substance) സ്ഥാപന വചനങ്ങൾക്കുശേഷം മാറ്റമുണ്ടാവുകയും അവ യഥാർത്ഥത്തിൽ കർത്താവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു എന്നതാണ് 'വസ്തുമാറ്റ സിദ്ധാന്തം' (Transubstantiation Theory).

ഓർത്തഡോക്സ് സഭകൾ ഈ സിദ്ധാന്തം തിരസ്ക്കരിക്കുന്നു. അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായി രൂപാന്തരം പ്രാപിക്കകുന്നത് ശാസ്ത്രീയമായി വിശകലനം ചെയ്യുവാൻ നാം തയ്യാറല്ല. ദൈവമാണ് അവയെ കർത്താവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുത്തുന്നത്. അത് ഏതു നിമിഷമാണെന്നു ദൈവം നിശ്ചയിക്കുന്നു. വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന വിശ്വാസി അപ്പവീഞ്ഞുകളെ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളായി വിശ്വസിച്ച് അനുഭവിക്കുന്നു. രൂപാന്തരത്തിന്റെ രീതിയും സമയവും 'ഒരു മഹാരഹസ്യ'(mystery)മാണ്.

## 2. വി. കുർബ്ബാന പ്രൊട്ടസ്റ്റന്റ് പാരമ്പര്യത്തിൽ

1517 ഒക്ടോബർ 31 ന് ജർമ്മൻകാരനായ റോമൻ കത്തോലിക്കാ സന്ന്യാസി മാർട്ടിൻ ലൂഥർ (Martin Luther) വിറ്റർബർഗിലുള്ള ദേവാലയത്തിന്റെ കതകിൽ അന്നത്തെ മാർപ്പാപ്പയ്ക്കും റോമൻ കത്തോലിക്കാ സഭയ്ക്കും എതിരായി 95 വിമർശനങ്ങൾ എഴുതി പതിച്ചതു മുതലാണ് പ്രൊട്ടസ്റ്റന്റ് സഭകളുടെ തുടക്കം. മദ്ധ്യകാലത്തെ റോമൻ കത്തോലിക്കാ സഭയുടെ അനാചാരങ്ങൾക്കെതിരെ എതിർക്കേണ്ടത് അത്യാവശ്യമായിരുന്നുവെങ്കിലും പ്രൊട്ടസ്റ്റന്റ് സഭകൾ അടിസ്ഥാനപരമായി വിശ്വാസങ്ങളിൽനിന്ന് വ്യതിചലിക്കുന്ന പല തീരുമാനങ്ങളെടുത്തത് പരാജയമായി. മാർട്ടിൻ ലൂഥർ തയ്യാറാക്കിയ പുതിയ കുർബ്ബാന തക്സായിൽ അടിസ്ഥാന ഘടകങ്ങൾ മിക്കതും ഉണ്ടായിരുന്നുവെങ്കിലും അതിൽ 'രഹസ്യപ്രാർത്ഥനകൾ' നിർത്തലാക്കി; രഹസ്യകുമ്പസാരവും, വി. രഹസ്യങ്ങൾ അനുഭവിക്കുവാൻ വിശ്വാസികൾ ഇല്ലാത്തപ്പോഴത്തെ കുർബ്ബാനയും നിർത്തലാക്കി. നിഖ്യാവിശ്വാസപ്രമാണത്തിനുപകരം 'അപ്പോസ്തോലിക വിശ്വാസപ്രമാണം' (Apostolic Creed) ചേർക്കുകയും, സ്ഥാപനവചനങ്ങൾ പ്രാർത്ഥനാരൂപത്തിൽ ചൊല്ലുന്നത് നിർത്തലാക്കി വേദവായനയാക്കി മാറ്റുകയും ചെയ്തു.

മാത്രവുമല്ല, വി. കുർബ്ബാനയിലെ പരമപ്രധാനമായ സംഗതി 'പ്രസംഗ'മാണെന്ന് പഠിപ്പിക്കുവാൻ തുടങ്ങി. പുരോഹിതൻ ത്രോണോസിനു പിറകിൽ ജനങ്ങളെ അഭിസംബോധന ചെയ്തു കുർബ്ബാനയർപ്പിക്കുന്ന രീതിയാരംഭിച്ചു. വി. കുർബ്ബാനയെ 'ബലി' എന്നു വിളിക്കുന്നതും കാർമ്മികനെ 'പുരോഹിതൻ' എന്നു നാമകരണം ചെയ്യുന്നതും പ്രൊട്ടസ്റ്റന്റുകാർ എതിർക്കുന്നു. പ്രൊട്ടസ്റ്റന്റ് സഭകളുടെ 'പൗരോഹിത്യം' തന്നെ കിഴക്കൻ സഭകൾ അംഗീകരിക്കുന്നില്ല. പ്രൊട്ടസ്റ്റന്റ് വിശ്വാസം സ്വീകരിച്ച 'ആംഗ്ലിക്കൻ സഭ'യിൽതന്നെ വി. കുർബ്ബാനയെ സംബന്ധിച്ച് മൂന്ന് വ്യത്യസ്ത കാഴ്ചപ്പാടുകൾ നിലവിലിരുന്നു.

## 3. വി. കുർബ്ബാന ഇന്ത്യൻ സഭകളിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമ്പരാഗതമായ ആരാധനാരീതി തന്നെ പിൻതുടരുന്ന പല സഭകളും ഇന്ന് ഭാരതത്തിലുണ്ട്. 'വി. യാക്കോബിന്റെ തക്സാ' പിൻതുടരുന്ന സഭകൾ താഴെ പറയുന്നവയാണ്.

1. മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ)
2. മാർ തോമാ സുറിയാനി സഭ

3. മലങ്കര സുറിയാനി കത്തോലിക്കാ റീത്ത്
4. സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ (St. Thomas Evangelical)

ഈ നാലു സഭകളും ഓരോരോ കാലഘട്ടത്തിൽ മലങ്കരസഭയിൽനിന്നും വേർപിരിഞ്ഞുപോയവരാണ്. അതിനാൽ ആരാധനാരീതിയിലുണ്ടായിരുന്ന പാരമ്പര്യം അവർ പിന്തുടരുന്നു എന്നതിൽ നാം അവരെ ബഹുമാനിക്കുന്നു. എന്നാൽ 'മാർ തോമാ സഭയെ'പ്പോലെയുള്ള നവീകരണ സഭ പിൻതുടരുന്ന വിശ്വാസത്തിലെ പ്രൊട്ടസ്റ്റന്റ് സ്വാധീനം സൂക്ഷ്മനിരീക്ഷണം നടത്തുന്നവർക്ക് ബോധ്യമാകും; മലങ്കര സുറിയാനി കത്തോലിക്കാ റീത്താകട്ടെ റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ സംരക്ഷകരാണ്. ചുരുക്കത്തിൽ പറഞ്ഞാൽ, വേഷത്തിലും ആരാധനാവിധിയിലും തനിമപുലർത്തുന്നുവെന്ന് അഭിമാനിക്കുമ്പോഴും ഈ സഭകൾ ഓറിയന്റൽ ഓർത്തഡോക്സ് വിശ്വാസത്തിൽനിന്നും വളരെയകലെയാണ്.

'സീറോ മലബാർ സഭ'യിലും ഇപ്പോൾ മലങ്കരയുടെ പഴമയും പൗരസ്ത്യ സുറിയാനി പാരമ്പര്യവും നിലനിർത്തുവാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഉദയംപേരൂർ സുന്നഹദോസിന്റെ (1599) കാലഘട്ടം മുതൽ ലത്തീൻ ആരാധന സ്വീകരിച്ച ഇക്കൂട്ടർ ഇപ്പോൾ പൗരസ്ത്യ പാരമ്പര്യത്തിലുള്ള (കൽദയ സുറിയാനി) ആരാധനാശൈലിയിലേക്ക് മടങ്ങിവന്നിരിക്കുകയാണ്. പട്ടക്കാരൻ കിഴക്കോട്ട് തിരിഞ്ഞുനിന്ന് വി. കുർബ്ബാനയർപ്പിക്കുന്ന 'പുതിയ രീതി' സീറോ മലബാർ സഭ അതിന്റെ പഴമയെ അന്വേഷിക്കുന്നതിന്റെ ലക്ഷണമായി കരുതാം.

**4. വി. കുർബ്ബാനയിലെ ആതിഥേയത്വം (Eucharistic Hospitality)**

ഈ അദ്ധ്യായത്തിന്റെ ആമുഖത്തിൽ പറഞ്ഞ സംഗതിയാണല്ലോ മലങ്കര സഭയും മറ്റ് ഓർത്തഡോക്സ് സഭകളും വി. കുർബ്ബാനാനുഭവത്തിന്റെ കാര്യത്തിൽ കാണിക്കുന്ന 'യാഥാസ്ഥിതിക മനോഭാവം'. എക്യുമെനിക്കൽ യുഗത്തിൽ ജീവിക്കുന്ന ഓർത്തഡോക്സുകാർ വിശുദ്ധ കുർബ്ബാനയുടെ കാര്യത്തിൽ ആതിഥേയത്വം (Eucharistic Hospitality) കാണിക്കുന്നില്ല എന്ന ആരോപണവും വളരെ ശക്തമാണ്. ഉദാഹരണത്തിന്, ഈ സഭയിൽനിന്ന് റോമൻ കത്തോലിക്കാ -പ്രോട്ടസ്റ്റന്റ് സഭകളിലേക്ക് വിവാഹിതരായി പോകുന്നയാളുകൾ ഇടയ്ക്ക് തങ്ങളുടെ മാതൃഇടവകയിലെ ആരാധനയ്ക്കായി വരുമ്പോൾ വി. കുർബ്ബാന നൽകുന്നില്ല. അത്തരം സഭകളിൽനിന്ന് ഇങ്ങോട്ടു വിവാഹം കഴിച്ചുകൊണ്ടുവന്നവരെ തിരികെ അവരുടെ മാതൃസഭകളിലെ 'തിരുവത്താഴം' സ്വീകരിക്കുവാൻ അനുവദിക്കു

ന്നുമില്ല എന്നത് സത്യമാണ്. ഇതു വളരെ വേദനാജനകവുമാണ്. എന്തുകൊണ്ടാണ് ഓർത്തഡോക്സുകാർ ഇത്തരം കഠിനമനോഭാവം കാട്ടുന്നത് എന്ന ചോദ്യം ഉയരാറുണ്ട്.

സഭയെയും പൗരോഹിത്യത്തെയും സംബന്ധിച്ചുമുള്ള ആശയങ്ങളുടെ അടിസ്ഥാനശില നമ്മുടെ സഭയിൽ വിശുദ്ധ കുർബ്ബാനയാണ്. ഒരേ വിശ്വാസം പുലർത്തുന്നവർ ഒരുമിച്ചു ചേർന്ന് നടത്തുന്നതാണ് വി. കുർബ്ബാന. മറ്റു സഭകൾ വിശ്വസിക്കുന്നതുപോലെ വി. മാമോദീസായല്ല, ക്രിസ്തീയ ഐക്യത്തിന്റെ അടിസ്ഥാനം. വി. കുർബ്ബാനയാണ് ഐക്യത്തിന്റെ സൂചകം. അതിനാൽ വി. കുർബ്ബാനയെ ഐക്യപാതയിലുള്ള ഒരു മാർഗ്ഗമായി (means) കാണാതെ ഐക്യത്തിന്റെ ലക്ഷ്യമായി (end) കരുതണം. ഉദാഹരണമായി, ഒരു പ്രൊട്ടസ്റ്റന്റ് വിശ്വാസി നമ്മുടെ ആരാധനയിൽ സംബന്ധിച്ച് വി. കുർബ്ബാന അനുഭവിക്കുന്നു എന്നു കരുതുക. വി. കുർബ്ബാനയ്ക്കുശേഷം അയാൾക്കെങ്ങനെ വീണ്ടും താൻ പ്രൊട്ടസ്റ്റന്റ് ആണ് എന്ന് പറയുവാൻ സാധിക്കും? അയാൾ ഒരു ആരാധനയുടെ അന്ത്യത്തിലാണ് വി. കുർബ്ബാനയനുഭവിച്ചത്. അതിൽ പറയുന്ന പല സംഗതികളും അയാൾ പ്രതിനിധാനം ചെയ്യുന്ന സഭയോ അദ്ദേഹമോ വിശ്വസിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. പിന്നെ എങ്ങനെ ആ കുർബ്ബാന സ്വീകരിക്കാം? അതുകൊണ്ട് അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സഭയോടുമുള്ള ബഹുമാനം കൊണ്ടുതന്നെയാണ് 'താങ്കൾ ഈ കുർബ്ബാന സ്വീകരിക്കരുത്' എന്നു പറയുന്നത്.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വി. കുർബ്ബാന നൽകാനാകൂ എന്നത് ഓർത്തഡോക്സ് സഭകൾ നിഷ്കർഷിക്കുന്നു. തിരുവത്താഴത്തിന്റെ Inter-Communion എന്നത് ഓർത്തഡോക്സ് വിശ്വാസത്തിൽ ഇല്ലാത്ത ഒന്നാണ്. ഒന്നുകിൽ "Communion" (തിരുവത്താഴത്തിന്റെയനുഭവം) അല്ലെങ്കിൽ 'no-communion" എന്നതാണ് ഓർത്തഡോക്സ് രീതി. മാരകമായ തെറ്റുകൾ ചെയ്തവരെയും, സഭയുടെ കാനോനുകൾക്കെതിരായി ജീവിക്കുന്നവരെയും ആണ് സഭ 'ex-communicate' (പുറത്താക്കുക) ചെയ്യുന്നത്. മറ്റു സഭകളിൽപ്പെട്ടവരെ നമ്മുടെ ആരാധനയിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നത് എക്യുമെനിക്കൽ ബന്ധങ്ങൾ നിലനിർത്താനാണ്. അതിനപ്പുറമുള്ള ഒരു കാൽവെയ്പിനെപ്പറ്റി പഠനങ്ങൾ ധാരാളം നടക്കേണ്ടിയിരിക്കുന്നു.

വി. കുർബ്ബാനയും, ബിഷപ്പിന്റെ പൗരോഹിത്യസ്ഥാനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം മനസ്സിലാ

ക്കണം. ഒരാളെ വെറുതെ 'ബിഷപ്പ്' എന്നു വിളിക്കുന്ന രീതി ഭാരതത്തിലെ പല നൂതന പ്രൊട്ടസ്റ്റന്റ് സഭകളും അനുവദിച്ചിട്ടുണ്ട്. മലങ്കരസഭയിൽ ഒരാളെ 'ബിഷപ്പായി' അവരോധിക്കുവാൻ വ്യവസ്ഥാപിത രീതികളുണ്ട്. ഇത് ഇരുപതു നൂറ്റാണ്ടുകളായി പിൻതുടർന്നുവരുന്ന സത്യവിശ്വാസത്തിന്റെയും കാനോനുകളുടെയും അടിസ്ഥാനത്തിലാണ്. ആരെങ്കിലും പരമ്പരാഗത എപ്പിസ്കോപ്പൽ വേഷങ്ങൾ ഇട്ടു എന്നു കരുതി അവരുടെ 'എപ്പിസ്കോപ്പസി' (episcopacy) മലങ്കരസഭ അംഗീകരിക്കണമെന്നില്ല. തലമുറ തലമുറ കൈമാറി വന്ന വിശ്വാസവും ആരാധനയുമടങ്ങിയ വിശ്വാസപാരമ്പര്യങ്ങളും മലങ്കരസഭയ്ക്ക് സുപ്രധാനങ്ങളാണ്. ബിഷപ്പിന്റെ 'സിംഹാസനം' (Cathedra) എന്നത് ഭൗതികാധികാരത്തിന്റെ കസേരയല്ല, മറിച്ച് വി. കുർബ്ബാനയുടെ 'അദ്ധ്യക്ഷൻ' എന്ന നിലയിലുള്ള അധികാരവും അവകാശവുമാണ്. അദ്ദേഹമാണ് വി. കുർബ്ബാനയെ സംബന്ധിച്ച് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. 'Where there is a bishop, there is the Church' എന്ന അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസിന്റെ തത്വം ഇന്നും നിലനില്ക്കുന്നു.

**ചിന്തിക്കുക**

1. റോമൻ കത്തോലിക്കാ സഭയുടെ കുർബ്ബാനയും, ഓർത്തഡോക്സ് സഭയുടെ കുർബ്ബാനയും തമ്മിൽ പ്രത്യക്ഷത്തിലുള്ള വ്യത്യാസങ്ങൾ ഏവ?
2. 'വസ്തുമാറ്റസിദ്ധാന്തം' എന്നാൽ എന്ത്?
3. പ്രൊട്ടസ്റ്റന്റ് പാരമ്പര്യത്തിൽ കുർബ്ബാനയ്ക്കുള്ള സ്ഥാനം എന്ത്?
4. 'Inter Communion' ഓർത്തഡോക്സ് സഭ എതിർക്കുന്നത് മറ്റു സഭകളോടുള്ള ബഹുമാനം കൊണ്ടാണ്. വിശദീകരിക്കുക.

## അദ്ധ്യായം പത്ത്

# വി. കുർബ്ബാനയുടെ വേദശാസ്ത്രം

ആംഗ്ലിക്കൻ സഭയുടെ അംഗമായിരുന്ന ബിഷപ്പ് ഹെൻബർട്ട് പെക്കൻഹാം വാൾഷ് നമ്മുടെ സഭയുടെ ആരാധനയെ വളരെയധികം സ്നേഹിക്കുകയും ഈ സഭയിലെ വിശ്വാസികളെപ്പോലെ ജീവിക്കുകയും ചെയ്തു. കോയമ്പത്തൂർ 'തടാകം ആശ്രത്തിൽ' ജീവിച്ച അദ്ദേഹം വെറും ഒരു ഗ്രാമവാസിയായിത്തീരുകയും അവിടെത്തന്നെ കബറടങ്ങുകയും ചെയ്തു. അദ്ദേഹമെഴുതിയ 'വിശുദ്ധ കുർബ്ബാന: ഒരു ധ്യാനാത്മക പഠന'മെന്ന പുസ്തകമാണ് നമ്മുടെ വി. കുർബ്ബാനയെപ്പറ്റി മനസ്സിലാക്കുവാനുള്ള ഏറ്റവും നല്ല ഗ്രന്ഥം. ഇതിന്റെ ഉള്ളടക്കം 1941-ൽ ഓർത്തഡോക്സ് സഭയിലെ പട്ടക്കാരുടെ സമ്മേളനത്തിൽ അദ്ദേഹം ചെയ്ത പ്രസംഗമാണ്. അതിൽ അദ്ദേഹം നമ്മുടെ വി. കുർബ്ബാനയുടെ ശ്രേഷ്ഠതയെപ്പറ്റി ചൂണ്ടിക്കാണിക്കുന്ന ചില സംഗതികൾ ഉണ്ട്. അവ താഴെ പറയുന്ന തരത്തിൽ സംക്ഷേപിക്കാം:

1. നമ്മുടെ കുർബ്ബാനയിലെ പ്രാർത്ഥനകൾ ഒക്കെയും ആഴമായ വേദശാസ്ത്രത്തിന്റെ പിൻബലത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്.
2. നമ്മുടെ ചില പ്രാർത്ഥനകൾ സഭയിൽ അതിപുരാതനകാലം മുതൽ നിലവിലിരിക്കുന്നതും ആദിമസഭയുടെ കലർപ്പില്ലാത്ത വിശ്വാസം ഉൾക്കൊള്ളുന്നവയുമാണ്.
3. നമ്മുടെ കുർബ്ബാനയിൽ പട്ടക്കാരനും, ശുശ്രൂഷക്കാരും, ജനങ്ങളും ചൊല്ലുവാൻ വെവ്വേറെയുള്ള പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നതിനാൽ സഭയുടെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു.
4. വി. കുർബ്ബാനയിലെ പ്രാർത്ഥനകൾക്ക് അകമ്പടിയായി വിവിധ കർമ്മങ്ങളും അടയാളങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇത്തരം പ്രതീകങ്ങളുടെ ഒക്കെ അർത്ഥം (Symbolic Meaning) മനസ്സിലാക്കുന്നവർ സഭയുടെ വിശ്വാസം ഉൾക്കൊള്ളുന്നവരായി മാറുന്നു.
5. നമ്മുടെ കുർബ്ബാനയ്ക്കുപയോഗിക്കുന്ന മണികളും സംഗീതവുമൊക്കെ ചേർന്ന് വിശ്വാസിയെ ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു; അവർക്ക് ഒരു സ്വർഗ്ഗീയാനുഭൂതിതന്നെ ലഭിക്കുന്നു.

മുകളിൽ പറഞ്ഞ സംഗതികൾ എല്ലാ ഓർത്തഡോക്സ് സഭകളിലെയും ആരാധനയെപ്പറ്റി പറയുവാൻ സാധിക്കും. പത്താം നൂറ്റാണ്ടിൽ റഷ്യയിലെ കീവിലെ (Kiev) വ്ളാഡിമിൻ രാജാവ് ലോകത്തിലേക്കും മെച്ചപ്പെട്ട മതമേതാണ് എന്ന് പഠിക്കുവാൻ പറഞ്ഞയച്ച ദൂതന്മാർ ഗ്രീസിലെത്തി ഓർത്തഡോക്സ് കുർബ്ബാന കണ്ടിട്ട് പറഞ്ഞത്: 'ഞങ്ങൾ ഭൂമിയിലാണോ സ്വർഗ്ഗത്തിലാണോ നിന്നിരുന്നതെന്ന് ഞങ്ങൾക്കുതന്നെ അറിയാമായിരുന്നില്ല. തീർച്ചയായും, ഇത്ര മനോഹാരിതയും ഗാംഭീര്യവും ഉള്ള ആരാധനകൾ ലോകത്തിൽ മറ്റൊരിടത്തും കാണുകയില്ല.' നമ്മുടെ ദേവാലയത്തിന്റെ നിർമ്മിതി, പട്ടക്കാരുടെ വേഷവിധാനങ്ങൾ, വി. ത്രോണോസിന്റെ ചമയങ്ങൾ, സംഗീതാലാപനം, മണി-മറുവഹസാകളുടെ കിലുക്കം, പ്രതീകങ്ങളടങ്ങിയ അനുഷ്ഠാനങ്ങൾ എന്നിവയെല്ലാം ചേർന്ന് വിശ്വാസിയെ ഒരു ഉന്നത ആത്മീയ മണ്ഡലത്തിലേക്ക് ഉയർത്തുകയാണ് ചെയ്യുന്നത്.

## വി. കുർബ്ബാനയുടെ വേദശാസ്ത്രം

വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിലൂടെ നാം രക്ഷാകര ചരിത്രത്തിൽ ഭാഗഭാക്കാവുകയും സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ഉറച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു. താഴെ പറയുന്ന കാര്യങ്ങൾ ഈ വിശ്വാസപ്രഖ്യാപനത്തിന്റെ സുപ്രധാന ഘടകങ്ങളാണ്.

### 1. വി. കുർബ്ബാന ത്രിത്വാരാധനയിലുള്ള സംബന്ധമാണ്

നമ്മുടെ അടിസ്ഥാന വിശ്വാസ പ്രഖ്യാപനങ്ങളിൽ ശ്രേഷ്ഠമാണ് വി. ത്രിത്വത്തിലുള്ള അടിയുറച്ച വിശ്വാസം. ത്രിശുദ്ധകീർത്തനത്തിലും, ധൂപക്കുറ്റി വാഴ്വിലും, വിശ്വാസപ്രമാണം ചൊല്ലുമ്പോഴും, കാസാ-പീലാസാ ഉയർത്തുമ്പോഴുമെല്ലാം ത്രിത്വത്തെ ആരാധിക്കുന്നു. മാത്രവുമല്ല, നാം ത്രിത്വവുമായുള്ള കൂട്ടായ്മയിലാണ് ജീവിക്കുന്നത് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഉദാഹരണമായി കാസാ-പീലാസാകൾ ഉയർത്തുമ്പോഴത്തെ പ്രാർത്ഥന ശ്രദ്ധിക്കുക: 'കരുണയോടെ ലോകത്തെ സൃഷ്ടിച്ച ഏകപിതാവ് നമ്മോടുകൂടെ; തന്റെ വിലയേറിയ കഷ്ടാനുഭവങ്ങൾമൂലം ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ: ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തെയും പൂർണ്ണമാക്കുന്ന ജീവനുള്ള ഏക പരിശുദ്ധ റൂഹായും നമ്മോടുകൂടെ. കർത്താവിന്റെ തിരുനാമം എന്നേയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ'.

## 2. വി. കുർബ്ബാന പാപപരിഹാരം നൽകുന്നു

വി. കുർബ്ബാനാനുഭവത്തിലൂടെ നമ്മുടെ പാപങ്ങൾ പരിഹരിക്കപ്പെടുന്നതായി നാം വിശ്വസിക്കുന്നു. അതുകൊണ്ടാണ് മാനസാന്തരപ്പെട്ട് വി. കുമ്പസാരം നടത്തുന്നവർ വി. കുർബ്ബാനയനുഭവിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നത്. വി. കുമ്പസാരത്തിലൂടെ നമുക്ക് വാഗ്ദാനമായി ലഭിക്കുന്ന പാപപരിഹാരം വി. കുർബ്ബാനയിലൂടെ നാം പ്രാപിക്കുന്നു. വി. കുർബ്ബാനാനുഭവം ഇല്ലാ എങ്കിൽ കുമ്പസാരം അപൂർണ്ണമായിത്തീരുന്നു; അതുകൊണ്ടാണ് ജനങ്ങൾ വി. കുർബ്ബാന നൽകുവാനായി കാസാ-പീലാസകൾ പടിഞ്ഞാറോട്ട് ആഘോഷമായി കൊണ്ടുവരുന്ന പട്ടക്കാരൻ ഇപ്രകാരം ചൊല്ലുന്നത്: ''ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും, ഞങ്ങളുടെ വർഗ്ഗത്തിന്റെ നിത്യമായ പുതുക്കത്തിനുമായി വരുവാനിരിക്കുന്ന ദൈവപുത്രാ, പാപപരിഹാരം നൽകുന്ന നിന്റെ ബലിപീഠത്തിൽ നിന്ന് നിന്റെ ദാസർക്കായി പാപപരിഹാരം ഇറങ്ങുമാറാകണമെ''.

## 3. വി. കുർബ്ബാന രക്തരഹിതമായ ബലിയാണ്

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആദിമകാലങ്ങളിൽ മനുഷ്യൻ ബലിയർപ്പിച്ചിരുന്നു. സ്വന്തം മകനായ യിസഹാക്കിനെ ബലിയർപ്പിക്കുവാൻ തയ്യാറാകുന്ന അബ്രഹാമിനെയും (ഉൽപ്പ. 22), യുദ്ധം ജയിക്കുന്നതിന് സ്വന്തം മകളെ ബലിയർപ്പിക്കുവാൻ നേർച്ചനേർന്ന യിപ്താഹ് എന്ന ന്യായാധിപനെയും (ന്യായാ. 11) നാം പഴയനിയമത്തിൽ കാണുന്നുണ്ട്. എന്നാൽ ക്രിസ്തുവിലൂടെ ഇത്തരം ബലിയർപ്പണങ്ങൾക്കവസാനം വന്നിരിക്കുകയാണ്. 'സ്വന്തയാഗംകൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായ' ക്രിസ്തുവിന്റെ ബലിയാണ് വി. കുർബ്ബാനയിൽ നാം അനുസ്മരിക്കുന്നത് (എബ്രാ. 9:23-28). ഇനി 'മഹാപുരോഹിതൻ ആണ്ടുതോറും അന്യരക്തത്തോടുകൂടി വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ അവൻ തന്നെത്താൻ കൂടെക്കൂടെ അർപ്പിക്കേണ്ട ആവശ്യമില്ല' (എബ്രാ. 9:25). ഒരിക്കലായി നടന്ന ക്രൂശിലെ യാഗം യുഗാന്ത്യത്തോളം നമ്മുടെ രക്ഷയ്ക്കായി ഭവിച്ചിരിക്കയാണ്. യാഗവസ്തുവും, യാഗമർപ്പിക്കുന്നവനും ക്രിസ്തുവിൽ ഒന്നായിത്തീർന്നിരിക്കുന്നു. വി. കുർബ്ബാനയർപ്പിക്കുമ്പോൾ ഈ ബലിയനുഷ്ഠാനം നാം അനുസ്മരിക്കുകയാണ്. നാം വി. കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നത്. ''വഴിതെറ്റിപ്പോയ ആടുകളെ തിരിച്ചു കൊണ്ടുവരാനായി മഹത്തായ തന്റെ മനുഷ്യസ്നേഹത്താൽ സ്വന്തപുത്രനെ ലോകത്തിലേക്കയച്ച

പിതാവാം ദൈവമെ! രക്തരഹിതമായ ഈ ബലിയനുഷ്ഠാനത്തെ നീ നിരസിക്കരുതെ" എന്നാണ്.

**4. വി. കുർബ്ബാനയിൽകൂടി നാം രക്ഷാകരസംഭവങ്ങളിൽ പങ്കാളികളാവുന്നു**

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ മുഴുവൻ വിശുദ്ധ കുർബാനയിലൂടെ നാം ആവർത്തിക്കുന്നത് എന്തിനാണ്? മശിഹായുടെ ജനനത്തെപ്പറ്റിയുള്ള പ്രവചനങ്ങളും, ജനനസമയത്തെ സംഭവങ്ങളും, പരസ്യശുശ്രൂഷയിലെ പ്രബോധനങ്ങളും, കുരിശുമരണവും, ഉയിർത്തെഴുന്നേൽപ്പും, സ്വർഗ്ഗാരോഹണവും, രണ്ടാമത്തെ വരവുമൊക്കെ നാം വി. കുർബ്ബാനയിൽ ഓർക്കുക മാത്രമല്ല, അതിനൊക്കെയും സാക്ഷികളായിത്തീരുകയും ചെയ്യുന്നു. വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ ഇനി നാം പറയുന്ന സുവിശേഷം 'ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും ഞാൻ നോക്കിയതും ഞങ്ങളുടെ സ്വന്തകൈകൊണ്ട് തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച്' തന്നെയാണ് (1 യോഹ. 1:1-2). ജഢാവതാരം ചെയ്ത ജീവന്റെ വചനത്തെ നാം വി. കുർബ്ബാനയിലെ സംഭവങ്ങളിലൂടെ കാണുകയും, കേൾക്കുകയും, നോക്കുകയും, സ്പർശിക്കുകയും, രുചിക്കുകയും ചെയ്യുന്നു. പ്രൊട്ടസ്റ്റന്റുകാർ പറയുന്നതുപോലെ ഇതു വെറും ഒരു 'അനുസ്മരണമല്ല': മറിച്ച് ക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങളിലെ സജീവമായ പങ്കാളിത്തമാണ് (living participation). വിശ്വാസി കാലത്തെയും സ്ഥലത്തെയും (time and space) അതിജീവിച്ച് യുഗാന്ത്യകാലത്തോളം നിലനില്ക്കുന്ന ഒരു യാഥാർത്ഥ്യത്തിന് ഉടമകളായിത്തീരുന്നു.

**5. വി. കുർബ്ബാനയിൽ സർവ്വസൃഷ്ടിയും, സ്വർഗ്ഗീയരും ഭൗമികരും എല്ലാം ഒന്നിക്കുന്നു**

നാം വി. കുർബ്ബാനയിലൂടെ ഒരു സ്വർഗ്ഗീയ ആരാധനയിൽ സമ്മേളിക്കുകയാകുന്നു. സകല സൃഷ്ടിയും, സ്വർഗ്ഗീയരും ഭൗമികരും ഈ ആരാധനയിൽ പങ്കുചേരുന്നു. 'സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഭൂമി, സമുദ്രങ്ങൾ, സ്വർഗ്ഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാർ, മാലാഖമാർ...' തുടങ്ങിയവർ ദൈവത്തെ മഹത്വപ്പെടുത്തുന്ന കൂട്ടത്തിൽ നാമും ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. മാലാഖമാരും ക്രിസ്തുവിന്റെ നാമത്തിൽ നിദ്രകൊണ്ടവരുമെല്ലാം ഈ ആരാധനയുടെ ഭാഗഭാക്കുകളാണെന്ന് വെളിപാടു പുസ്തകം നമ്മെ പഠിപ്പിക്കുന്നു (വെളി. 4-7). സർവ്വ സൃഷ്ടിയും അതിലെ സകലചരാചരങ്ങളും മൃഗങ്ങളും സസ്യങ്ങളുമെല്ലാം

തന്നെ ദൈവത്തെ സ്തുതിക്കുന്നവരാണെന്ന സങ്കല്പം സങ്കീർത്ത നക്കാരന്റെ പാട്ടുകളിലുണ്ട് (സങ്കീ. 19:107). ഈ പ്രപഞ്ചം മുഴുവൻ ചേർന്ന് ദൈവത്തെ സ്തുതിക്കുമ്പോൾ നാം അതിലൊരു ഭാഗ മായിത്തീരുകയാണ്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോ ഭങ്ങളും കണ്ട് ഭയന്നിരിക്കുന്ന ജനം ഓർക്കേണ്ടത് നമ്മെ ദൈവം സൃഷ്ടിയുടെ 'കാര്യവിചാരകന്മാരായി' നിയമിച്ചു എന്നാണ്. നാം ഒരിക്കലും അതിന്റെ 'അധിപന്മാ'രല്ല. നമ്മുടെ ദൗത്യം ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തെ ദൈവത്തിന്റെ തിരുവിഷ്ടമനുസരിച്ച് പരിപാലിക്കുവാൻ ഉള്ള വിവേകം പ്രകടിപ്പിക്കുകയാണ്. പല സഭ കളുടെയും ആരാധനയിൽ സംബന്ധിക്കുമ്പോൾ അതുകേവലം മനുഷ്യന്റെ മാത്രം രക്ഷയെപ്പറ്റി പ്രതിവാദിക്കുന്ന അവസരങ്ങളായി കാണാം. നമ്മുടെ ശ്രേഷ്ഠമായ വി. കുർബ്ബാനയിൽ ജീവിച്ചിരിക്കു ന്നവരും കർത്താവിൽ നിദ്രപ്രാപിച്ചവരും, വിശുദ്ധരും, മാലാഖമാരും എല്ലാം സമ്മേളിക്കുകയാണ്. മാത്രവുമല്ല സർവ്വചരാചരങ്ങളും ദൈവത്തെ സ്തുതിക്കുന്ന കൂട്ടത്തിൽ നാമും പങ്കുചേരുകയും ചെയ്യുന്നു.

ഇപ്രകാരം ശ്രേഷ്ഠമായ വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും, കർത്താവിന്റെ തിരുശരീരം അനുഭവിക്കുന്നവരും വി. കുർബ്ബാനയ്ക്കു ശേഷമുള്ള ജീവിതത്തിൽ ചില ചിട്ടകൾ വരുത്തേണ്ടതുണ്ട്. നാം വെറും 'കാഴ്ചക്കാരോ', 'കടന്നുപോകുന്നവരോ' അല്ല. നാം കർത്താ വിന്റെ രക്ഷാകര സംഭവത്തിലെ സജീവ പങ്കാളികളാണ്. അതുകൊണ്ട് വി. കുർബ്ബാനയ്ക്കുശേഷവും അതേ ആത്മാവിൽ വേണം നമ്മുടെ വിചാരവും, വാക്കുകളും, പ്രവൃത്തികളും ക്രമീകരിക്കുവാൻ. പൗരസ്ത്യ ചിന്തയിൽ ഇതിനെ 'liturgy after the liturgy' എന്നുപറയും. 'ആരാ ധനയ്ക്കുശേഷമുള്ള ആരാധന'യാണ് നമ്മുടെ പരസ്യജീവിതം.

## ചിന്തിക്കുക

1. വി. കുർബ്ബാന ത്രിത്വാരാധനയിലുള്ള സംബന്ധമാണ്: തെളി യിക്കുക.
2. വി. കുർബ്ബാനയിലൂടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങ ളിൽ നാമും പങ്കാളികളാകുകയാണ് എന്നു പറയുവാൻ കാര ണമെന്ത്?
3. വി. കുർബ്ബാന സ്വർഗ്ഗീയ ആരാധനയാണെന്നു തെളിയിക്കുക.
4. 'ആരാധനയ്ക്കുശേഷമുള്ള ആരാധന' എന്ന പ്രയോഗം വിശദീകരിക്കുക.

# ഗ്രന്ഥസൂചിക


1. ബിഷപ്പ് എച്ച്. പെക്കൻഹാം വാൽഷ്, വി കുർബ്ബാന: ഒരു ധ്യാനാത്മക പഠനം (1941) തിരുവല്ല: CSS, 2005
2. അഭി. മാത്യൂസ് മാർ ബർന്നബാസ്, വി. കുർബ്ബാനയുടെ ലഘുപഠനം, അഞ്ചാം പതിപ്പ്, കോട്ടയം: OSSAE, 1992
3. ഫാ. ജി. ജോൺ (അഭി. യൂഹാനോൻ മാർ തേവോദോറോസ്), സ്വർഗ്ഗീയമന്ന, മാവേലിക്കര: സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, 1989
4. ഫാ. ബി. വറുഗീസ്, യാക്കോബിന്റെ അനാഫോറാ, കോട്ടയം: SEERI
5. ഫാ. ബി. വറുഗീസ്, അബ്ബാ പിതാവേ: ക്രിസ്തീയ ആരാധന– ഒരു പഠനം, ദിവ്യബോധന ഗ്രന്ഥാവലി 8, കോട്ടയം: ഓർത്തഡോക്സ് സെമിനാരി, അഞ്ചാം പതിപ്പ്, 2012
6. ഫാ. ബി. വറുഗീസ്, ആത്മാവിലും സത്യത്തിലും, ദിവ്യബോധന ഗ്രന്ഥാവലി 18, രണ്ടാം പതിപ്പ്, കോട്ടയം: ഓർത്തഡോക്സ് സെമിനാരി, 2004
7. ഫാ. ജോൺസ് ഏബ്രഹാം, ശുശ്രൂഷക മിത്രം, കോട്ടയം: എം.ഒ.സി. പബ്ലിക്കേഷൻസ്, 2013
8. ഫാ. കുര്യാക്കോസ് മൂലയിൽ, ജീവന്റെ അപ്പം; വി. കുർബ്ബാനാവ്യാഖ്യാനം, കോട്ടയം : ആശ്രമം പ്രസ്, 1990
9. റവ. ഏബ്രഹാം ഫിലിപ്പ്, വി. കുർബ്ബാന ഒരു പഠനം, തിരുവല്ലാ: സി.എസ്.എസ്. 2012
10. സി.കെ. വറുഗീസ്, ജീവനുള്ള ബലി, ഒമ്പതാം പതിപ്പ്, പന്തളം: തുരുത്തേൽ പ്രസ്, 2008